Date of publication : 1 മാർച്ച് 2023
വോള്യം 18/ലക്കം 35
ISSN 2319-9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത





# സംഘടിത കൂട്ടായ്മയിൽ

## കണ്ണിചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായി സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാധ്യമ അവലോകനങ്ങൾ, പഴയ കുടുംബ ഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ - പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും - ക്ഷണിക്കുന്നു. താൽപര്യമുള്ളവർ

**sanghadithacalicut@gmail.com**


എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺനമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

www.sanghaditha.com

YouTube

# അന്വേഷിയുടെ

# യൂട്യൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്യുക




പ്രിയ സുഹൃത്തുക്കളേ, മൂന്നു പതിറ്റാണ്ടുകളായി സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ചെറുക്കാനും ഒരു സ്ത്രീപക്ഷ ഇടം സൃഷ്ടിക്കാനും കോഴിക്കോട് രൂപീകരിച്ച ഒരു ഫെമിനിസ്റ്റ് സംഘടനയാണ് അന്വേഷി. അതിദുർഘടമായ, വെല്ലുവിളികൾ നിറഞ്ഞ ആ യാത്രയുടെ കഥകൾ ലോകം മുഴുവനുമുള്ള മലയാളികളെ അറിയിക്കാനുദ്ദേശിച്ചുകൊണ്ട് ഞങ്ങൾ ഒരു യൂട്യൂബ് ചാനൽ തുടങ്ങിയിരിക്കുന്നു. അതിന്റെ 3 എപ്പിസോഡുകൾ ഇതിനുള്ളിൽ കഴിഞ്ഞിരിക്കുന്നു. അതിന്റെ ലിങ്ക് ഇതോടൊപ്പം താഴെ കൊടുക്കുന്നു. എല്ലാവരും ഈ ചാനൽ സബ്സ്ക്രൈബ് ചെയ്യുകയും സുഹൃത്തുക്കൾക്കും വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയയിലും ഷെയർ ചെയ്തു അവരോടെല്ലാം അത് സബ്സ്ക്രൈബ് ചെയ്യാൻ അഭ്യർത്ഥിക്കുകയും ചെയ്യുമല്ലോ.

YouTube Anweshi

Anweshi Women's Counselling Centre, Kuthiravattom P.O Nr.Madakkuni Temple Kozhikode, Kerala,
www.anweshi.org

# സംഘടിത

സംഘടിത/മാർച്ച് 2023/വോള്യം 19/ലക്കം 35






**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**അതിഥി പത്രാധിപ :**
ബിന്ദു മേനോൻ മണ്ണിൽ
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ.ജാൻസി ജോസ്
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഗാർഗി ഹരിതകം
**ഉപദേശകസമിതി** :
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട്, കവർ & വെബ്സൈറ്റ്** :
സുവിജ കെ.



**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com



Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4



**ജാതിയുടെ അശ്ലീലത :**
**പ്രൊഫസർ ശൈലജ പൈകുമായി ഒരു സംവാദം**
ഡോ.കല്യാണി കെ./വിവർത്തനം : ബിന്ദു മേനോൻ മണ്ണിൽ 6

**സാബ മഹ്മൂദ് ഫെമിനിസത്തിനും സെക്യൂലറിസത്തിനും**
**പുനർവിചിന്തനം വേണമെന്നു വാദിച്ച ചിന്തക**
ഡോ. ഷെറിൻ ബി.എസ്. 15

**ജെൻഡർ വിമർശത്തിന്റെ സൈബോർഗ് വഴികളും**
**കലാചരിത്രവും**
ഡോ. കവിത ബാലകൃഷ്ണൻ 26

**ഫെമിനിൻ മിസ്റ്റിക്**
മായ എസ്. 33

**ഏഞ്ജല ഡേവിസ്**
ഡോ. സിന്ധു ജോസ് 42

**സുൽഫിയ സന്തോഷ്**
ജൂഡിത്ത് ബട്ട്ലർ 49

**സിൽവിയ ഫെഡിറിച്ചി**
നജ്മ ജോസ് 53

**ആരാണ് ഫ്രാങ്കെൻസ്റ്റീൻ?**
ആബ മുരളീധരൻ 63

**മുസ്ലിം സ്ത്രീകളുടെ അവകാശപ്പോരാട്ടങ്ങൾ**
**പുതിയ തലത്തിലേക്ക്**
**പെൺപക്ഷം /അജിത കെ.** 68

**സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ച്**
**നമുക്കിങ്ങനെ പറഞ്ഞു കൊണ്ടിരിക്കാം**
വാസ്തവം /ഡോ.ജാൻസി ജോസ് 69

**ഈ സീബ്രാ ക്രോസിങ്ങ്**
**സീബ്രകൾക്കുള്ളതോയെന്ന് നമ്മൾ തമാശ പറയുമ്പോൾ**
കവിത /പ്രസന്ന ആര്യൻ 70

വര : പ്രസന്ന ആര്യൻ

**ബഹിരാകാശപ്പറക്കലിനൊരുങ്ങി റയ്യാന ബർനാവി**
ശാസ്ത്രം /**സീമ ശ്രീലയം** 71



ഷീബ കെ.എം.

ഫാഷിസത്തെ ജനാധിപത്യ വഴികളിലൂടെ തോൽപ്പിക്കാനുള്ള പരിശ്രമങ്ങൾക്ക് വീണ്ടും തിരിച്ചടിയായി. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലങ്ങൾ തീവ്രമായ വലതുപക്ഷവൽക്കരണത്തിന്റെ മറ്റൊരു അധ്യായമായി. ഏറെ കാലം ഇടതുപക്ഷ ഭരണം നിലനിന്ന ത്രിപുരയിൽ പോലും ജനങ്ങൾ വലതുപക്ഷത്തേക്കാണ് ആപൽക്കരമായി ചാഞ്ഞത് എന്നത് അപ്രതീക്ഷിതമല്ലെങ്കിലും നിരാശാജനകമായി. പേശീമിടുക്കിന്റെ രാഷ്ട്രീയ മരുപ്പച്ചകളിൽ ജനങ്ങൾ സ്വന്തം ജീവിതപ്രശ്നങ്ങൾക്കുള്ള ആശ്വാസങ്ങൾ കണ്ടെത്തുന്ന അവസ്ഥ എങ്ങനെ മാറും? ഈ ഇരുളിലും പ്രതീക്ഷയുടെ നേർത്ത രേഖകൾ തെളിച്ചത് കെൻസെ, സൽഹെറ്റനു ക്രുസ് എന്നിവരുടെ തെരഞ്ഞെടുപ്പ് വിജയം നാഗാലാണ്ട് നിയമസഭയിലേക്കുള്ള ആദ്യ സ്ത്രീപ്രവേശം കുറിച്ചു എന്നുള്ളത് മാത്രമാണ്.

സ്വവർഗ്ഗവിവാഹങ്ങൾ ഇന്ത്യൻ പാരമ്പര്യത്തിനും വ്യവസ്ഥാപിത കുടുംബഘടനയ്ക്കും എതിരാണെന്നുള്ള നിലപാടുമായി കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ അഫിഡവിറ്റ് സമർപ്പിച്ചതിനെ അപലപിക്കുന്നു. ഈ ബന്ധങ്ങൾ ക്രിമിനൽ കുറ്റമല്ലാതാക്കി കല്പിക്കപ്പെട്ടിട്ടും തുടരുന്ന ഇത്തരം നടപടികൾ ഉൾച്ചേർക്കൽ സാധ്യമല്ലാത്ത വിധമുള്ള ബഹിഷ്കൃത സമൂഹവിഭാഗങ്ങളെ നിലനിർത്താൻ മാത്രമേ സഹായിക്കൂ.

ആദിവാസികളുടെ മരണം / ആത്മഹത്യ / കൊലപാതകം ഒന്നും വാർത്തയാകാത്ത തരത്തിലുള്ള സാംസ്ക്കാരിക അധിനിവേശബോധ പരിസരങ്ങളിലാണ് നാം ജീവിക്കുന്നത് . കള്ളനെന്ന് മുദ്രകുത്തപ്പെട്ട അപമാനപീഡിതാവസ്ഥയിൽ വിശ്വനാഥനെന്ന ആദിവാസി സ്വന്തം ജീവൻ ഉപേക്ഷിച്ചപ്പോൾ പൊതുസമൂഹത്തിന് ആത്മഹത്യ മാത്രമായിരുന്നു അത്. വ്യവസ്ഥയാൽ കൊലചെയ്യപ്പെടുന്ന അരികുവൽക്കരിക്കപ്പെട്ടവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്ന ഹിംസാത്മകമായ സാമൂഹ്യാവസ്ഥയാണ് നിലനിൽക്കുന്നത്. പിറന്നു വീണ കുഞ്ഞിനെ പോലും കാണാൻ നിൽക്കാനാവാതെ പിൻവാങ്ങേണ്ടിവന്ന ഒരു അച്ഛന് എവിടെയാണ് നീതിയുടെ വാഗ്ദാനം?

രരര യുടെ ഓസ്ക്കാർ ലബ്ധിയിൽ ഉണ്ടായ ആഹ്ളാദം 'എലിഫെന്റ് വിസ്പറർസ്' ന്റെ വിജയത്തിൽ ഉണ്ടായോ എന്ന് സംശയം. ഇതിന് പിന്നിൽ പ്രവർത്തിച്ച ഗുനീത് മോംഗ , കാർത്തികി ഗോൻസാൽവസ് എന്നീ രണ്ട് സ്ത്രീകൾക്ക് ലഭിച്ച ഉന്നത അംഗീകാരമായിരുന്നു അത്. ഏറ്റവും ഹൃദ്യമായി ഈ വിഷയം കൈകാര്യം ചെയ്യാൻ അവർക്ക് കഴിഞ്ഞതിൽ സന്തോഷം , അഭിമാനം, അഭിനന്ദനങ്ങൾ!

തന്റെ സ്വതസിദ്ധമായ ശൈലിയിൽ മലയാളികളെ ഏറെ ചിരിപ്പിച്ച, സ്ത്രീകൾ അധികം കടന്നുചെല്ലാത്ത നർമ്മ പ്രകടന മേഖലയിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച സുബി സുരേഷ് നമ്മെ വിട്ടുപിരിഞ്ഞു. അനുശോചനങ്ങൾ രേഖപ്പെടുത്തട്ടെ.

വീണ്ടും ഒരു മാർച്ച് മാസം. പുരുഷാധിപത്യ വ്യവസ്ഥയ്ക്കെതിരെ സ്ത്രീകൾ രണ്ടു നൂറ്റാണ്ടായി അന്താരാഷ്ട്ര തലത്തിൽ നടത്തി വരുന്ന പോരാട്ടങ്ങളെ സ്മരിക്കാൻ ഒരു ദിനം. സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള പാരസ്പര്യങ്ങളിലാണ് സ്ത്രീവാദപ്രവർത്തനം ഊന്നുന്നത്. ബിന്ദു മേനോൻ മണ്ണിൽ അതിഥിപത്രാധിപയായി സ്ത്രീവാദ ചിന്ത എന്ന വിഷയം കൈകാര്യം ചെയ്യുന്ന മാർച്ച് മാസം സംഘടിത അന്താരാഷ്ട്ര വനിതാദിന ആശംസകളോടെ സമർപ്പിക്കട്ടെ.

# അതിഥിപത്രാധിപക്കുറിപ്പ്

**ബിന്ദു മേനോൻ മണ്ണിൽ**
അധ്യാപിക, മീഡിയ സ്റ്റഡീസ്
അസിം പ്രേംജി സർവകലാശാല
ബെംഗളൂരു



സംഘടിതയുടെ സ്ത്രീവാദദർശനത്തെ കുറിച്ചുള്ള ലക്കത്തിന്റെ പത്രാധിപത്യം ഏറ്റെടുക്കാമോ എന്ന ചോദ്യം എന്നെ പല സന്ദേഹങ്ങളിലേക്കാണ് നയിച്ചത്. സ്ത്രീവാദ ദർശനത്തിന്റെ വൈവിധ്യമാർന്നതലങ്ങളെ കുറിച്ചുള്ള പലതരം ആലോചനകളിലേക്കും ആ ചോദ്യം എന്നെ വീണ്ടും കൊണ്ട് പോയി. പലധാരകളിലായി വിവിധ സാമൂഹിക സാഹചര്യങ്ങളിൽ ഉയർന്നു വന്നിട്ടുള്ള സ്ത്രീവാദ ചിന്തകരും ചിന്താപദ്ധതികളുമുണ്ട്. ഇവയിൽ ഏതാണ് തിരഞ്ഞെടുക്കേണ്ടത് എന്നത് കുഴപ്പിക്കുന്ന ചോദ്യമാണ്.

സ്ത്രീവാദ ചിന്ത പാശ്ചാത്യഇടങ്ങളിൽ മാത്രം ഉയർന്നു വരുന്ന ഒന്നാണോ എന്നതാണ് പ്രാഥമികമായ ചോദ്യം. സ്ത്രീവാദ സിദ്ധാന്തങ്ങളുടെ നേർ വിവർത്തനങ്ങൾ മലയാളത്തിൽ ലഭ്യമായി തുടങ്ങുന്നത് തൊണ്ണൂറുകളിലാണ്. സ്ത്രീവാദ സിദ്ധാന്തങ്ങളുടെ ധൈഷണിക യാത്രകളും വിവർത്തനവും നേരിടുന്ന പ്രശ്നനങ്ങളെന്തു എന്ന് വളരെ പെട്ടെന്ന് തന്നെ മേരി ജോണിനെ പോലെയുള്ള സ്ത്രീവാദചിന്തകർ ഉന്നയിച്ചു തുടങ്ങി. ഉദാഹരണത്തിന് മൂന്നാം ലോകത്തു (പോസ്റ്റ് കോളനി) ജീവിക്കുന്ന സ്ത്രീവാദ പ്രവർത്തകർ ഏർപ്പെടുന്ന വിവർത്തന പ്രക്രിയയുടെ , ചരിത്രപരമായ ഇടങ്ങൾ ( Location ) വിവർത്തനത്തെ വ്യതിരിക്തമായി അടയാളപ്പെടുത്തുന്നതായി തേജസ്വിനി നിരഞ്ജന നിരീക്ഷിക്കുന്നു. ഒന്നിലധികം പുസ്തകങ്ങളിലും ലേഖനങ്ങളിലുമായി സ്ത്രീവാദത്തിന്റെ കേരള ചരിത്ര പരിസരത്തെ കുറിച്ച് ജെ ദേവിക വിശദമായി അപഗ്രഥിച്ചിട്ടുണ്ട് . അന്ന ചാണ്ടി, ലളിതാംബിക അന്തർജ്ജനം, കെ സരസ്വതി 'അമ്മ തുടങ്ങിയഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രാഷ്ട്രീയപ്രവർത്തനത്തിലും എഴുത്തിലും ഏർപ്പെട്ടിരുന്ന സ്ത്രീകളുടെ രചനകളിലെ പല പദപ്രയോഗങ്ങളെയും, ചരിത്രവത്ക്കരിക്കുകയും, സ്ത്രീവാദ രാഷ്ട്രീയ മാനങ്ങളുള്ള പരികല്പനകളായി വായിക്കുകയും ചെയ്യുന്നുണ്ട് ദേവിക. സ്ത്രീവാദ പദാവലി സ്ഥാപനവതകൃതമല്ലാത്ത സംവിധാനങ്ങളുടെയും പ്രാദേശിക പദാവലികളിലൂടെയും വികസിക്കുന്ന ഒന്നായാണ് ദേവിക വിവക്ഷിക്കുന്നത്. ഇത്തരം പ്രാദേശിക പദാവലികൾ വികസിച്ചിട്ടുള്ളത് പലപ്പോഴും രാഷ്ട്രീയ ഭാവനകളുടെ ചുവടു പിടിച്ചാണ് എന്നും കാണാം.

ദളിത് ഫെമിനിസം, ബ്ലാക്ക് ഫെമിനിസം, തുടങ്ങി വിവിധ ധാരകളിലുള്ള സ്ത്രീവാദങ്ങൾ ജ്ഞാനസിദ്ധാന്തത്തെ കുറിച്ച് പല മൗലിക ചോദ്യങ്ങളും ഉന്നയിക്കുന്നുണ്ടു. സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ബന്ധം, സിദ്ധാന്തത്തെ പ്രയോഗത്തിൽ നിന്ന് വേർതിരിക്കുന്നതെങ്ങിനെ തുടങ്ങിയ ചോദ്യങ്ങളും സ്ത്രീവാദ സിദ്ധാന്തം എന്ന സംജ്ഞക്കു കീഴിൽ അണിനിരത്താവുന്നതെന്തൊക്കെ എന്ന സന്ദേഹത്തിനു ആഴം കൂട്ടുന്നു.

നിലവിലെ ധാർമ്മിക, സാമൂഹിക, രാഷ്ട്രീയ ചോദ്യങ്ങളിലും വെല്ലുവിളികളിലും ഇടപെടാൻ ശ്രമിക്കുകയും, തന്നെ ഒരു വിപുല പദ്ധതിയായി നിർവചിക്കുകയും, പ്രതിരോധത്തിന്റെ ഒരു പ്രധാന ഇടമായി സങ്കല്പിക്കുകയും ചിന്തകരെയാണ് വായനക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. അതെ സമയം , സ്ത്രീവാദ ദർശനത്തിന്റെ വിള്ളലുകൾ മായിച്ചു കളയുന്നതിലല്ല, 'വിള്ളലുകൾ പുനഃസ്ഥാപിക്കുക'ആവശ്യമായി വന്നേക്കാം എന്ന ധാരണയാണ് ഈ ലേഖനങ്ങളെ നയിക്കുന്നത് പുനഃസ്ഥാപത്തെ അർത്ഥവത്തായ ഒന്നായി എടുത്തു കാട്ടുന്നതിനു പകരം നമ്മൾ പലപ്പോഴും സ്വീകരിക്കുന്ന പരമ്പരാഗത മാർഗം മറയ്ക്കുക എന്നതാണ്. തകർന്ന സെറാമിക്സിന്റെ വിള്ളലുകൾ എടുത്തു കാട്ടുന്ന രീതിയിൽ പുനഃസ്ഥാപിക്കുന്ന ജാപ്പനീസ് കല കിന്റ് സുഗിയുടെ ധാർമ്മിക ചിന്താ സമ്പ്രദായം ഈ കാര്യത്തിൽ സവിശേഷമായ ഉൾക്കാഴ്ചയുള്ളതാണ്. ഇത്തരത്തിൽ വിള്ളലുകളുമായി ബന്ധപ്പെടുന്ന ചോദ്യങ്ങളെ വിശാലമായ ഇടപഴകലിലൂടെ പരിശോധിക്കുന്ന ചിന്തകരെയും തത്വചിന്ത പദ്ധതികളെയും വിശദീകരിക്കുയാണ് ഈ ലേഖനങ്ങൾ.

ദളിത് സ്ത്രീ ചരിത്രത്തിൽ നവീന പരികല്പനകൾ മുന്നോട്ടു വെക്കുന്ന ഒന്നാണ് ഷൈജ പൈകിന്റെ The Vulgarity of Caste: Dalits, sexuality and Humanity എന്ന പുസ്തകം. ശൈലജയുമായി , സാമൂഹ്യ ശാസ്ത്രജ്ഞയായ കല്യാണി നടത്തുന്ന സംഭാഷണമാണ് ആദ്യത്തേത്. തമാശ നൃത്തനാടക കലാകാരികളുടെ ബഹിഷ്കൃത ജീവി

തങ്ങളും, അവർ നീണ്ടകാലത്തെ പ്രവർത്തനങ്ങളിലൂടെ അംബേദ്കർ മുന്നോട്ടു വെക്കുന്ന മനുഷ്യാന്തസ്സു എന്ന പാരികല്പനയെ സ്വായത്തമാക്കാൻ പ്രയത്നിച്ചത് എങ്ങനെയെന്നും ശൈലജ വിശദീകരിക്കുന്നു. ഈ സംഭാഷണത്തിൽ , ഏറ്റവും ശക്തമായി ഉയരുന്നത് തമാശ കലാകാരികളായ ദളിത് സ്ത്രീകൾ നടത്തിയവിവിധങ്ങളായ സമരപ്രതിരോധങ്ങളുടെയും , കൊടുക്കൽ വാങ്ങലുകളുടെയും , രാഷ്ട്രീയ ഭാഷണങ്ങളുടെയും വാങ്മയ സഞ്ചയമാണ്

ഇസ്ലാമിക ഫെമിനിസത്തിന്റെ പുനർനിർമാനം ആഗോള വടക്കൻ വീക്ഷണകോണിൽ നിന്ന് പ്രധാനമായും രൂപപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ, മുസ്ലീം സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനത്തെക്കുറിച്ച്, ചരിത്രപരമായ ആഗോള അസമത്വങ്ങളുടെ സാഹചര്യത്തിൽ പരിശോധിച്ച പ്രമുഖ തത്വചിന്തകയായിരുന്നു സബ മഹ്മൂദ്. ഒരു വശത്ത് ഇസ്ലാമിന്റെയും ലിംഗഭേദത്തിന്റെയും ചോദ്യവും മറുവശത്ത് പോസ്റ്റ് കൊളോണിയൽ അവസ്ഥയെ പരിഗണിക്കുന്ന ലിബറൽ മതനിരപേക്ഷ ചട്ടക്കൂടും തമ്മിലുള്ള വിള്ളലിനെ ഏറ്റവും സമർത്ഥമായി അപഗ്രഥിക്കുന്നതാന് സബയുടെ രചനകൾ. മതനിരപേക്ഷത ഒരു വലിയ ചോദ്യമായി മാറുന്ന ഇന്ത്യൻ വർത്തമാന കാലത്തു നൈതികതയെ മുൻനിർത്തുന്ന സബയുടെ സ്ത്രീവാദ ചിന്താ പദ്ധതിയിൽ നിന്ന് ഇന്ത്യൻ ഫെമിനിസത്തിനു കടം കൊള്ളാവുന്ന പരികല്പനകൾ എന്തൊക്കെ എന്ന് ഷെറിൻ ബീ എസ് പ്രകാശമാനമായ ഭാഷയിൽ വിശദീകരിക്കുന്നു.

ഡോണാ ഹാരവേയുടെ മുൻനിർത്തി കവിത ബാലകൃഷ്ണൻ അന്വേഷിക്കുന്നത, സ്ത്രീ പുരുഷ ശരീരങ്ങൾ തത്വത്തിൽ, ലിംഗ നിർമിതിയുടെ കെട്ടുകൾ വെടിഞ്ഞു സൈബോർഗുകൾ ആയി മാറാൻ സാദ്ധ്യതകൾ തുറക്കുന്ന സൈബർ ലോകത്തെ സൗന്ദര്യശാസ്ത്ര പരിണാമങ്ങളെകുറിച്ചാണ്പ്രതിനിധാനത്തിലുപരി , ജൈവശരീരവും യന്ത്രികതയും തമ്മിലുള്ള ബന്ധം, സൈബോർഗിൻ ഇടപെടലുകൾ വഴി നോട്ടത്തിനു( gaze) സംഭവിക്കാവുന്ന മാറ്റങ്ങൾ, അധികാരബന്ധവും ലിംഗനീതിയും തുടങ്ങിയ പല ഘടകങ്ങളിലേക്കും ഈ അന്വേഷണം നീളുന്നു.

ലിംഗ ബന്ധങ്ങളെയും സ്ത്രീകളുടെ ജീവിതത്തെയും കുറിച്ചുള്ള ചർച്ചകളിൽ ' feminine mystique" , "the problem that has no name", പദ പ്രയോഗങ്ങൾ പരിചിതമായ രൂപകങ്ങളായി മാറിയിരിക്കുന്നു. സുപരിചിതമെങ്കിലും, ലിബറൽ ഭരണ സംവിധാങ്ങൾക്കു കീഴിൽ ഫ്രീഡൻ യഥാർത്ഥത്തിൽ എന്താണ് എഴുതിയത്, 1960കളിലെ ഫെമിനിസ്റ്റുകൾക്കിടയിൽ ചില ആശയങ്ങൾ എങ്ങനെയാണ് പ്രചരിചത്, ഒടുവിൽ, ഇന്നത്തെ സ്ത്രീവാദ രാഷ്ട്രീയത്തിന് ഇതെല്ലാം എന്താണ് അർത്ഥമാക്കുന്നത്, എന്ത് സാധ്യതകളാണ് തുറക്കുന്നത് എന്നും ചോദിക്കേണ്ടതുണ്ട്. ഈ ചോദ്യങ്ങളാണ് മായാ എസ് ബെറ്റി ഫ്രീഡനെ കുറിച്ചെഴുതിയ ലേഖനത്തിൽ വിശദമായി പരിശോധിക്കുന്നത് .

ഇന്റർസെക്ഷണാലിറ്റിയുടെ ബൗദ്ധിക ചരിത്രത്തെ അടയാളപ്പെടുത്തുമ്പോൾ , വളരെ കുറച്ച് സിദ്ധാന്തങ്ങൾ മാത്രമേ ആഗോള തലത്തിൽ ഇന്റർ ഡിസ്സിപ്ലിനറി സമീപനം സൃഷ്ടിച്ചിട്ടുള്ളൂ എന്ന് കാണാം. ബ്ലാക്ക് സ്ത്രീവാദ തത്വചിന്തയുടെയും സാമൂഹിക നീതിക്കു വേണ്ടിയുമുള്ള പോരാട്ടങ്ങളിലൂടെയും ഉരുത്തിരിഞ്ഞു വന്ന ഈ പരികല്പന ഇന്ന് സ്ത്രീവാദ ചിന്തകളെ നിയമനിർമാണം, സാമൂഹിക നീതിക്കു വേണ്ടിയുള്ള പോരാട്ടം, പ്രതിനിധാനം തുടങ്ങി പല മേഖലകളിലും നയിക്കുന്ന പ്രധാനപ്പെട്ട ഒന്നാണ്. എന്നിരുന്നാലും, ഭൂമിശാസ്ത്രപരവും ദേശീയവുമായ അതിരുകൾ എന്നിവയിലൂടെ ഇന്റർസെക്ഷണാലിറ്റി എങ്ങനെ ചലിക്കുന്നു എന്ന് കൃത്യമായി പ്രതിഫലിപ്പിക്കാനുള്ള ശ്രമങ്ങൾ വളരെ കുറവാണ്. ഈ ചോദ്യങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട്, ആംഗല ഡേവിസിന്റെ ജീവിതം, രാഷ്ട്രീയം, ചിന്ത എന്നിവയിലൂടെ സിന്ധു ജോസ് ഇന്റർസെക്ഷണാലിറ്റിയുടെ ഉത്ഭവത്തെ പ്രതിഫലിപ്പിക്കുന്നു, അതിന്റെ വ്യാപ്തി, സൈദ്ധാന്തിക ശേഷി, ധൈഷണിക യാത്രകൾ, ഭാവി പാതകൾ തുടങ്ങിയവയെ അപഗ്രഥിക്കുന്നു.

ലൈംഗികതയുടെ രാഷ്ട്രീയത്തിലൂടെ ജൂഡിത്ത് ബട്ലറുടെ , ലിംഗപദവിയെക്കുറിച്ചുള്ള പൊളിച്ചെഴുതുകൾ വ്യാപകമായി മലയാളത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ , ബട്ലർ രണ്ടു പതിറ്റാണ്ടു മുൻപ് മുന്നോട്ടു വെച്ച ലിംഗപദവിയുടെ 'പ്രദർശനപരത' ( performativity) എന്നതിനപ്പുറം , ആലേഖന വ്യവഹാരങ്ങളെയും , നൈതിക -നിയമ മേഖലകളെയും ഉൾക്കൊള്ളുന്ന ബട്ലറുടെ നൂതന ആശയ സമുച്ചയങ്ങളെയും ചേർത്ത് വായിക്കാനാണു് സുൽഫിയ സന്തോഷിന്റെ ശ്രമം. അക്രമണോത്സുകതയെ നൈതിക-രാഷ്ട്രീയത്തിന്റെ തന്നെ കേന്ദ്ര ബിന്ദുവായി പരിഗണിച്ചു കൊണ്ട് , ധാർമ്മികതയെയും രാഷ്ട്രീയത്തെയും കുറിച്ചുള്ള പ്രതിഫലനം വ്യക്തമാക്കുന്ന രീതിയാണ് ബട്ലർ അവലംബിക്കുന്നത് . മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സമകാലിക സമൂഹങ്ങളിൽ സവിശേഷമായ ധാർമ്മികത ഉൽപ്പാദിപ്പിക്കുന്ന സാമൂഹിക ജീവിതത്തിനുള്ളിലെ പ്രധാന പ്രതിഭാസമായി

അക്രമത്തെ എങ്ങനെ കാണാമെന്ന് അവർ കാണിച്ചു തരുന്നു. ധാർമികതയെ മുൻനിർത്തിയുള്ള സ്ത്രീവാദ രാഷ്ട്രീയ പ്രയോഗത്തിനാണ് ബട്ലർ ഊന്നൽ നൽകുന്നത്.

സിൽവിയ ഫെഡെറിച്ചി എന്ന ഇറ്റാലിയൻ മാർക്സിസ്റ്റ് പണ്ഡിതയെ കുറിച്ചുള്ള നജ്മ ജോസിന്റെ ലേഖനം , പ്രവാസിയും ഇടതു പക്ഷ രാഷ്ട്രീയത്തിൽ തത്പരയും , കാനഡയിൽ സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന ഒരുവൾ സിദ്ധാന്തത്തെ അഭിമുഖീകരിക്കുന്ന രീതികളെകൂടി വിശദീകരിക്കുന്നു . വീട്ടുജോലിക്കു വേതനം തുടങ്ങിയ അവകാശങ്ങൾക്കു വേണ്ടി വാദിക്കുന്നതിനൊപ്പം, ലൈംഗികതയിലും വംശീയതയിലും മുതലാളിത്തം നടത്തുന്ന നിക്ഷേപം ഏതു രീതിയിൽ എന്ന് ഫെഡെറിച്ചി പരിശോധിക്കുന്നു, മുതലാളിത്ത വ്യവസ്ഥയുടെ ഏകീകരണം സ്ത്രീകളെ കീഴ്പ്പെടുത്തൽ, കറുത്തവർഗക്കാരെയും തദ്ദേശീയരെയും അടിമകളാക്കൽ, കോളനികളുടെ ചൂഷണം എന്നിവയെ എങ്ങനെ ആശ്രയിച്ചിരിക്കുന്നുവെന്ന് വെളിപ്പെടുത്തുന്നു . കൂലിയില്ലാത്ത തൊഴിലാളികൾ–പ്രത്യേകിച്ച് ഗാർഹിക മേഖലയിലും അടിമകളായ തൊഴിലാളികളിലും ഒതുങ്ങിനിൽക്കുന്ന സ്ത്രീകളുടേത്– കൂലിപ്പണിക്ക് ആവശ്യമായ പിന്തുണയാണെന്ന് അവരുടെ പല രചനകളയും പരിചായപ്പെടുത്തിക്കൊണ്ടു വിശദീകരിക്കുന്നു. കൂടാതെ നഴ്സിംഗ് പോലെയുള്ള തൊഴിൽ മേഖലകളിൽ ഈ കാര്യങ്ങൾ എങ്ങനെയാണ് പ്രതിഫലിക്കുന്നത് എന്നുകൂടി നജ്മ പരിശോധിക്കുന്നു.

ആധുനിക കാലത്തെ സാങ്കേതിക വിദ്യയേയും ധാര്മികതയെയും കുറിക്കുന്ന ശക്തമായ ഒരു രൂപകമാണ് ഫ്രാങ്കൻസ്റ്റീൻ ( Frankenstein) എന്ന മേരി ഷെല്ലി 1818ൽ എഴുതിയ നോവൽ. ഷെല്ലി യുടെ നോവലിന്റെ വിശദവായന കൂടാതെ, അതിനെ സമകാലിക പ്രശ്നങ്ങളോ ചേർത്ത് വായിക്കുകയാണ് ആഭ മുരളീധരൻ. ജൈവരാഷ്ട്രീയ അധികാരത്തിന്റെ സ്വാഭാവികവത്കരണത്തിനെതിരെയും അക്രമത്തിനെതിരെയും വിമർശനം ഉന്നയിച്ചു കൊണ്ട്, ഘടനപരവും നൈതികവുമായ പുനർനിർമ്മാണത്തിനു വേണ്ടി വാദിക്കുന്നു. അപരത്വത്തിന്റെ രാഷ്ട്രീയ സങ്കൽപ്പങ്ങളെ വിശദമാക്കുന്നതിൽ ഫ്രാങ്കൻസ്റ്റീൻ ഒരു പ്രധാന രൂപകമാവുന്നു.

പ്രസന്ന ആര്യന്റെ കവിതയും കവിതയോടൊപ്പമുള്ള ചിത്രവും ചേർന്ന്, കറുപ്പും വെളുപ്പുമായ വരകളിൽ ഒതുങ്ങാത്ത സ്ത്രീ ജീവിതങ്ങളെ കുറിക്കുന്നു. സ്ത്രീകളുടെ നിത്യജീവിതത്തിന്റെ അർത്ഥബഹുലത പ്രസരിപ്പിക്കുന്ന പ്രസന്നയുടെ നാലു ചിത്രങ്ങളും ഈ ലക്കത്തിലുണ്ട് കവിതയും ചിത്രങ്ങളും ഒരു പ്രത്യേക ഘടകമായല്ല, ഈ ലക്കത്തിലെ സംഭാഷങ്ങളുടെ തുടർച്ചയായി വായിക്കാൻ പ്രിയ വായനക്കാരെ പ്രേരിപ്പിക്കാൻ ആഗ്രഹിക്കുന്നു .

ഈ ലക്കം സംഘടിത, സ്ത്രീവാദദർശനത്തിന്റെ സമഗ്രപ്രതിനിധാനമാണ് എന്ന് അവകാശപ്പെടാൻ കഴിയില്ല. രണ്ടു കാരണങ്ങളാണ് അതിനുള്ളത് . സമകാലീന സ്ത്രീവാദത്തിൽ പ്രബലരായ ഒട്ടേറെ ചിന്തകരെ ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽ, സ്ത്രീവാദ സംഭാഷണങ്ങളിൽ ഇടപെടുന്ന പ്രമുഖരായ പലരെയും സമയപരിമിതി മൂലം ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല എങ്കിലും, ഈ വ്യത്യസ്ത ചിന്തകളുടെ നൂലിഴകളിലുടനീളം, സ്ത്രീവാദ രാഷ്ട്രീയത്തിലെ പ്രധാനപ്പെട്ട രാഷ്ട്രീയ ഭാവനകളും , അവ തമ്മിലുള്ള പരസ്പര്യങ്ങളും വിള്ളലുകളും സൂചികയായും രൂപകമായും ദൃശ്യമാകുന്നുണ്ട് .

പല തിരക്കുകൾക്കിടയിലും, ലേഖനങ്ങൾ എഴുതാൻ തയാറായ എല്ലാ സുഹൃത്തുക്കൾക്കും, എഡിറ്റിംഗ്, ഡിസൈൻ തുടങ്ങിയവയിൽ സഹായിച്ച സുവിജക്കും, സംഘടിത എഡിറ്റർ ഷീബക്കും അകമഴിഞ്ഞ നന്ദി. കേരളത്തിൽ സ്ത്രീവാദ ചിന്തക്ക്, കൂടുതൽ ദൃശ്യതയും അംഗീകാരവും നേടുന്നതിനുള്ള ഒരു ചെറിയ ശ്രമമായി പ്രിയപ്പെട്ട വായനക്കാർ ഈ ലക്കം സംഘടിതയെ സമീപക്കണമെന്നു അപേക്ഷിക്കുന്നു.

### ഗ്രന്ഥസൂചി


Devika, J. "Being "in-translation" in a post-colony: Translating feminism in Kerala state, India." *Translation Studies* 1.2 (2008): 182-196.

Devika, J.. "Negotiating women's social space: public debates on gender in early modern Kerala, India." *Inter-Asia Cultural Studies* 7.1 (2006): 43-61.

John, Mary E. *Discrepant dislocations: Feminism, theory, and postcolonial histories*. University of California Press, 2021.

Niranjana, Tejaswini. *Siting translation: History, post-structuralism, and the colonial context*. Univ of California Press, 1992.





**ഡോ.കല്യാണി കെ.**
അധ്യാപിക, സോഷ്യൽ
സയൻസ് വിഭാഗം
അസിം പ്രേംജി
സർവകലാശാല
ബെംഗളൂരു

വിവർത്തനം
**ബിന്ദു മേനോൻ മണ്ണിൽ**

# ജാതിയുടെ അശ്ലീലത


## പ്രൊഫസർ ശൈലജ പൈകുമായി ഒരു സംവാദം

**ശൈലജ പൈക്**
പ്രമുഖ ചരിത്രകാരി, സിൻസിനാറ്റി സർവകലാശാലയിൽ ചരിത്ര വിഭാഗം അധ്യാപിക, Dalit Women's Education in Modern India: double discrimination ( Routledge) The Vulgarity of Caste: Dalits, Sexuality, and Humanity in Modern India (Stanford Uty ) തുടങ്ങിയ കൃതികളുടെ രചയിതാവ്.

പ്രൊഫ. ശൈലജ പൈകിന്റെ പുതിയ പുസ്തകമായ The Vulgarity of Caste: Dalits, Sexuality and Humanity in Modern India (Stanford University Press, 2022) ന്റെ പശ്ചാത്തലത്തിൽ ഡോ.കല്യാണി കെ. , ന്യൂ ബുക്സ് നെറ്റ്‌വർക്കിനു വേണ്ടി നടത്തിയ അഭിമുഖത്തിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങളുടെ വിവർത്തനം.

ദളിത് സ്ത്രീവാദ ചിന്തകയും ചരിത്രകാരിയുമായ പ്രൊഫ. ശൈലജ പൈകിന്റെ ജാതിയുടെ അശ്ലീലത/ The Vulgarity of Caste (Stanford University Press, 2022) എന്ന പുസ്തകം 'തമാശ' എന്ന നൃത്തനാടക രൂപത്തെ മുൻനിർത്തി ദളിത് സ്ത്രീ ലൈംഗികതയെക്കുറിച്ചുള്ള ആഴമുള്ള ഒരന്വേഷണമാണ്. ദളിത് സ്ത്രീകൾ പ്രധാന വേഷം കെട്ടുന്ന ലാസ്യപ്രധാനമായ ഈ നൃത്തനാടകരൂപം,

സാമ്പ്രദായിക വ്യവഹാരങ്ങളിൽ ആഭാസം , അശ്ലീലം, അധാർമികം തുടങ്ങിയ പദങ്ങളിലൂടെയാണ് ഏറെയും വിവരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ നിന്ന് വിഭിന്നമായി തമാശകലാകാരിയുടെ നിത്യജീവിതവും , കലാപ്രവർത്തനവും ഇഴചേരുന്ന ഇടങ്ങളെ അപഗ്രഥിക്കാൻ സഹായകരമായ നവീന വിശകലന പദ്ധതിയാണ് അംബേദ്കറുടെ തത്വചിന്തയെ പിന്തുടർന്ന് ശൈലജ വികസിപ്പിച്ചിട്ടുള്ളത്. അംബേദ്കറുടെ ചിന്താപദ്ധതിയിൽ രൂപം കൊണ്ടിട്ടുള്ള മാനുസ്കി അഥവാ മനുഷ്യാന്തസ്സ് എന്ന സംവർഗ്ഗത്തെ ക്രിയാത്മകമായ രീതിയിൽ വികസിപ്പിച്ചു കൊണ്ടാണ് , മുൻ സൂചിപ്പിച്ച വ്യവഹാര പ്രാമാണ്യത ശൈലജ അതിജീവിക്കുന്നത്. ഇതിലൂടെ തമാശ എന്ന നൃത്തനാടകത്തെ ഒരു കീഴാള പ്രതിരോധമായി പുനർവായിക്കുകയും ചെയ്യുന്നു. ഈ പുനർവായന നാളിതു വരെയുള്ള ദളിത് പുരുഷന്മാരുടെ ജീവിതാനുഭവങ്ങളെ മുൻനിർത്തി രൂപപ്പെട്ട വിശകലന മാതൃകകളിൽ നിന്നും വ്യത്യസ്തമായി ദളിത് സ്ത്രീ അനുഭവങ്ങളെ ലിംഗ - ലിംഗപദവി-ജാതി ഘടനയുടെ മധ്യത്തിൽ പ്രതിഷ്ഠിച്ചുള്ള വിശകലനപദ്ധതിക്ക് വഴിയൊരുക്കുന്നു.




ദളിത് രംഗകലകളുടെ ചരിത്രം, ദളിത് സ്ത്രീ ജീവിതങ്ങളുടെ വാക്ചരിത്രം, അംബേദ്കർ തത്വചിന്തയിലെ വാങ്മയങ്ങൾ, ദളിത് സ്ത്രീ ചരിത്ര രചന തുടങ്ങിയ പ്രമേയങ്ങളിലാണ് ഈ അഭിമുഖം ഊന്നൽ നൽകിയിട്ടുള്ളത്. തമാശ എന്ന നൃത്തനാടക രൂപത്തെ, കേവലം സൗന്ദര്യശാസ്ത്രപരമോ സാംസ്കാരികമോ ആയ ചട്ടക്കൂടുകളിൽ ഒതുക്കാതെ, ദളിത് സ്ത്രീ ജീവിതത്തിന്റെ ദൈനംദിന യാഥാർഥ്യങ്ങൾ, തൊഴിൽ, അധ്വാനം, തുടങ്ങിയ നിരവധി പ്രമേയങ്ങളിലൂടെ ഈ പുസ്തകം ദളിത് സ്ത്രീകളുടെ, സവിശേഷമായി തമാശ കലാകാരികളുടെ, ലോകവീക്ഷണത്തെ കേന്ദ്രികരിച്ചു കൊണ്ട് ചരിത്രം രചിച്ചിരിക്കുന്നു. 'മാനുസ്കിയും' ലിംഗനീതിയും തമ്മിലുള്ള ബന്ധത്തെ വിപുലീകരിക്കുന്നതോടൊപ്പം, 'അസ്സിലി'-'അശ്ലീൽ' (ആധികാരികം/അശ്ലീലം) എന്ന ദ്വന്ദ്വപ്രമാണവും ശൈലജ വികസിപ്പിക്കുന്നുണ്ട്. മേൽപറഞ്ഞ സംവർഗങ്ങൾ തമ്മിൽ ഇഴചേരുന്ന വിശകലന പദ്ധതി ദളിത് സ്ത്രീ ലൈംഗികതയെക്കുറിച്ചുള്ള അന്വേഷണങ്ങളിൽ സദാചാര പരിപ്രേക്ഷ്യങ്ങളിൽ നിന്ന് വ്യതിരിക്തമായി നവീന സൈദ്ധാന്തിക സാധ്യതകൾക്കു തുറവി നൽകുന്നു.

*കല്യാണി : പ്രൊഫ. ശൈലജ പൈക്, തമാശ എന്ന നൃത്തനാടക രൂപത്തിനു ദളിത് സ്ത്രീ ജീവിതാനുഭവങ്ങളിൽ കൈവരുന്ന അർത്ഥതലങ്ങൾ താങ്കളുടെ പുസ്തകം വളരെ വിദഗ്ധമായി വിശകലനം ചെയ്യുന്നു. ദളിത് സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചു പ്രവർത്തിക്കുന്ന പശ്ചാത്തലമെങ്കിൽ കൂടി ദളിത് സ്ത്രീ അനുഭവങ്ങൾ ദളിത് പുരുഷന്മാരുടേതിൽ നിന്ന് വിഭിന്നമാണെന്ന് താങ്കൾ പുസ്തകത്തിൽ സ്ഥാപിക്കുന്നുണ്ടല്ലോ. ഈ സാഹചര്യത്തിൽ ദളിത് സ്ത്രീകളും പുരുഷന്മാരും തമ്മിൽ ഉടലെടുക്കുന്ന ബന്ധങ്ങൾ സംഘർഷഭരിതമാണോ? അതോ ഈ അനുഭവങ്ങൾ പരസ്പരം സംയോജിപ്പിക്കുന്നവയാണോ?*

ശൈലജ: തമാശ കലാകാരികളോടും, ചില കലാകാരന്മാരോടും ഒപ്പം അവരുടെ തൊഴിലിടങ്ങളിൽ ചിലവഴിച്ച ദീർഘമായ കാലയളവിൽ ഞാൻ നടത്തിയ ആഴമാർന്ന സംഭാഷണങ്ങളും, നിരീക്ഷണങ്ങളും ആണ് ഈ പുസ്തകത്തിനു ആധാരം. ഒരു ചരിത്രകാരി എന്ന നിലയിൽ എന്നെ സവിശേഷമായി അലട്ടുന്ന ഒന്ന്, പാർശ്വവത്ക്കരിക്കപ്പെട്ട ഇത്തരം ദളിത് സ്ത്രീകളുടെ കഥകൾ/ശബ്ദങ്ങൾ നമ്മുടെ ഔദ്യോഗിക ചരിത്ര രേഖകളിൽ ഇല്ല എന്നതാണ്. ഈ സന്ദർഭത്തിൽ , എ

ങ്ങനെ ഈ ശബ്ദങ്ങൾ രേഖപ്പെടുത്താം എന്നതോടൊപ്പം , എങ്ങനെയാണ് സാമൂഹികമായ ഓർമ്മകളെ മനസ്സിലാക്കേണ്ടത് എന്ന ചോദ്യം പ്രസക്തമാവുന്നു. ഈ ചോദ്യങ്ങളാണ് 1990 മുതലുള്ള എന്റെ ഗവേഷണപ്രവർത്തനങ്ങളെ നയിക്കുന്നത്. ഉദാഹരണത്തിന് ഈ കാലയളവിലെ എന്റെ ഫീൽഡ് വർക്കിലൂടെ ഞാൻ കണ്ടിട്ടുള്ളത് അഞ്ചു തലമുറകളിലായി പടരുന്ന ഓർമകളും ചരിത്രവുമാണ്. ഉദാഹരണത്തിന് മംഗള തായ് ബൻസോഡേയുടേത് പോലെ ഒരു കുടുംബം പല ശാഖകളിലായി, മക്കൾ , കൊച്ചുമക്കൾ, സഹോദരി സഹോദരന്മാർ , മരുമക്കൾ , അമ്മയിമാർ തുടങ്ങി പരന്നു കിടക്കുന്ന ഒന്നാണ്.തീർച്ചയായും സ്ത്രീകളും പുരുഷന്മാരും ഒരു പോലെ പങ്കെടുക്കുന്ന പ്രക്രിയകളാണ് തമാശ നാടക ട്രൂപ് പ്രവർത്തനങ്ങൾ. ഇ



വരിൽ പലർക്കും സ്വന്തമായി ട്രൂപ്പുകളുണ്ട്. പ്രശസ്ത സഹോദരികളായ സുരേഖ തായ് പൂനെകർ, ലത തായ് പൂനെകർ എന്നിവർ പ്രത്യേകമായി ട്രൂപ് നടത്തി വരുന്നു.ഈ രീതിയിൽ, ഒരു കുടുംബത്തിലെ ഒട്ടു മിക്ക അംഗങ്ങളും പങ്കെടുക്കുന്ന കുടുംബവ്യവസ്ഥക്കു തന്നെ ആധാരമായ, ജീവിതവൃത്തിയാണ്. 'ഖാൻധാനി' എന്ന് അവർ വിളിക്കുന്ന ഈ സമ്പ്രദായം. ഇത് അവരുടെ കുടുംബം , പൈതൃകം , വംശപരമ്പര എന്നിങ്ങനെ പല മാനങ്ങളുള്ള ഒരു ജാതി മൂലധന രൂപീകരണമാണ്. കൈലാസ് നാരായൺ ഗാവകാർ പറയുന്നത് ഇങ്ങനെയാണ് , 'എനിക്കും എന്റെ അമ്മക്കും മറ്റൊരു തൊഴിൽ തിരഞ്ഞെടുക്കാനുള്ള അവസരമോ താത്പര്യമോ ഇല്ല. തമാശയാണ് ഞങ്ങളുടെ ലക്ഷ്മി.ഇത് ഞങ്ങൾക്ക് ബിസിനസ് അല്ല മരിച്ചു പൊതുസമൂഹത്തോടുള്ള സേവനമാണ്. ഞങ്ങളുടെ സങ്കടങ്ങളെ മറന്നു കൊണ്ടാണ് ഞങ്ങൾ ഈ സേവനത്തിൽ ഏർപ്പെടുന്നത്."

ചരിത്രപരമായി നോക്കിയാൽ സവർണ പുരുഷന്മാരാണ് തമാശയുടെ രക്ഷാകർതൃത്വം കൈയാളുന്നത്.അവർ തന്നെയാണ് പ്രധാന പ്രേക്ഷകരും തമാശ തൊഴിലിനെ തന്നെ നിന്ദിച്ചും, കേവലം ആനന്ദോപാധികളായി ചുരുക്കുകയും ചെയ്യുന്ന ഈ ജാതി ലൈംഗികാതിക്രമം എന്ന് ഞാൻ പുസ്തകത്തിൽ നാമകരണം ചെയ്തിട്ടുള്ള ഘടനയിൽ തമാശ കലാകുടുംബങ്ങൾക്കും നിർണയിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ ചെയ്യേണ്ടി വരുന്നു. എങ്കിൽത്തന്നെയും പല രീതികളിലൂടെ തമാശ കലാകുടുംബങ്ങൾ ജാതി വ്യവസ്ഥയിലെ വിളുമ്പുകളെ സമർത്ഥമായി ഉപയോഗപ്പെടുത്തുന്നതായി കാണാം. ദളിത് സ്ത്രീകൾ പുരുഷന്മാർ, കുട്ടികൾ, പലപ്പോഴും ട്രാൻസ്ജെൻഡർതുടങ്ങിയ വിഭാഗങ്ങൾ ചരിത്രപരമായി കൈവരിച്ച, സാമൂഹികവും സാംസ്കാരികവുമായ മൂലധനം അവസരമനുസരിച്ചു അവർ വിന്യസിക്കുന്നു.

*കല്യാണി: ശൈലജ , താങ്കൾ നിർമ്മിച്ചെടുത്ത ദളിത് സ്ത്രീ അനുഭവങ്ങളുടെ അസാധാരണമായ ആർകൈവ് , ശ്രദ്ധാപൂർവമായ വികസിപ്പിച്ച സംവർഗങ്ങള് തുടങ്ങിയവ ദളിത് സ്ത്രീ പഠനശാഖക്ക് ഒരു വലിയ മുതൽക്കൂട്ടാണ്. ഇത് എങ്ങനെയാണ് ദളിത് സ്ത്രീ ചോദ്യങ്ങളെ പുനർവിചിന്തനം ചെയ്യുന്നത്? എങ്ങനെയാണ് ഇത്തരം സങ്കല്പവൽക്കരണം മുന്നോട്ട് കൊണ്ടുപോകാനും വികസിപ്പിക്കാനും ദളിത് സ്ത്രീ വാദവുമായി സമന്വയിപ്പിക്കാനും കഴിയുക?*

ശൈലജ :പുസ്തകത്തിൽ ഞാൻ വികസിപ്പിച്ചെടുത്ത സൈദ്ധാന്തിക സങ്കല്പങ്ങളെക്കുറിച്ച് നമുക്ക് വിശദമായി സംസാരിക്കാം. ദളിത് ജീവിതങ്ങളിലൂടെ ഈ സങ്കൽപ്പങ്ങളുടെ ചരിത്രപരമായ വികസനം എങ്ങനെയാണ് നടന്നത് എന്നത് തമാശയുടെ പരിസരത്തിലൂടെ അന്വേഷിക്കുക എന്നതാണ് അടിസ്ഥാനപരമായി ഞാൻ ചെയ്തിട്ടുള്ളത്

ദലിതുകളാണ് ഈ സങ്കല്പങ്ങളെ നിർമ്മിച്ചത്, ഈ നിർമാണ പ്രക്രിയയിലൂടെയാണ് അവർ അവരുടെ 'മനുഷ്യാന്തസ്സ്' എന്ത് എന്ന് മനസ്സിലാ

ക്കാൻ ശ്രമിച്ചത്. ദളിതർ തങ്ങളുടെ പോരാട്ടങ്ങളിലൂടെ മാന്യമായ മനുഷ്യാന്തസ്സ് വീണ്ടെടുക്കാനും, പ്രബല ജാതി ആർക്കൈവുകളിൽ തങ്ങളുടെ സദാചാര പദവി ഉയർത്താനും, കൊളോണിയൽ ഭരണസംവിധാന വ്യവസ്ഥയിൽ തങ്ങളുടെ ആധികാരികത നേടിയെടുക്കാനും ശ്രമിച്ചു. തമാശയും ലാവണിയും അവതരിപ്പിച്ച സവർണ്ണ പരുഷന്മാരെയും സ്ത്രീകളെയും സംബന്ധിച്ചിടത്തോളം (സിനിമകളിലും മറ്റും) ഇത് ഒരു പരീക്ഷണാർത്ഥമുള്ള താൽക്കാലിക ക്രമീകരണമായിരുന്നു, എന്നാൽ ബഹിഷ്കൃത ശരീരികളായ ദളിത് തമാശ കലാകാരികൾ പ്രശസ്തി, ആധികാരികത തുടങ്ങിയ സാധുതകളിൽ നിന്നും ഒഴിവാക്കപ്പെട്ടു.

മനുഷ്യത്വം , ആധികാരികത , അശ്ലീലം എന്നിവയെ ഇണക്കി ചേർത്തു ഞാൻ വികസിപ്പിച്ചിട്ടുള്ള സൈദ്ധാന്തിക ചട്ടക്കൂട് ദളിത് ഫെമിനിസ്റ്റ്

കരിക്കാനും സാധിക്കും.

1920–കളിലാണ് അംബേദ്കർ, ദളിതരെ ഒരു വ്യക്തി/മനുഷ്യനാകാൻ ''മാനുസ്കി" എങ്ങനെ പ്രാപ്തമാക്കും എന്നതിനെക്കുറിച്ച് സംസാരിച്ചു തുടങ്ങുന്നത്. അംബേദ്കർ മാനുസ്കി എന്ന ആശയത്തെ വിശാലമായ സങ്കൽപ്പത്തിലേക്കും രാഷ്ട്രീയത്തിലേക്കും വിന്യസിച്ചു.നന്മ, സ്വയം നൈപുണ്യം, പ്രായോഗിക യുക്തി ഉൾക്കൊള്ളുന്ന അംഗീകാരം തുടങ്ങിയ വിശാലമായ സാധുതകളിൽ നിമജ്ജനം ചെയ്യുന്ന സങ്കൽപനമായാണ് അംബേദ്കർ മാനുസ്കി യെ വികസിപ്പിച്ചത്.അംബേദ്കറെ സംബന്ധിച്ചിടത്തോളം, 'മനുസ്കി' എന്നത് ' ഒരു അടിമയെപ്പോലെ പെരുമാറാതിരിക്കുക' എന്നതാണ് . അതുകൊണ്ടാണ് അദ്ദേഹം 'നമ്മുടേത് മനുസ്കി നേടാനുള്ള പോരാട്ടമാണ്' എന്ന് പ്രഖ്യാപിച്ചത്. മൗലിക സമത്വത്തിന്റെ ധാർമ്മികവും ഭൗ



സിദ്ധാന്തത്തിനു പുതുവഴികൾ തുറക്കുന്നു. സ്ത്രീകൾ, പ്രത്യേകിച്ചു ദലിത് സ്ത്രീകൾ,തമാശ കലാകാരികൾ, മുൻപറഞ്ഞ മനുഷ്യൻ , സ്ത്രീ, തുടങ്ങിയ സംവർഗങ്ങളിലേക്കോ, കലാകാരി എന്ന ആധികാരിക സംവർഗ്ഗത്തിലേക്കോ നാളിതു വരെ പരിഗണിക്കപ്പെട്ടിട്ടില്ല. എന്നാൽ ഈ പുതിയ പരികല്പന സമുച്ചയത്തിലൂടെ ബഹിഷ്കൃത ദളിത് സ്ത്രീകൾക്ക് ഇത്തരം പരികല്പനങ്ങളെ പ്രശ്നവത്ക്കരിക്കാനും അവയെ മൂർത്തീ

തികവുമായ അവകാശവാദങ്ങൾ ഒരുമിച്ച് കൊണ്ടുവരികയും വർഗം, രാഷ്ട്രീയം, മതം എന്നിങ്ങനെയുള്ള വിഭജനങ്ങളിലുടനീളമുള്ള മറ്റുള്ളവരുമായി ബന്ധപ്പെടാനുള്ള കഴിവ് നേടുകയും ചെയ്തു. എന്നിരുന്നാലും, ദളിത് 'തമാശ' കലാകാരികൾക്കു മാനുസ്കി അവകാശപ്പെടാൻ അംബേദ്കർ ഒരു ഇടവും നൽകിയിട്ടില്ലെന്ന് ഞാൻ നിരീക്ഷിക്കുന്നു. ജാത്യാധികാരം 'അശ്ലീലം' എന്ന് കല്പിച്ച തൊഴിൽ ഉപേക്ഷിക്കുക എന്നത് "മാനുസ്കി" നേടു

ന്നതിന് ഒരു മുന്നുപാധിയായി അംബേദ്കർ പോലും കരുതി. അംബേദ്കർ പുതിയ ദലിത് സ്ത്രീയെ ഈ പുതിയ കരുതലിലൂടെ ആന്തരികമായി രൂപീകരിച്ചു. അതേ സമയം അംബേദ്കറുടെ പ്രതിബദ്ധതകളും അദ്ദേഹം അഭിമുഖീകരിച്ച വൈരുദ്ധ്യങ്ങളും നാം ശ്രദ്ധിക്കേണ്ടതുണ്ട്. സൈദ്ധാന്തികമായി, ലിംഗ-ലിംഗ പദവി -ജാതി വ്യവസ്ഥയെക്കുറിച്ച് സംസാരിക്കുന്നതിൽ അദ്ദേഹം തികച്ചും വിപ്ലവകരമായ നിലപാടുകളാണ് കൈക്കൊണ്ടത് എന്ന് നമുക്കറിയാം, കൂടാതെ എല്ലാ സ്ത്രീകളും ജാതി വ്യവസ്ഥയാൽ എങ്ങനെ അടിച്ചമർത്തപ്പെടുന്നുവെന്നും ദളിത് സ്ത്രീകൾ എങ്ങനെ അടിച്ചമർത്തൽ വ്യവസ്ഥകളുടെ സംയുക്ത പ്രഭാവത്തിനു കീഴിലായിരുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു .ഫാക്ടറികളിലും മറ്റും ജോലി ചെയ്യുന്ന ബഹുമാന്യരും , അലൈംഗികരായ സ്ത്രീകളും , 'അശ്ലീലം' എന്ന് കരുതപ്പെടുന്ന തൊഴിലുകളിൽ ഏർപ്പെടുന്ന മാന്യത കെട്ട സ്ത്രീകളും എന്ന ദ്വന്ദ്വത്തെ ഉദ്ദേശിക്കാതെയെങ്കിലും സൃഷ്ടിച്ചു എന്നും കാണാം. ദളിത് 'തമാശ' കലാകാരികലെ വിശകലനം ചെയ്യുന്നതിനായി അംബേദ്കറുടെ വിശകലനം ഇവിടെ ഞാൻ വിപുലീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. മാനുസ്കി എന്ന പരികല്പന, ദളിത് തമാശ കലാകാരികൾ, ദളിത് ജീവിത ലോകങ്ങളുടെ പുനർനിർമ്മാണം എന്നിവയെക്കുറിച്ചുള്ള എന്റെ അധ്യായത്തിൽ ഞാൻ ഇത് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. അംബേദ്കർ പുതിയ അറിവും ധാരണയും ഉപയോഗിച്ച് മനുസ്കിയുടെ തന്ത്രം ( strategy) മാനവികതലേക്ക്( വൗമിശാ) സന്നിവേശിപ്പിച്ചു. ദളിതരെ പൂർണ മാനവികത കൈവരിക്കുന്നതിൽ നിന്ന് ഒഴിവാക്കിയ സവർണ ലോകത്തിനു ഈ ധാർമ്മിക ബോധമില്ല. ഈ യാദൃശ്ചികതകളും പ്രതിബദ്ധതകളും സിദ്ധാന്തത്തെക്കുറിച്ച് നമ്മൾ ചിന്തിക്കുന്ന പ്രശ്നങ്ങളും സംഭവിക്കുന്ന കാര്യങ്ങളുമായി നന്നായി പൊരുത്തപ്പെടുന്നില്ലായിരിക്കാം. സിദ്ധാന്തവത്ക്കരണത്തിൽ ഇത്തരം പ്രശ്നങ്ങൾ അന്തർലീനമായിരിക്കുന്നു.

*കല്യാണി : ദളിത് സ്ത്രീ പ്രശ്നത്തെ പുതിയ സങ്കല്പങ്ങളിലൂടെ വിശകലനം ചെയ്യുന്ന നിങ്ങളുടെ പുസ്തകം സവർണ ചിന്താപദ്ധതിയിൽ ദളിത് സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ട മനുഷ്യാന്തസ്സിനെ കുറിച്ച് സംസാരിച്ചുവെന്ന് ഞാൻ കരുതുന്നു. ദളിത് സ്ത്രീ പ്രശ്നവും ദളിത് സിദ്ധാന്തവൽക്കരണ പ്രക്രിയ, ഡോ. അംബേദ്കറിനെയും അദ്ദേഹത്തിന്റെ ചിന്താപദ്ധതി, നിങ്ങളുടെ പുസ്തകത്തിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്ന വിഷയമായ ധാർമ്മികത/അധാർമ്മികത, അശ്ലീലം /ആധികാരികം ( Ashleel/Assili) എന്നീ ദ്വന്ദ്വങ്ങളെക്കുറിച്ചു വിശദീകരിക്കാമോ?. യഥാർത്ഥത്തിൽ ഡോ. അംബേദ്കർ തന്നെ തന്റെ രചനകളിൽ വേശ്യാവൃത്തിയിൽ ഏർപ്പെട്ടിരുന്ന ദളിത് സ്ത്രീകളെ പ്രശ്നവത്ക്കരിച്ചിട്ടുണ്ട്. ദളിത് സ്ത്രീകളെ സമൂഹത്തിന്റെ സദാചാര വാഹകർ എന്ന നിലയിൽ ചിന്തിക്കുന്നതിൽ നിന്ന് നിങ്ങളുടെ പുസ്തകം എങ്ങനെയാണ് മുന്നോട്ടുപോയത്, അംബേദ്കറുടെ ചിന്താപദ്ധതിയിൽ എങ്ങനെയാണ് നിങ്ങൾ ദളിത് തമാശ കലാകാരികലെ കണ്ടെത്തുന്നത്?*

ശൈലജ : എന്റെ പുസ്തകത്തിൽ ഞാൻ മുന്നോട്ടുവെച്ച ആശയപരവും സൈദ്ധാന്തികവുമായ ചില പ്രധാന നീക്കങ്ങൾ ശക്തിപ്പെടുത്താൻ ശ്രമിക്കാം. ഈ മാറ്റങ്ങളെ ചരിത്രപരമായി മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്, സമകാലിക ലോകത്തു അവ എന്താണ് അർത്ഥമാക്കുന്നത് എന്ന് അന്വേഷിക്കേണ്ടതുണ്ട്. ഡോ. അംബേദ്കർ ബ്രാഹ്മണിക്കൽ പുരുഷാധിപത്യത്തിനും സ്വവംശദാമ്പത്യത്തിനും എതിരെ 1916ൽ ഉന്നയിച്ച തന്റെ വിമർശനത്തിൽ അദ്ദേഹം അതിനെ ജാതി പ്രവർത്തന സംവിധാങ്ങൾ എന്ന് വിളിച്ചു. ഈ സംവിധാങ്ങൾ, സ്ത്രീമിച്ചങ്ങളുടെ , അതായത് അവിവാഹിതരോ , വിവാഹിതരാവാൻ കഴിയാത്തവരോ ( ഉദാഹരണത്തിന് വിധവകൾ, ദേവദാസികൾ, രോഗികൾ ) ആയ സ്ത്രീകളുടെ ലൈംഗികത, സാമൂഹികമായ ചലനാത്മകത, സാമ്പത്തിക പ്രോസസ്സുകൾ എന്നിവ നിയന്ത്രിക്കുന്നതിലൂടെ, സവർണ്ണ അധികാരവും പ്രത്യേകാവകാശങ്ങളും നിരീക്ഷിക്കുന്നുണ്ട്. ഈ സ്ത്രീകളെ അന്തർജാതി വിവാഹങ്ങൾ തേടുന്നതിൽ നിന്നും ജാതി ശ്രേണിയുടെ അതിർവരമ്പുകൾ ലംഘിക്കുന്നതിൽ നിന്നും തടഞ്ഞു നിർത്തിക്കൊണ്ടാണ് ഇത് സാധിച്ചെടുക്കുന്നതു എന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

ജാതി സാമൂഹികത എല്ലാ സ്ത്രീകളുടെയും ലൈംഗികതയെ നിയന്ത്രിക്കുമ്പോൾ, ജാതി അടിമത്തത്തിന്റെ യഥാർത്ഥ ലൈംഗിക അതിക്രമം പ്രവർത്തിക്കുന്നത് ലൈംഗികതയുടെ വേർതിരിവിലൂടെയും അസ്പൃശ്യരായ സ്ത്രീകളുടെ ആചാരപരമായ ചൂഷണത്തിലൂടെയുമാണ്. അംബേദ്കർ അസ്പൃശ്യരായ സ്ത്രീകളെകുറിച്ച് ഈ സന്ദർഭത്തിൽ പരാമർശിക്കുന്നില്ല. എങ്കിലും സമകാലികമായി ഉപയോഗിച്ചിരുന്ന പദം ഞാൻ ഉപയോഗിക്കുന്നു എന്നാണ് പറഞ്ഞുവരുന്നത്. അംബേദ്കർ വേശ്യാവൃത്തിയിൽ ഏർപ്പെട്ടിരുന്ന സ്

ത്രീകളെയോ തമാശ കലാകാരികളായ ദളിത് സ്ത്രീകളെയോ കുറിച്ച് പരാമർശിക്കുന്നില്ല.

അതുകൊണ്ട് ഞാൻ ചെയ്യുന്നത് ബ്രാഹ്മണ മിച്ച സ്ത്രീകളെക്കുറിച്ചുള്ള അംബേദ്കറുടെ വിശകലനം മഹർ വേശ്യയിലേക്ക് വ്യാപിപ്പിക്കുകയാണ്. 1930-കളിൽ അംബേദ്കർ പ്രത്യേകമായി കണ്ടു സംസാരിച്ചിരുന്ന സ്ത്രീയെയാണ് ഞാൻ ഇവിടെ പരാമർശിക്കുന്നത്.. അംബേദ്കറുടെ 1916-ലെ സൈദ്ധാന്തിക വിശകലനത്തിൽ മഹർ വേശ്യയോ തമാശ സ്ത്രീയോ ഇല്ലെന്ന് ഞാൻ അംഗീകരിക്കുന്നു.എന്നാൽ നമ്മൾ അംബേദ്കറുടെ സിദ്ധാന്തം വിപുലീകരിക്കുകയാണെങ്കിൽ, മഹർ വേശ്യ അനുഭവിക്കുന്ന ചൂഷണത്തിന്റെ സവിഷേത എന്തെന്ന് നമുക്ക് തിരിച്ചറിയാൻ കഴിയും. സാർവത്രികമായ വിനിയോഗത്തിന് എല്ലായ്പ്പോഴും ലഭ്യമായ അവളുടെ ശാരീരിക അധ്വാനവും , നിയമപരമായ പങ്കാളിയില്ലാത്ത ജീവിതവും, സ്ത്രീമിച്ചമായി അവളെ കണക്കാക്കുന്നതിന് ഉപോദ്ഘലകമായി. അതിനാൽ ബ്രാഹ്മണ സ്ത്രീയെ 'മിച്ചം' എന്ന വിലയിരുത്തലിന് വിധേയമാക്കിയ മൂല്യനിർണ്ണയ രീതി തന്നെ മഹർ വേശ്യക്കു നേരെയും (അതുപോലെ തന്നെ ലൈംഗികമായി ലഭ്യമാണെന്ന് തോന്നുന്ന ദേവദാസികളെപ്പോലുള്ള ആചാരപരമായി ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീകൾക്കെതിരെയും) ആയുധമാക്കപ്പെടട്ടു. അതിനാൽ, അവളുടെ കാര്യത്തിൽ, ലൈംഗികാദ്ധ്വാനം വിവാഹത്തിലോ ജാതിയിലോ പരിമിതപ്പെടുത്തിയിട്ടില്ല, അവളുടെ ലൈംഗികാധ്വാനം ഒരേ സമയം നിഗൂഢമായതും സാർവ്വലൌകികമാതും ആയി മാറി. എല്ലാ മനുഷ്യർക്കും അവളുടെ അദ്ധ്വാനശരീരത്തിലേക്ക് പ്രവേശനം ഉണ്ടെന്നും എല്ലാ പുരുഷന്മാർക്കും അവളുടെ ലൈംഗിക ശരീരം അവകാശപ്പെടാമെന്നും ഉറപ്പാക്കി. ലിംഗ-ലിംഗ-ജാതി സമുച്ചയത്തിലൂടെ ഈ ദളിത് സ്ത്രീകൾ മിച്ചമുള്ളവരും നിരന്തരം ലൈംഗദ്ധ്വാനത്തിനു ലഭ്യമായവരുമായി നിർമ്മിക്കപ്പെട്ടു. തമാശ കലാകാരികളെല്ലാവരും തന്നെ വിവാഹിതരും ബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നവരുമാണെങ്കിലും, സവർണ സമുദായം അവരെ കുടുംബ പദ്ധതിക്കു പുറത്തുള്ളവരായാണ് വീക്ഷിച്ചത്. അയവുള്ള ലൈംഗിക ക്രമീകരണങ്ങളുള്ളവരായി വിശേഷിപ്പിക്കുക വഴി അവരെ അശ്ളീലർ ആയി മാറ്റി. അതിനാൽ വരേണ്യ വർഗത്തെ സംബന്ധിച്ചിടത്തോളം തമാശ കലാകാരികൾ ലൈംഗികതയുടെ ആധിക്യമുള്ളവരായി. ചില വിദഗ്ധർ പറയുംപ്രകാരം ആദ്യ നോട്ടത്തിൽ അംബേദ്കർ ഈ ലിംഗ-ലിംഗപദവി -ജാതി സമുച്ചയത്തെ വിമർശിച്ചത് ഒരു പുരുഷാധിപത്യ നീക്കമായി തോന്നാമെങ്കിലും, പ്രശ്നം കൂടുതൽ ആഴത്തിലുള്ളതാണ്. ഇത് മനസ്സിലാക്കാൻ നമ്മൾ (മാനുസ്കി നിർമിതിയെ മനസ്സിലാക്കുകയു ശ്രദ്ധിക്കുകയും വേണം. ജാതി പീഡനവും സ്ത്രീകളുടെ സ്ഥാനവും തമ്മിലുള്ള ബന്ധവും, ജാതി അതിക്രമങ്ങളും തൊട്ടുകൂടായ്മയും കാരണം ദളിത് സ്ത്രീകൾ ദളിത് പുരുഷന്മാരേക്കാൾ സാമൂഹിക ബഹിഷ്കരണവും, ഇല്ലായ്മയും, പീഡനവും അനുഭവിച്ചതെങ്ങനെയെന്ന് അംബേദ്കർ വിമർശനാത്മകമായി വിശകലനം ചെയ്തിട്ടുണ്ട് എന്ന് നമുക്ക് കാണാം. ദളിതരെ ചണ്ഡാളന്മാരായും ദലിത് സ്ത്രീകളെ മൊത്തത്തിൽ വേശ്യകളായും ചിത്രീകരിക്കുന്ന പ്രബല ജാതി ചിത്രണ രീതികളും അംബേദ്കർ തിരിച്ചറിഞ്ഞിരുന്നു. തൽഫലമായി, ദലിത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ



തടയുന്നതോടൊപ്പം മാന്യതയുടെ പുതിയ മാനദണ്ഡങ്ങൾ അവതരിപ്പിക്കുന്നതിനും അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു. എന്നിരുന്നാലും, പ്രാഥമിക ശ്രദ്ധ വർഗ-ജാതി-അടിമത്തത്തിനെതിരായ പോരാട്ടത്തിലായിരുന്നു എന്നത് ദളിത് സ്ത്രീകൾക്ക് അവരുടെ സമുദായവുമായുള്ള ബന്ധത്തെ സങ്കീർണ്ണമാക്കി. ഇതൊക്കെയാണ് ഈ ചോദ്യങ്ങളെ കുറിച്ച് ഗവേഷണം നടത്തുമ്പോൾ നമ്മൾ നേരിടുന്ന പ്രതിസന്ധികൾ . ദലിതർ സ്വയം വെട്ടിപ്പിടിക്കാൻ ശ്രമിച്ചിരുന്ന ഈ മാന്യതയുടെ ധാർമിക വാഹകരായി ദളിത് സ്ത്രീകളെ കല്യാണി ചൂണ്ടിക്കാണിച്ചത് ഇത് കൊണ്ടാണെന്ന് ഞാൻ കരുതുന്നു. അംബേദ്കറുടെ സമകാലികയും അദ്ദേഹത്തിന്റെ കാലത്തിനു മുമ്പുതന്നെ കലാ പ്രവർത്തനം ആരംഭിച്ച പ്രമുഖ തമാശ കലാകാരിയായ പൗഡ ബായിയെക്കുറിച്ചുള്ള എന്റെ അധ്യായത്തിൽ ഈ പിരിമുറുക്കങ്ങളെക്കുറിച്ച് ഞാൻ സംസാരിക്കുന്നുണ്ട് . പൗഡ ബായിയുടെ സഹയാത്രികൻ/പങ്കാളി അംബേദ്കറുടെ സമരത്തിന് സംഭാവന നൽകാൻ ആഗ്രഹിച്ച പണം അംബേദ്കർ നിരസിച്ചപ്പോൾ നാം നേരിടുന്ന പിരിമുറുക്കവും ഇതാണ്.




*കല്യാണി :പുസ്തകത്തിൽ നിങ്ങൾ തമാശയെ ഒരു നൃത്തനാടക രൂപം എന്ന നിലയിലും സമീപിക്കുന്നുണ്ട്.പ്രകടന കലകളുടെ മേഖലയിൽ തമാശയെ എവിടെയാണ് കണ്ടെത്താൻ കഴിയുക ? വികേന്ദ്രീകൃതമായ ഒരു ഐഡന്റിറ്റിയെ പുനർകേന്ദ്രീകരിക്കുന്ന ഉത്തരാധുനിക പ്രകടനമായി നിങ്ങൾ അതിനെ പരാമർശിക്കുമോ? പുതിയ ദളിത് സ്ത്രീ കർതൃത്വങ്ങളെ സംബന്ധിച്ചിടത്തോളം തമാശ എന്താണ് അർത്ഥമാക്കുന്നത്?*

ശൈലജ : വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് കല്യാണി ഉന്നയിക്കുന്നത്. നന്ദി . ഇത് യഥാർത്ഥത്തിൽ പ്രദർശന കലകളെയും ജാതി സാമൂഹികതയെയും കുറിച്ചുള്ള ചോദ്യമാണ്.തമാശ എന്ന കലയെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ, അല്ലെങ്കിൽ തമാശ ഒരു ചൂഷണ വ്യവസ്ഥയാണ് എന്ന വാദം- ഇത്തരത്തിൽ തമാശയെ കുറിച്ച് നിരവധി വഴികളും പരിപ്രേക്ഷ്യങ്ങളും ലഭ്യമാണ്. എന്നിരുന്നാലും എന്നെ സംബന്ധിച്ചിടത്തോളം വെളിച്ചം തെളിക്കാൻ ആഗ്രഹിക്കുന്നത് പക്ഷെ മത നിരപേക്ഷവും ജനപ്രിയവുമായ ഒരു നാടക രൂപത്തെ , ആധിപത്യ സമൂഹം എങ്ങനെ സദാചാര വ്യവഹാരത്തിലൂടെ അശ്ലീലവും ബീഭത്സവുമായി നിർമ്മിച്ചെടുത്തു എന്നതാണ്. ഇത് വെളിവാക്കുന്നത് പ്രീ-കൊളോണിയൽ- കൊളോണിയൽ -

പോസ്റ്റ് കൊളോണിയൽ ഭരണകൂടത്തിന്റെയും, വരേണ്യവർഗത്തിന്റെയും, സവർണ്ണ മധ്യവർഗ സമുദായങ്ങളുടെയും, സാധാരണക്കാരുടെയും സദാചാര നിയമങ്ങളാൽ നയിക്കപ്പെടുന്ന ആധുനിക സദാചാര നൈതികതയിലാണ്. ഞാൻ ശ്രദ്ധ കേന്ദ്രീകരിച്ചത്, ഈ ആധുനിക സദാചാര നൈതികതയെ ലൈംഗിക-ലിംഗ-ജാതി വ്യവസ്ഥയുടെ ഒരു പ്രവർത്തനമായി എങ്ങനെ വിശകലനം ചെയ്യാം എന്നതിലാണ്. അടിസ്ഥാനപരമായി, ജാതി വ്യവസ്ഥയുടെ ലൈംഗികവും ലിംഗപരവുമായ ക്രമീകരണങ്ങളുടെ ഘടനാപരമായ സങ്കീർണ്ണതകൽ ദളിത് തമാശ കലാകാരികലെ അടിച്ചമർത്തുന്നതിനു സഹായകരമാവുന്നു.

ഈ കെട്ടുപിണഞ്ഞ ചരിത്ര ധാരകൾ അന്വേഷിക്കാനും , മിച്ചമുള്ള സ്ത്രീകളുടെ മൂർത്തിമത്കരണത്തെ വിശകലന വിധേയമാക്കാനും, ഞാൻ വികസിപ്പിച്ചെടുത്ത ലിംഗ- ജാതി സമുച്ചയം, ലൈംഗിക -ജാതി- അതിക്രമ സമുച്ചയം, അശ്ളീല- മനുഷ്യാന്തസ്സ് -ആധികാരികത (ആഷ്ലീൽ-മാനുസ്കി-അസ്സിലി) സമുച്ചയം സഹായകരമാണ്. അശ്ലീലത, ജാതി, ലിംഗഭേദം, ലൈംഗികത, പൊതു സംസ്കാരം എന്നിവയുടെ സംയോജിത അടിച്ചമർത്തൽ ഞാൻ വിശകലനം ചെയ്യുകയും ഇരുപതാം നൂറ്റാണ്ടിൽ ഇത് എങ്ങനെ സംഭവിച്ചുവെന്നും ബ്രിട്ടീഷ് ഭരണകൂടവും, സവർണ മേധാവിത്വവും , മഹാരാഷ്ട്ര ഭരണകൂടവും ദളിതരും അവരുടെ സ്വന്തം ആവശ്യങ്ങൾക്കായി, റൗഡികൽ എന്ന് വിളിക്കപ്പെടുന്നവരായ കാർണിവലസ്ക് തമാശ പ്രേക്ഷകരുമായി എങ്ങനെ ഇടപെട്ടുവെന്നും പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ഈ പുതിയ പരിവർത്തനങ്ങളെക്കുറിച്ച് തമാശ സ്ത്രീകൾക്ക് തികഞ്ഞ ബോധമുണ്ടായിരുന്നു. 20-ാം നൂറ്റാണ്ടിലും, പ്രധാനമായി 21-ാം നൂറ്റാണ്ടിലും അവർ സ്വയം നിർമ്മാണത്തിലും പുനർനിർമ്മാണത്തിലും ഏർപ്പെട്ടിരുന്നു. മംഗള തായ് ബാൻസോഡേ എന്ന പ്രശസ്ത തമാശ കലാകാരിയെക്കുറിച്ചുള്ള അധ്യായത്തെക്കുറിച്ച് ഞാൻ നേരത്തെ തന്നെ സൂചിപ്പിച്ചു. പുസ്തകത്തിന്റെ ഉപസംഹാരത്തിൽ, മേഘാ ഗാഡ്ഗെ, മംഗള തായ് ബൻസോഡെ, സുരേഖ തായ് പുനെക്കർ പോലെയുള്ളവർ എങ്ങനെ ഉത്തരവാദിത പൂർണവും, സ്വയതത്പരവുമായ ഒരു ധാർമ്മികത വികസിപ്പിച്ചെടുത്തുവെന്ന് ഞാൻ അവതരിപ്പിക്കുന്നു. തങ്ങൾക്കും തങ്ങളെ ആശ്രയിക്കുന്ന കുടുംബങ്ങൾക്കും ഈ പുനർനിർമാണം സ്വയം പ്രധാനമാണ് എന്ന തിരിച്ചറിവ് ഇതിനെ നയിക്കുന്നുണ്ട്. പുതിയ രാഷ്ട്രീയ ലൈംഗിക ജാതി സമ്പദ്വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ തമാശ കലാകാരികളുടെ ഒരു പുതിയ തലമുറ, തമാശ എന്ന കലാരൂപത്തിന്റെ അർത്ഥവും പ്രയോഗവും മാറ്റിമറിച്ചു. ചരിത്രപരമായി തമാശയിൽ ഉൾച്ചേർന്നിട്ടുള്ള ഹരം (മസ്തി) സൃഷ്ടിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഉത്തരവാദിത്തവും അവരുടേതായിരുന്നു. സമ്പത്ത്, ബഹുമാനം, വ്യക്തിത്വം, പ്രശസ്തി തുടങ്ങിയ പല പദവികളും ഇതിലൂടെ അവർ നേടിയിട്ടുണ്ട്. അവരിൽ ചിലരെങ്കിലും ഭാഗികമായ അധികാരത്തിന്റെ സുഖം ആസ്വദിക്കുകയും, അപകടകരമായ പൊതു രാഷ്ട്രീയ മേഖലകളിൽ ചർച്ചകൾ തുടരുകയും ചെയ്തു. തമാശ കലാകാരികൾ, വ്യത്യസ്ത ആവശ്യങ്ങൾക്കായി സ്വാംശീകരണത്തിന്റെയോ വെല്ലുവിളിയുടെയോ സങ്കീർണ്ണമായ ബന്ധങ്ങൾ പുനഃക്രമീകരിച്ചു. വ്യക്തമായ അതിർത്തിതിരിവുകളില്ലാത്ത ഇത്തരം മേഖലകളിൽ, ഇവർ എങ്ങനെ വ്യത്യസ്ത പ്രക്രിയകളിൽ മധ്യസ്ഥത വഹിക്കുന്നു എന്ന് നമുക്ക്


മംഗള തായ് ബൻസോഡെ

വ്യക്തമായി കാണാൻ കഴിയും. ഉദാഹരണത്തിന്, മംഗൾ തായ് ബെൻസോടെക്കെതിരെ നടന്ന അപകീർത്തിപ്പെടുത്തൽ ശ്രമങ്ങൾ ലൈംഗിക ജാതി സമ്പദ്വ്യവസ്ഥയുടെ തുടർച്ചയായ പുനരുൽപാദനം കളങ്കപ്പെടുത്തൽ പ്രക്രിയ എങ്ങനെ ഉറ

പ്പാക്കുന്നു എന്ന് വെളിവാക്കുന്നു. ദളിത് തമാശ കലാകാരികളുടെ അപകീർത്തിവത്ക്കരണം ഇപ്പോഴും ആദരണീയമായ മറാഠി/ഇന്ത്യൻ സ്ത്രീത്വത്തിന്റെ മൂല്യവൽക്കരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ രാഷ്ട്രീയത്തെ ചെറുക്കുന്നതിന് മംഗളാ തായ്, അവരുടെ മക്കളും കുടുംബവും, തങ്ങളുടെ പ്രത്യേക ജാതി സംസ്കാരത്തെ മുതലാക്കി ഈ സ്വത്വം ഉറപ്പിച്ചു കൊണ്ട് സംസാരിച്ചു. ഏറ്റവും പ്രധാനമായി, ഇതിലൂടെ അവർ തമാശ പരിശീലിക്കുന്നതിനുള്ള അവരുടെ ജാതി അടിസ്ഥാനമാക്കിയുള്ള അവകാശങ്ങൾ ശക്തിപ്പെടുത്തി. ഇവയാണ് ഞാൻ പുസ്തകത്തിൽ പ്രകാശിപ്പിച്ച സഞ്ചാരപഥങ്ങൾ, ഈ പ്രക്രിയയിൽ ത


**സുരേഖ തായ് പുനെക്കർ**

മാശ കലാകാരികൾ ഭാവി തലമുറകൾക്ക് ഉപജീവനവും സാമൂഹികവും സാമ്പത്തികവുമായ ചലനാത്മകതയും പ്രദാനം ചെയ്തു. എന്നിരുന്നാലും പല ഘട്ടങ്ങളിലായി ലൈംഗിക ജാതി സമ്പദ്‌വ്യവസ്ഥയിൽ വേരൂന്നിയ അശ്ലീലതയെ പുനർനിർമ്മിക്കുകയും ചെയ്തു. പുസ്തകത്തിൽ ഉയർന്നുവരുന്ന വിവിധ പിരിമുറുക്കങ്ങൾ ഇവയാണ്.

*കല്യാണി :പുസ്തകത്തിന്റെ ഒരു പിന് കുറിപ്പ് എന്ന നിലയിൽ, ദലിത്, 'താഴ്ന്ന ജാതി' സ്ത്രീകൾ നയിക്കുന്ന മറ്റ്കലാ രൂപങ്ങളെയും തമാശ പ്രകടനത്തോടൊപ്പം ചേർത്ത് വായിക്കാമെന്ന് കരുതുന്നുണ്ടോ? വ്യതിരികതമായ ചരിത്രങ്ങൾക്കിടയിലും പ്രദർശനത്തിലൂടെ ജാതി വിരുദ്ധ വികാരങ്ങളിലൂടെ ജാതി പ്രതിരോധ രൂപങ്ങൾക്ക് സംയോജനം സാധ്യമാണോ?*

ശൈലജ : പ്രദർശന കലകളുടെ ചരിത്രത്തിൽ നാം ഇനിയും ഒരുപാട് ആഴത്തിലുള്ള ജോലി ചെയ്യേണ്ടതുണ്ട്. വായനയും പഠനവും പ്രതിഫലനവും അതിൽ ഉൾപ്പെടുന്നു. മറ്റ് ദളിത് കലാരൂപങ്ങളും ഈ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ട്എന്ന് നമുക്ക് അനുമാനിക്കാം. യഥാർത്ഥത്തിൽ അവരുടെ ജീവിതത്തിൽ അവ എങ്ങനെയാണ് ആശയങ്ങ പ്രകടിപ്പിച്ചത്? പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്? സാമൂഹികമായും, രാഷ്ട്രീയമായും ലൈംഗികമായും പ്രത്യയശാസ്ത്രപരമായും എന്താണ് അർത്ഥമാക്കുന്നത്? അതെ സമയം പാട്ടുകളിലെ വരികളും, സംഭാഷണങ്ങളും സംഗീതവും ഒത്തുചേർന്നു ജാതിവിരുദ്ധ വിമർശന ഉയർത്തുന്നതാണ് നമ്മൾ കാണുന്നത്. നിങ്ങൾ ഇത് എങ്ങനെ വായിക്കണം, ഇതിൽ നിന്ന് നിങ്ങൾ എന്താണ് ഉണ്ടാക്കുന്നത് എന്നത് പ്രധാനമായും ഗവേഷകക്കുള്ള ചോദ്യങ്ങളാണ് . ഒരു ചരിത്രകാരി എന്ന നിലയിൽ ഞാൻ ഈ ചോദ്യങ്ങളെ പിന്തുടരാൻ ആഗ്രഹിക്കുന്നു.

കല്യാണി : പ്രദർശന കലകളുടെ പുതിയ സിദ്ധാന്തങ്ങൾ മനസ്സിലാക്കാനും, അവയുടെ ദലിത് ചരിത്രം രചിക്കാനുമുള്ള ശൈലജയുടെ ശ്രമങ്ങൾ അതീവ പ്രധാനമാണ്. പ്രദർശന കല പഠനത്തിലെ നിലവിലുള്ള സങ്കല്പങ്ങളോ പദാവലികാലോ തികച്ചും അപര്യാപ്തമാവുമ്പോൾ ശൈലജ സിദ്ധാന്തത്തെയും, കലാരൂപത്തെയും മനസിലാക്കാൻ കഴിയുന്ന പുതിയ വഴികൾ വാഗ്ദാനം ചെയ്യുന്നത് . ഈ പുസ്തകം ദളിത് ചരിത്രപഠനത്തിലും , പ്രദർശന കലകളുടെ ചരിത്രത്തിലും ഒരു വഴിത്തിരിവാണ്. ഈ സംഭാഷണത്തിന് വളരെയധികം നന്ദി രേഖപ്പെടുത്തുന്നു.





**ഡോ. ഷെറിൻ ബി.എസ്.**
അധ്യാപിക, കംപാരറ്റീവ് ലിറ്ററേച്ചർ
വിഭാഗം ഇംഗ്ലീഷ് & ഫോറിൻ ഭാഷ
യൂണിവേഴ്സിറ്റി

# സാബ മഹ്മൂദ്

## ഫെമിനിസത്തിനും സെക്യൂലറിസത്തിനും

### പുനർവിചിന്തനം വേണമെന്നു വാദിച്ച ചിന്തക

ഇരുപതാം നൂറ്റാണ്ടിന്റെ ഒടുവിലത്തെ ദശാബ്ദത്തിൽ ലോകം എമ്പാടും മതവിശ്വാസങ്ങളുടെ ഉയിർത്തെഴുന്നേൽപ്പും മതചിന്ഹങ്ങളുടെ പൊതുസമൂഹത്തിലെ സാന്നിധ്യത്തിൽ കടുത്ത ഉണർവും ഉണ്ടായിട്ടുണ്ട്. ആധുനിക ദേശരാഷ്ട്രത്തിന്റെ അടിസ്ഥാനമായ മത നിരപേക്ഷമായ പൊതുസമൂഹം പല വിധത്തിൽ ചോദ്യം ചെയ്യപ്പെട്ട സമയമാണിത്. എന്നാൽ, പാശ്ചാത്യ രാജ്യങ്ങളിലെ മത നിരപേക്ഷത വെറും പ്രകടനം ആണെന്നും ഏക പക്ഷീയമായ മത വിശ്വാസങ്ങളിൽ കെട്ടിപ്പെടുത്തിട്ടുള്ള ദേശീയതയാണ് പല രാജ്യങ്ങളിലും ഉള്ളതെന്നും ചിന്തകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതെ സമയം ആധുനികതയുടെ അപരത്വമായി ചിത്രീകരിച്ചിട്ടുള്ള മതവിശ്വാസം നമ്മുടെ ജീവിതരീതികളെയും രാഷ്ട്രീയത്തെയും പല വിധത്തിൽ സ്വാധീനിക്കുന്നു എന്ന ചിന്താധാര മുൻ


**മതത്തിലെ സ്ത്രീയെ ഫെമിനിസ്റ്റ് വ്യവഹാരങ്ങളിൽ ഒരു ഇരയായി മാത്രം കാലാകാലങ്ങളായി ചിത്രീകരിച്ചു കൊണ്ടിരുന്നപ്പോൾ വളരെ വിപരീതമായി, ഒരു പോസ്റ്റ് സെക്യൂലർ നിലപാട് തറയിൽ നിന്നും ഫെമിനിസ്റ്റ് വ്യവഹാരങ്ങളുടെ പോരായ്മ ചൂണ്ടി കാണിച്ച ആദ്യത്തെ ചിന്തകയാണ് സാബ മഹ്മൂദ്.**

നിർത്തിയാണ് പോസ്റ്റ് സെക്യൂലറിസം രൂപപ്പെട്ടത്. തലാൽ അസാദ് തുടങ്ങി വച്ച ഈ ചിന്താധാരയുടെ ഉത്ഭവം മതം/ആധുനികത എന്ന ദ്വന്ദ്വത്തെ നിരാകരിക്കുന്നതോടൊപ്പം പൊതു ധാരയിൽ നിന്നും മതത്തെ മാറ്റിനിർത്തി ആധുനിക ദേശരാഷ്ട്രത്തെ നിർമ്മിക്കുന്നതിൽ കടന്നു വന്നിട്ടുള്ള അപാകതകൾ ചൂണ്ടി കാണിക്കുന്നുണ്ട്. മതം/ആധുനികത എന്ന ദ്വന്ദ്വത്തെ അതിയായി ആശ്രയിക്കുന്നത് ആധുനിക മനുഷ്യാവകാശ വ്യവഹാരങ്ങൾ എല്ലാം മതത്തിനു പുറത്ത് മാത്രം നിലകൊള്ളുന്നു എന്ന സങ്കുചിതമായ തീർപ്പിലേക്കു എത്തുന്നുണ്ട്. അത്തരത്തിൽ മതത്തിന്റെ ഇടങ്ങളിൽ നിലനിൽപ്പില്ല എന്ന് ആധുനിക വ്യവഹാരങ്ങൾ തീർപ്പു കൽപ്പിച്ച ഏറ്റവും ശ്രദ്ധേയമായ രാഷ്ട്രീയങ്ങളിൽ ഒന്ന് ഫെമിനിസം ആണ്. മതത്തിലെ സ്ത്രീയെ ഫെമിനിസ്റ്റ് വ്യവഹാരങ്ങളിൽ ഒരു ഇരയായി മാത്രം കാലാകാലങ്ങളായി ചിത്രീകരിച്ചു കൊണ്ടിരുന്നപ്പോൾ വളരെ വിപരീതമായി, ഒരു പോസ്റ്റ് സെക്യൂലർ നിലപാട് തറയിൽ നിന്നും ഫെമിനിസ്റ്റ് വ്യവഹാരങ്ങളുടെ പോരായ്മ ചൂണ്ടി കാണിച്ച ആദ്യത്തെ ചിന്തകയാണ് സാബ മഹ്മൂദ്. സ്ത്രീവാദ കർതൃത്വത്തിന്റെ നിർമ്മാണത്തിൽ തന്നെയുള്ള ഏകപക്ഷീയത ചൂണ്ടിക്കാണിച്ചു സാബ മഹ്മൂദ് നടത്തിയ ഇടപെടലുകൾ സമകാലിക ഫെമിനിസത്തിലെ ഏറ്റവും വിപ്ലവകരമായ ചിന്താധാരയാണ്.



സബ്ജെക്ടിവിറ്റി, ഏജൻസി, പരമാധികാരം തുടങ്ങിയവ നിർവചിക്കാൻ പുതിയ രീതികൾ നൽകുന്നതോടൊപ്പം ആധുനിക ദേശരാഷ്ട്രത്തെയും നിയമ നിർമ്മാണത്തെയും സംബന്ധിച്ച മുഖ്യധാര വ്യവഹാരങ്ങളെ പൊളിച്ചെഴുതാനും സാബ മഹ്മൂദിന്റെ ഇടപെടലുകൾ വഴി വച്ചിട്ടുണ്ട്. 2005 ൽ Politics of Piety പുറത്തിറങ്ങുമ്പോൾ ഫെമിനിസത്തെക്കുറിച്ച് അന്നുവരെ പൊതുസമൂഹം അംഗീകരിച്ചിരുന്ന പല ധാരണകളെയും പൊളിച്ചെഴുതുകയും മതത്തിലെ സ്ത്രീയെ ഇരവൽക്കരിച്ച് കൊണ്ട് വന്നിട്ടുള്ള എല്ലാ മുൻവിധികളെയും ചോദ്യം ചെയ്യുകയും ചെയ്യുന്ന ഒരു ആശയധാര ഉയർന്നു വരും എന്ന് ഒരു പക്ഷെ പാശ്ചാത്യലോകം പ്രതീക്ഷിച്ചിട്ടുണ്ടാകില്ല.

എന്നാൽ തലാൽ അസാദിന്റെ ഈ പ്രിയപ്പെട്ട ശിഷ്യ സകല ഫെമിനിസ്റ്റ് സാമാന്യവത്കരണങ്ങളെയും വെല്ലു വിളിച്ചു കൊണ്ട് ഫെമിനിസ്റ്റ് സമൂഹത്തെ ഞെട്ടിക്കുക തന്നെ ഉണ്ടായി. പോസ്റ്റ് കൊളോണിയലിസം, പോസ്റ്റുസെക്യൂലറിസം, നിയമവ്യവഹാര പഠനങ്ങൾ തുടങ്ങി പല മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന സാബ മഹ്മൂദിന്റെ ഇടപെടലുകൾ പ്രത്യക്ഷമായി പാശ്ചാത്യ ആധുനികതയുടെ വിമർശനം എന്ന ഒരു തല വാചകത്തിൽ നോക്കി കാണാം എന്ന് തോന്നുന്നു. അതിനാൽ തന്നെ ഒരു ഫൂക്കോൽദിയൻ വ്യവഹാര രീതിയിൽ നിന്നും ഉത്ഭവിക്കുന്നതാണ് പോസ്റ്റ് സെക്യൂലർ ചിന്താധാരയുടെ കാമ്പ്. എന്നിരുന്നാലും മത പഠനം എന്ന ഒറ്റ വേർതിരിവിൽ മതവുമായി ബന്ധപ്പെട്ട എല്ലാ ആ




**2005 ൽ പുറത്തിറങ്ങിയ *Politics of Piety: the Islamic Revival and the Feminist Subject,* ഈജിപ്തിലെ മുസ്ലിം സ്ത്രീകൾ ഇടപെട്ടിട്ടുള്ള ഒരു ധാർമ്മിക പ്രസ്ഥാനത്തെ അടിസ്ഥാനമാക്കിയുള്ള വംശീയശാസ്ത്ര പഠനം ആണ്. ഈജിപ്തിലെ ഇസ്ലാം പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ഭാഗമായുള്ള ഈ സ്ത്രീകളുടെ മുന്നേറ്റം അവലോകനം ചെയ്യുന്നത് വഴി സ്വാതന്ത്ര്യം നിർവാഹകത്വം തുടങ്ങിയവയുടെ മുഖ്യധാരാ സങ്കൽപ്പങ്ങൾ ആധുനിക സെക്കുലർ വ്യവഹാരങ്ങളുമായി കെട്ടു പിണഞ്ഞു കിടക്കുന്നതു ചൂണ്ടി കാണിക്കുന്നുണ്ട്.**

ശയങ്ങളെയും മാറ്റിനിർത്തിയിരുന്ന ആധുനിക വ്യവഹാരങ്ങളിലേക്കു മതത്തെ ഒരു അവലോകന വിഷയമായും നിലപാട് തറയായും കൊണ്ടുവരുന്നതിൽ പോസ്റ്റു സെക്യൂലർ ചിന്താധാരയ്ക്കുള്ള പങ്ക് ചെറുതല്ല. അതിനാൽ തന്നെ തലാൽ അസാദ് തുടങ്ങിവച്ച ആശയ സംവാദങ്ങളുടെ അരികു പിടിച്ച് ഗഹനമായി ഫെമിനിസം, പോസ്റ്റ് കൊളോണിയലിസം, ആപേക്ഷികതാവാദം തുടങ്ങിയ ചിന്താധാരകളെ അക്കാദമിക് തലത്തിൽ ചർച്ചയ്ക്കെടുക്കുമ്പോൾ മത സമൂഹം എന്ന വേർതിരിവ് മാറ്റി നിർത്തി രാഷ്ട്രീയം, നൈതികത എന്നിവ ചേർത്ത് വായിക്കാൻ സാബ നടത്തിയ ഇടപെടലുകൾ സഹായിക്കുന്നു.

2005 ൽ പുറത്തിറങ്ങിയ *Politics of Piety: the Islamic Revival and the Feminist Subject,* ഈജിപ്തിലെ മുസ്ലിംസ്ത്രീകൾ ഇടപെട്ടിട്ടുള്ള ഒരു

ധാർമ്മിക പ്രസ്ഥാനത്തെ അടിസ്ഥാനമാക്കിയുള്ള വംശീയശാസ്ത്ര പഠനം ആണ്. ഈജിപ്തിലെ ഇസ്ലാം പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ഭാഗമായുള്ള ഈ സ്ത്രീകളുടെ മുന്നേറ്റം അവലോകനം ചെയ്യുന്നത് വഴി  സ്വാതന്ത്ര്യം നിർവാഹകത്വം തുടങ്ങിയവയുടെ മുഖ്യധാരാ സങ്കൽപ്പങ്ങൾ ആധുനിക സെക്കുലർ വ്യവഹാരങ്ങളുമായി  കെട്ടു പിണഞ്ഞു കിടക്കുന്നത് ചൂണ്ടി കാണിക്കുന്നുണ്ട്. നിർവാഹകത്വത്തിന്റെയും നീതിശാസ്ത്രത്തിന്റെയും വളരെ ഗഹനമായ ഒരു അവലോകനം നടത്തുക വഴി,  ആധുനിക പരിപ്രേക്ഷ്യങ്ങളിൽ വിധേയത്വവും നിഷ്ക്രിയവുമായി വിലയിരുത്തപ്പെടുന്ന നിലപാടുകൾ, അവ സൃഷ്ടിക്കപ്പെടുന്ന വ്യവഹാര ചട്ടക്കൂടുകളിൽ മാത്രം മനസ്സിലാക്കാൻ സാധിക്കുന്ന  നിർവാ



**മതത്തിനോട് മുസ്‌ലിം  സ്ത്രീകൾക്കുള്ള ബന്ധം അനുഷ്ഠാന പ്രക്രിയയിലൂടെ (perfomative ) അവതരിക്കുന്നതാണ്. അനുഷ്ഠാനം നൈതികയാത്രയിലേക്കുള്ള വഴിയും ലക്ഷ്യവും ആണ്. സ്വത്വ രൂപീകരണത്തിന്റെ പ്രക്രിയയിൽ അനുഷ്ഠാനങ്ങൾ മാർഗ്ഗവും ലക്ഷ്യവും ആയതിനാൽ; ഇസ്‌ലാം മതവിശ്വാസികളായ സ്ത്രീകളെ സംബന്ധിച്ചിടത്തോളം മതം നിഷ്കർഷിക്കുന്ന ചട്ടക്കൂടുകൾ സ്വത്വത്തിന്റെ മേൽ പുറമെ നിന്നുള്ള അടിച്ചമർത്തലുകൾ അല്ല. മറിച്ചു സ്വത്വ രൂപീകരണത്തിന്റെ ഭാഗം തന്നെ ആണ്.**

ഹകത്വമാണെന്ന പ്രബലമായ വാദമുഖം ഈ പുസ്തകത്തിൽ അവതരിപ്പിക്കുന്നുണ്ട്. ഇതിനായി ഫൂക്കോ, ജൂഡിത് ബട്‌ലർ എന്നിവരുടെ ആശയങ്ങൾ കടമെടുക്കുകയും അവരുടെ വാദമുഖങ്ങൾ കടന്നു ചെല്ലാൻ വിമുഖത കാട്ടിയ തലങ്ങളിലേക്ക് അവ കൊണ്ടെത്തിക്കുകയും ചെയ്യുന്നുണ്ട്. മതത്തിനോട് മുസ്‌ലിം  സ്ത്രീകൾക്കുള്ള ബന്ധം അനുഷ്ഠാന

പ്രക്രിയയിലൂടെ (perfomative ) അവതരിക്കുന്നതാണ് അനുഷ്ഠാനം നൈതികയാത്രയിലേക്കുള്ള വഴിയും ലക്ഷ്യവും ആണ്. സ്വത്വ രൂപീകരണത്തിന്റെ പ്രക്രിയയിൽ അനുഷ്ഠാനങ്ങൾ മാർഗ്ഗവും ലക്ഷ്യവും ആയതിനാൽ; ഇസ്‌ലാം മതവിശ്വാസികളായ സ്ത്രീകളെ സംബന്ധിച്ചിടത്തോളം മതം നിഷ്കർഷിക്കുന്ന ചട്ടക്കൂടുകൾ സ്വത്വത്തിന്റെ മേൽ പുറമെ നിന്നുള്ള അടിച്ചമർത്തലുകൾ അല്ല. മറിച്ചു സ്വത്വ രൂപീകരണത്തിന്റെ ഭാഗം തന്നെ ആണ്. മതവിശ്വാസിക്ക് സ്വത്വത്തിന്റെ മൂർത്തീകരണം ഇത്തരത്തിൽ ഒരു ചര്യയിലൂടെ മാത്രം സമ്പൂർണ്ണം ആകുന്നതാണ്. അരിസ്റ്റോട്ടിലിന്റെ ഹാബിറ്റസ് എന്ന ഭാവനയും ഇതോടൊപ്പം ചേർത്ത് വായിക്കാവുന്നതാണ്. അത് കൊണ്ട് പർദ്ദ മുസ്‌ലിം സ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ ആഗ്രഹങ്ങൾക്കും ആത്മീയ സാഫല്യങ്ങൾ

**അന്ധമായ മത വിശ്വാസമായി, മതത്തിനുള്ളിലെ പുരുഷാധിപത്യത്തിന്റെ ലക്ഷണങ്ങളായി മാത്രം വിലയിരുത്തപ്പെടുന്ന മതാനുഷ്ഠാനങ്ങൾ നിർവാഹകത്വത്തിന്റെ പ്രത്യക്ഷ ലക്ഷണം ആണ്. എന്തെന്നാൽ ഈ അനുഷ്ഠാനങ്ങൾ നൈതികത വാർത്തെടുക്കുന്നതിലേക്കുള്ള മുന്നേറ്റം ആണ്.**




ക്കും വിലങ്ങുതടിയാകുന്ന പുറമെ നിന്നുള്ള ഒരു അടിച്ചേൽപ്പിക്കൽ അല്ല, മറിച്ചു അവളുടെ സ്വത്വവിഷ്കാരത്തിന്റെ ഭാഗം തന്നെയാണ്. അന്ധമായ മത വിശ്വാസമായി, മതത്തിനുള്ളിലെ പുരുഷാധിപത്യത്തിന്റെ ലക്ഷണങ്ങളായി മാത്രം  വിലയിരുത്തപ്പെടുന്ന മതാനുഷ്ഠാനങ്ങൾ  നിർവാഹകത്വത്തിന്റെ  പ്രത്യക്ഷ ലക്ഷണം ആണ്. എന്തെന്നാൽ ഈ അനുഷ്ഠാനങ്ങൾ നൈതികത  വാർത്തെടുക്കുന്നതിലേക്കുള്ള മുന്നേറ്റം ആണ്. നിർവാഹകത്വത്തിന് പല സമ്പ്രദായങ്ങളും രീതികളും ഉണ്ടെന്നും അവയെല്ലാം പാശ്ചാത്യ ലിബറൽ വ്യവഹാരങ്ങൾ സ്വാതന്ത്ര്യം എന്നുദ്ദേശിക്കുന്ന നടപടിക്രമം ആകണം എന്നില്ല എന്ന് വാദിക്കുന്നതോടൊപ്പം നിരന്തരം സ്വത്വമൂർത്തീകരണത്തിന്റെ  പാതയിലൂടെ കടന്നു പൊയ്ക്കൊ

ണ്ടിരുന്ന അനുഷ്ഠാന ക്രമങ്ങളാണ് മുസ്ലിം സ്ത്രീകളെ സംബന്ധിച്ചിടത്തോളം മത ചര്യകൾ എന്നും സാബ വാദിക്കുന്നു. 9/11 നു ശേഷമുള്ള ഇസ്ലാമോഫോബിക് വ്യവസ്ഥിതിയിൽ പുരുഷാധിപത്യത്താൽ ശ്വാസം മുട്ടുന്ന മുസ്ലിം സ്ത്രീകൾ വാർപ്പു മാതൃക ആകുമ്പോൾ അതിനെ ചോദ്യം ചെയ്യുക വഴി ആന്ത്രോപോളജി എന്ന ശാസ്ത്രവിഭാഗത്തെ വളരെ രാഷ്ട്രീയമായ ഒരു തലത്തിൽ സാബ ഉപയോഗിക്കുന്നു.

*Religious Difference in a Secular Age: A Minority Report* 2016 ൽ പുറത്തിറങ്ങിയ ഈ പുസ്തകം പാശ്ചാത്യ ദേശരാഷ്ട്ര മാതൃകകളെ അനുകരിക്കുക വഴി മധ്യപൂർവ രാജ്യങ്ങൾ മതന്യുന പക്ഷങ്ങളുടെ ജീവിതം ദുഷ്കരമാക്കുന്ന അവസ്ഥയാണുള്ളതെന്നു വിശദീകരിക്കുന്നു. പൊതുവെ ധരിച്ചു വച്ചിരിക്കുന്നത് പോലെ മതനിരപേക്ഷത ഇല്ലാത്തതു കാരണം അല്ല പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ന്യുനപക്ഷങ്ങൾക്കു വെല്ലുവിളിയെന്നും ആധുനിക മതനിരപേക്ഷ ഭരണ സംവിധാനങ്ങൾ അസമത്വങ്ങളും മത സ്പർദ്ധയും വഷളാക്കുകയാണ് ചെയ്യുന്നതെന്നും സാബ ഇതിൽ പരാമർശിക്കുന്നു. വളരെ പ്രകോപനപരമായ ഈ ആശയങ്ങൾ മുന്നോട്ടു വയ്ക്കാൻ സാബ അവലോകനം ചെയ്യുന്നത് മതനിരപേക്ഷതയുടെ നാല് നെടുംതൂണുകൾ ആയി കരുതുന്ന പൗരത്വ രാഷ്ട്രീയസമത്വം, മത സ്വാതന്ത്ര്യം, ന്യുനപക്ഷാവകാശങ്ങൾ, പൊതുകാര്യപരമായ കാര്യങ്ങളും സ്വകാര്യസംബന്ധമായ കാര്യങ്ങ

> *Religious Difference in a Secular Age: A Minority Report* **2016 ൽ പുറത്തിറങ്ങിയ ഈ പുസ്തകം പാശ്ചാത്യ ദേശ രാഷ്ട്ര മാതൃകകളെ അനുകരിക്കുക വഴി മധ്യ പൂർവ രാജ്യങ്ങൾ മത ന്യുന പക്ഷങ്ങളുടെ ജീവിതം ദുഷ്കരമാക്കുന്ന അവസ്ഥയാണുള്ളതെന്നു വിശദീകരിക്കുന്നു.**



ളും നിയമപരമായി വേർതിരിക്കുക എന്നിവ സൂക്ഷ്മമായി അവലോകനം ചെയ്തു കൊണ്ടാണ് പ്രകടമായ മുസ്ലിം മുൻതൂക്കമുള്ള ഈജിപ്തിലെ പിന്നോക്ക വിഭാഗങ്ങളായ ഓർത്തഡോക്ൾസ് ക്രിസ്ത്യൻ വിഭാഗങ്ങൾക്കും ബഹായി സമുദായക്കാർക്കും ഇടയിൽ നടത്തിയ പഠനങ്ങൾ കേന്ദ്രീകരിച്ച് ആധുനിക സെക്കുലർ സംവിധാനങ്ങൾ മതസ്പർദ്ധ വളർത്തുകയും വിഘടന വാദം പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്യുന്നതെന്ന് വാദിക്കുന്നു. സെക്കുലർ നിയമസംഹിതകൾ മധ്യപൂർവദേശങ്ങളിൽ കൊളോണിയൽ, പോസ്റ്റ് കൊളോണിയൽ കാലഘട്ടങ്ങളിൽ നിലയുറപ്പിച്ച ചരിത്രം വീക്ഷിച്ചുകൊണ്ടു രാഷ്ട്രീയ മതനിരപേക്ഷതയുടെ കാതലായ അന്തഛിദ്രങ്ങൾ ഈ രാജ്യങ്ങളിൽ ഇസ്ലാമിക മേൽക്കോയ്മയും ന്യൂനപ



**സെക്കുലർ നിയമ സംഹിതകൾ മധ്യപൂർവദേശങ്ങളിൽ കൊളോണിയൽ, പോസ്ടകൊളോണിയൽ കാലഘട്ടങ്ങളിൽ നിലയുറപ്പിച്ച ചരിത്രം വീക്ഷിച്ചുകൊണ്ടു രാഷ്ട്രീയ മതനിരപേക്ഷതയുടെ കാതലായ അന്തഛിദ്രങ്ങൾ ഈ രാജ്യങ്ങളിൽ ഇസ്ലാമിക മേൽക്കോയ്മയും ന്യൂനപക്ഷ അരക്ഷിതാവസ്ഥയും കൊണ്ട് വന്നിട്ടുണ്ട് എന്ന് സാബ വാദിക്കുന്നുണ്ട്.**

ക്ഷ അരക്ഷിതാവസ്ഥയും കൊണ്ട് വന്നിട്ടുണ്ട് എന്ന് സാബ വാദിക്കുന്നുണ്ട്. ഈജിപ്തിലെ കോടതി വ്യവഹാരങ്ങളും ന്യൂനപക്ഷ അവകാശങ്ങളെ കുറിച്ചുള്ള ഭരണഘടനാ സംവാദങ്ങളും, കുടുംബനിയമങ്ങൾ ചുറ്റിപ്പറ്റിയുള്ള ആശയകുഴപ്പങ്ങളും അഭിപ്രായ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വിവാദങ്ങളും ചൂണ്ടികാണിച്ചു, മധ്യപൂർവ ദേശങ്ങളിലെ സെക്യൂലറിസത്തിന്റെ കെട്ടുപിണഞ്ഞ ചരിത്രം പരിശോധിക്കാൻ സാബ ആവശ്യപ്പെടുന്നു. സെക്യൂലർ ആദർശത്തിന്റെ മതതുല്യത എന്ന സങ്കല്പത്തിലെ പോരായ്മകളും പരിമിതികളും ചൂണ്ടിക്കാണിക്കുന്ന ഈ പുസ്തകം ലിബറൽ ദേശസങ്കല്പങ്ങളുടെയും പൗരാവകാശങ്ങളുടെയും പരിമിതികൾ തുറന്നു കാണിക്കുന്നു.

*Is Critique Secular, Blasphemy, Injury, and Free Speech*. 2009 ൽ പുറത്തിറങ്ങിയ ഈ പുസ്തകം വിമർശനത്തിന്റെ സെക്കുലർ ചിന്താധാരയെ വിശദമായി അവലോകനം ചെയ്യുന്ന ഒ

രു കൂട്ടം ചർച്ചകൾ ആണ്. തലാൽ അസാദ്, ജൂഡിത് ബട്ലർ  വെന്റി ബ്രൗൺ ചാൾസ് ഹിർഷ്കൈൻഡ് എന്നിവർക്കൊപ്പം സാബയും ചേർന്നുള്ള ഈ ചർച്ച ആധുനിക യുറോപ്പിയൻ വിമർശന സിദ്ധാന്തങ്ങളും പാശ്ചാത്യേതരവും ജ്ഞാനോദയാനന്തരവുമുള്ള  വിമർശനപ്രസ്ഥാനങ്ങളും തമ്മിലുള്ള ദൂരം നിരാകരിക്കാനുള്ള ഒരു ശ്രമം കൂടിയായിരുന്നു. പലതരത്തിലും ഈ ഒരു വിഷയത്തെ കൈകാര്യം ചെയ്യാനുള്ള ചർച്ചകൾക്കിടയിൽ സാബയും തലാൽ അസാദും ആ സമയത്തു പൊതുചർച്ചകളുടെ ഭാഗമായ ഡാനിഷ് കാർട്ടൂൺ വിവാദമാണ് വിഷയമാക്കിയത്. മുഹമ്മദ് നബിയുടെ കാർട്ടൂണുകൾ പ്രസിദ്ധീകരിക്ക വഴി വിവാദത്തിലായ ഡാനിഷ് ന്യൂസ്പേപ്പറിന്റെ നടപടി  പത്രസ്വാതന്ത്ര്യം, സെക്യുലറിസം, മത നിന്ദ, മതവികാ

**മുഹമ്മദ് നബിയുടെ കാർട്ടൂണുകൾ പ്രസിദ്ധീകരിക്ക വഴി വിവാദത്തിലായ ഡാനിഷ് ന്യൂസ്പേപ്പറിന്റെ നടപടി  പത്രസ്വാതന്ത്ര്യം സെക്കുലറിസം മത നിന്ദ മതവികാരം വ്രണപ്പെടുത്തൽ പ്രതിഷേധം തുടങ്ങിയവയെക്കുറിച്ചെല്ലാം അടിസ്ഥാനപരമായ ചോദ്യങ്ങൾ ഉയർത്തി.  അതുകൊണ്ടു തന്നെ വിമർശനത്തിന്റെ സെക്കുലർ മാനങ്ങളിലുള്ള വിള്ളലുകൾ ചൂണ്ടി കാണിക്കാൻ സാബ മഹ്മൂദും തലാൽ അസാദും ഈ സംഭവം ഉപയോഗിച്ചു.**



രം വ്രണപ്പെടുത്തൽ, പ്രതിഷേധം തുടങ്ങിയവയെക്കുറിച്ചെല്ലാം അടിസ്ഥാനപരമായ ചോദ്യങ്ങൾ ഉയർത്തി.  അതുകൊണ്ടു തന്നെ വിമർശനത്തിന്റെ സെക്കുലർ മാനങ്ങളിലുള്ള വിള്ളലുകൾ ചൂണ്ടി കാണിക്കാൻ സാബ മഹ്മൂദും തലാൽ അസാദും ഈ സംഭവം ഉപയോഗിച്ചു.

ഈ സമാഹാരത്തിലെ  "Religious Reason and Secular Affect: An Incommensurable Divide?" (മത യുക്തിയും മതേതര നാട്യവും : ചേർക്കാനാകാത്ത  വിടവുകളോ?) എന്ന സാബയുടെ ലേഖനം ഇന്നത്തെ സെക്കുലർ അക്കാഡമിക് ലോകം  ധാർമിക വ്രണപ്പെടുത്തലുകളെക്കുറിച്ച് എത്ര കുറച്ചാണ് ചിന്തിച്ചിട്ടുള്ളത് എന്ന ചോദ്യത്തിലൂന്നിയുള്ളതാണ്:

“എന്റെ വാദങ്ങൾ തെളിയിക്കാൻ ശ്രമിക്കുന്നത് മതസ്വാതന്ത്ര്യത്തിന്റെയും അഭിപ്രായസ്വാതന്ത്ര്യത്തിന്റെയും സെക്കുലർ ലിബറൽ പ്രമാണങ്ങൾ മതവ്യത്യാസങ്ങളെ നിഷ്പക്ഷമാക്കാനുള്ള ക്രമീകരണങ്ങളല്ലെന്നും  മതം, കർതൃത്വം, ഭാഷ, വ്രണപ്പെടുത്തൽ തുടങ്ങിയവയെക്കുറിച്ചുള്ള ഏകപക്ഷീയമായ ധാരണകളാണ് എന്നതുമാണു. ഇത് സെക്ക്യൂലറിസത്തിന്റെ ഒരു പോരായ്ക അല്ല, മറിച്ചു  ജ്ഞാനശാത്രപരവും മതപരവും ഭാഷാപരവുമാ

യി സിവിൽ നിയമ പാരമ്പര്യത്തിന്റെ ഭൂമികയിൽ പണിതു വച്ചിട്ടുള്ള ഒരു അവശ്യ പ്രഭാവമാണ്. ഈ പരിമിതികൾക്കു പുറത്ത് ചിന്തിക്കാനുള്ള നമ്മുടെ കഴിവ് വിമർശനം എന്ന അധ്വാനത്തെ ആശ്രയിച്ചിരിക്കുന്നു- ധാർമികവും ജ്ഞാനശാസ്ത്രപരവുമായി സ്വയം കൽപ്പിച്ചു നൽകിയിട്ടുള്ള മേൽക്കോയ്മയിലൂന്നിയ പരിശ്രമം അല്ല, മറിച്ചു വിമർശനത്തിന്റെ തന്നെ സങ്കുചിതവും വൈകാരികവുമായ ബാദ്ധ്യതകൾ ഈ പ്രശ്നത്തിന്റെ സൃഷ്ടിയിൽ നടത്തുന്ന ഇടപെടലുകൾ തിരിച്ചറിഞ്ഞു കൊണ്ടുള്ള അധ്വാനമാണ് വേണ്ടത്." (Mahmood 2013, 9091)

ഇവിടെ പാശ്ചാത്യ ലിബറൽ ചിന്തധാരയുടെ പോരായ്ക ചൂണ്ടിക്കാണിക്കുന്ന സാബ, തന്റെ വാദമുഖങ്ങളെ മത തീവ്രവാദത്തിന്റെ പരിധിയിലേക്കു ചേർത്തുവയ്ക്കാനുള്ള സാധ്യതകളെക്കുറിച്ചും ബോധവതിയാണ്. 'Feminism, the Taliban and the Politics of Counter Insurgency" എന്ന 2002 ൽ ചാൾസ് ഹിർഷ്കൈൻഡ് കൂടി ചേർന്ന് എഴു




**ഫെമിനിസത്തിന്റെ മാതൃകാപരമായ കർതൃത്വം നവീകരണവാദത്തെ മുൻനിർത്തി മാത്രമുള്ളതാണ്: സാമൂഹ്യ മാനദണ്ഡങ്ങളുമായി നിരന്തരം കലഹത്തിൽ ഏർപ്പെടുന്ന ഒന്ന്, (പിഞ്ഞിയ ജീൻസ് ധരിക്കയും മുടി നിറം പിടിപ്പിക്കുകയും ചെയ്യുന്ന പോലെയുള്ള പ്രക്രിയകൾ) അല്ലാതെ പരമ്പരാഗതമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ചില ധർമ്മാചരണങ്ങളിൽ അഭിമാനം കൊള്ളുകയും അതനുസരിച്ചു ജീവിക്കാൻ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്യുന്ന കർതൃത്വങ്ങളിൽ അല്ല.**

തിയ ലേഖനത്തിൽ ഇത് കൃത്യമായി പരാമർശിക്കുന്നുണ്ട്. എന്നാൽ മുസ്ലിം സ്ത്രീയെ ആധുനികത/ മതാധിഷ്ഠിതം എന്ന ദ്വന്ദത്തിന്റെ ഭാഗമായി മാത്രം ചിത്രീകരിക്കുന്നതിനെ വിമർശിക്കുന്നതിൽ നിന്നും ഈ സമ്മർദ്ദം സാബയെ പിന്തിരിപ്പിക്കുന്നില്ല. പൊതു ഇടങ്ങളിലെ ഹിജാബ് നിരോധനത്തെ അനുകൂലിച്ച ഫ്രഞ്ച് ഫെമിനിസ്റ്റുകൾക്കെതിരെ സാബ ആഞ്ഞടിക്കുന്നുണ്ട് ഈ ലേഖനത്തിൽ:

"ഫെമിനിസത്തിന്റെ മാതൃകാപരമായ കർതൃത്വം നവീകരണവാദത്തെ മുൻനിർത്തി മാത്രമുള്ളതാണ്: സാമൂഹ്യ മാനദണ്ഡങ്ങളുമായി നിരന്തരം കലഹത്തിൽ ഏർപ്പെടുന്ന ഒന്ന്, (പിഞ്ഞിയ ജീൻസ് ധരിക്കയും മുടി നിറം പിടിപ്പിക്കുകയും ചെയ്യുന്ന പോലെയുള്ള പ്രക്രിയകൾ) അല്ലാതെ പരമ്പരാഗതമായി അംഗീകരി

ക്കപ്പെട്ടിട്ടുള്ള ചില ധർമ്മാചരണങ്ങളിൽ അഭിമാനം കൊള്ളുകയും അതനുസരിച്ചു ജീവിക്കാൻ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്യുന്ന കർതൃത്വങ്ങളിൽ അല്ല. ഫെമിനിസം പുരുഷാധിപത്യപരം എന്ന് വിലയിരുത്തുന്ന കാര്യങ്ങൾ സ്ത്രീകൾ സ്വമേധയാ സ്വാംശീകരിക്കുന്നതിനെ തെറ്റായ ബോധം എന്ന് അല്ലെങ്കിൽ പരമ്പരാഗത സമൂഹത്തിൽ അടിമകളായി ജീവിക്കുന്ന മനുഷ്യർ പുരുഷാധിപത്യം സ്വാംശീകരിക്കുന്നതായി മാത്രമേ

**ഒരു മുസ്‌ലിം സ്ത്രീക്ക് മുന്നിൽ രണ്ടു സാധ്യതകളെ ഉള്ളൂ. ഒന്നുകിൽ മറ നീക്കുകയും തന്മൂലം സ്വതന്ത്രമാവുകയും ചെയ്യുക. അല്ലെങ്കിൽ മൂടുപടത്തിനുള്ളിൽ ഒരു പരിധിവരെയെങ്കിലും കെട്ടുപാടുകളോടെ ജീവിക്കുക. നമ്മുടെ ബ്രാകൾ പാന്റുകൾ ടൈകൾ മിനി സ്കർട്ടുകൾ അടി വസ്ത്രങ്ങൾ കുളി വസ്ത്രങ്ങൾ തുടങ്ങിയവ എല്ലാം അത്ര എളുപ്പം ഇത്തരം ദ്വന്ദ്വത്തിന്റെ ഇരുപുറവും നിരത്താൻ സാധിക്കുമോ? നമ്മുടെ ദിനചര്യകളും ജീവിതരീതികളും ശരിക്കും ഇത്തരത്തിലുള്ള ഒരു യുക്തിക്കു വിധേയമാക്കി സ്വന്തന്ത്ര്യം/ അടിമത്തം എന്ന ദ്വന്ദ്വസമീപനത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുമോ?**



ആധുനികതയ്ക്കു വിലയിരുത്താൻ ആകു. വിധ്വംസക ( subversive ) സാധ്യതകൾ പരിശോധിക്കുന്ന അവലോകനങ്ങൾ പോലും കീഴ്പെടുത്തൽ/ നിഷേധം എന്ന ദ്വന്ദ്വത്തിലൂന്നിയാണ് നിവർത്തിക്കുന്നതു. ഒരു മുസ്‌ലിം സ്ത്രീക്ക് മുന്നിൽ രണ്ടു സാധ്യതകളെ ഉള്ളൂ. ഒന്നുകിൽ മറ നീക്കുകയും തന്മൂലം സ്വതന്ത്രമാവുകയും ചെയ്യുക. അല്ലെങ്കിൽ മൂടുപടത്തിനുള്ളിൽ ഒരു പരിധിവരെയെങ്കിലും കെട്ടുപാടുകളോടെ ജീവിക്കുക. നമ്മുടെ ബ്രാകൾ പാന്റുകൾ ടൈകൾ മിനി സ്കർട്ടുകൾ അടി വസ്ത്രങ്ങൾ കുളി വസ്ത്രങ്ങൾ തുടങ്ങിയവ എല്ലാം അത്ര എളുപ്പം ഇത്തരം ദ്വന്ദ്വത്തിന്റെ ഇരുപുറവും നിരത്താൻ സാധിക്കുമോ? നമ്മുടെ ദിന ചര്യകളും ജീവിത രീതികളും ശരിക്കും ഇത്തരത്തിലുള്ള ഒരു യുക്തിക്കു വിധേയമാക്കി സ്വന്തന്ത്ര്യം/ അടിമത്തം എന്ന ദ്വന്ദ്വ സമീപനത്തിലൂടെ

മനസ്സിലാക്കാൻ സാധിക്കുമോ?" (Mahmood, 2003)

ഫെമിനിസത്തിന്റെ ലിബറൽ മാനദണ്ഡങ്ങളെ നിരാകരിച്ച്കൊണ്ട് വളരെ വിശാലമായ ഒരു സ്ത്രീപക്ഷ ചിന്തയുടെ സാധ്യതയാണ് സാബ മുന്നോട്ടു വയ്ക്കുന്നത്. ആധുനികേതര സംവിധാനങ്ങളിൽ നിന്നുള്ള ജീവിതരീതികൾ മനസ്സിലാക്കാൻ ആധുനികതയുടെ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനുള്ള പോരായ്മയാണ് ഇവിടെ വിമർശിക്കപ്പെടുന്നത്. അല്ലാതെ, മതതീവ്രവാദത്തിനു കുടപിടിക്കൽ അല്ല.

ഇന്ത്യ പോലുള്ള പോസ്റ്റ് കൊളോണിയൽ സമൂഹങ്ങളിൽ സാബയുടെ വിലയിരുത്തൽ വളരെ വിലപ്പെട്ടതാണ്. ന്യൂനപക്ഷ ഭൂരിപക്ഷ സംഘർഷങ്ങളെകുറിച്ചും അതിൽ സാമ്രാജ്യത്വ നിയമനിർമാണ സംവിധാനങ്ങളോട് പുലർത്തിയ വിധേയത്വത്തിനുള്ള പങ്കും പരിശോധിക്കാൻ സാബയുടെ വിശകലന രീതി അനിവാര്യമാണ്. അതെ സമയം ഏതു മതവാദവും ന്യായീകരിക്കപ്പെടേണ്ടതാണ് എന്നല്ല സാബ വ്യക്തമാക്കുന്നത്. രാഷ്ട്രീയത്തോളം പ്രധാനം നൈതികതയ്ക്കു നൽകുന്ന ഒരു സമീപനം ആണിത്. ഇന്ത്യൻ ഫെമിനിസത്തിന്റെ പരിപ്രേക്ഷ്യം മറ്റൊരു ദിശയിലേക്കു കൊണ്ട് പോകാൻ സാബയുടെ അവലോകനങ്ങൾക്കു സാധിക്കും. മുത്തലാഖ് യൂണിഫോം സിവിൽ കോഡ് തുടങ്ങിയ ചർച്ചകളിൽ ഇന്ത്യൻ ഫെമിനിസം പതറുന്ന കാഴ്ച നമ്മൾ കണ്ടതാണ്.


സാബ മഹ്മൂദ്

1961 ൽ പാകിസ്ഥാനിൽ ജനിച്ച സാബ മഹ്മൂദ് പഠനാർത്ഥമാണ് അമേരിക്കയിലെത്തിയത്. ആർക്കിടെക്ചറിൽ ഉന്നത ബിരുദ പഠനത്തിന് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിൽ ചേർന്ന സാബ ക്രമേണ പശ്ചിമേഷ്യയിലെ അമേരിക്കയുടെ ഇടപെടലുകളുടെ കടുത്ത വിമർശക ആയി മാറി. തുടർന്ന് ഗൾഫ് യുദ്ധത്തിന്റെ സമയത്തു ആന്ത്രോപോളജിയിലേക്കു പൂർണമായും തിരിയുകയും സ്ട്രാൻഫോർഡ് സർവകലാശാലയിൽ നിന്നും ആന്ത്രോപോളജിയിൽ പി.എച്ച്.ഡി. നേടുകയും ചെയ്തു. പൊളിറ്റിക്കൽ സയൻസ്, ആർക്കിടെക്ചർ അർബൻ പ്ലാനിംഗ് എന്നീ വിഷയങ്ങളിൽ മാസ്റ്റേഴ്സ് ബിരുദം ഉണ്ട് . സെക്കുലർ ദേശീയത മുസ്ലിം സമൂഹങ്ങളുടെ സമ്പർക്കത്തിൽ വരുമ്പോഴുണ്ടാകുന്ന സംഘർഷങ്ങൾ പഠിക്കുക ആയിരുന്നു ആന്ത്രോപോളജിയിലേക്കുള്ള സാബ യുടെ വരവിന്റെ പ്രേരണ. 2003ൽ വിവാഹം ചെയ്ത ചാൾസ് ഹിർഷ്കൈൻഡ് മായി ചേർന്ന് നിരവധി അക്കാഡമിക് സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്. 2018 ഇൽ പാൻക്രിയാറ്റിക് കാൻസർ ബാധിച്ചു മരിക്കുമ്പോൾ പ്രസിദ്ധീകരിക്കപ്പെട്ട നിരവധി ചരമ കുറിപ്പുകൾ സാബ എന്ന മികച്ച അധ്യാപികയെ ലോകത്തിനു പരിചയപ്പെടുത്തി. ഒരു സുഹൃത്തായും പ്രചോദനമായും മാർഗ്ഗദർശിയായും സാബ തന്റെ വിദ്യാർത്ഥികളുടെ ജീവിതങ്ങളിൽ സാന്നിധ്യമറിയിച്ചു. യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ , ബെർകിലിയിൽ ആന്ത്രോപോളജി പ്രൊഫസർ ആയിരുന്ന സാബ സെന്റർ ഫോർ മിഡിൽ ഈസ്റ്റേൺ സ്റ്റഡീസ്, സെന്റർ ഫോർ സൗത്ത് ഏഷ്യൻ സ്റ്റഡീസ് എന്നിവയുമായും ചേർന്ന് പ്രവർത്തിച്ചിരുന്നു. ബെർക്കിലിയിൽ പ്രോഗ്രാം ഫോർ ക്രിട്ടിക്കൽ തിയറി സ്ഥാപിക്കുന്നതിൽ സാബ മുൻ നിരയിൽ പ്രവർത്തിച്ചിരുന്നു.2018 ഇൽ സാബയ്ക് വേണ്ടി എഴുതിയ ഓർമ്മകുറിപ്പിൽ ജൂഡിത് ബട്‌ലർ ഇങ്ങനെ അടയാള പെടുത്തുന്നു. 'മുസ്‌ലിം സമൂഹങ്ങളെ നിരാകരിച്ചുകൊണ്ട് വരുന്ന ഉച്ചസ്ഥായിയിലുള്ള പാണ്ഡിത്യങ്ങൾക്കിടയിൽ ഫെമിനിസ്റ്റ് സിദ്ധാന്തത്തിലും രാഷ്ട്രീയത്തിലും നൈതികതയിലും ഇസ്‌ലാമിനെക്കുറിച്ചു വ്യത്യസ്തവും ബോധപൂർവ്വമായതുമായ ഒരു വീക്ഷണം സാബ മഹ്മൂദ് കൊണ്ട് വന്നിട്ടുണ്ട്.' തീവ്രമായ രാഷ്ട്രീയ നിലപാടുകൾക്കൊപ്പം തീക്ഷണമായ അപഗ്രഥന പാടവവുമുള്ള സാബയുടെ വ്യക്തിത്വത്തിന്റെ മറുപുറത്ത് ഖാലിബിന്റെ കവിതകൾ ഇഷ്ടപ്പെട്ടിരുന്ന, വന്യത ഇഷ്ടപ്പെട്ടിരുന്ന, രുചികരമായ ഭക്ഷണം പാകം ചെയ്തു എല്ലാവർക്കും നൽകാൻ ഇഷ്ടപ്പെട്ടിരുന്ന മറ്റൊരു സാബയുണ്ടായിരുന്നതായി ബട്‌ലർ പറയുന്നു.

### സഹായക ഗ്രന്ഥങ്ങൾ


Asad, Talal et al. *Is Critique Secular? Blasphemy, Injury, and Free Speech*. University of California Press, 2009

Butler, Judith. "OBITUARY: Saba Mahmood — pioneering work in battle of ideas." https://www.dawn.com/news/1395817

Mahmood, Saba. *The Politics of Piety: The Islamic Revival and the Feminist Subject*. Princeton: Princeton University Press, 2012

— . *Religious Difference in a Secular Age: A Minority Report*. Princeton: Princeton University Press, 2015.

Mahmood, Saba and Charles Hirschkind. (2003)"Feminism, the Taliban and the Politics of Counterinsur gency" https://fathom.lib.uchicago.edu/1/777777190136/

ചർച്ചാവിഷയം



**ഡോ. കവിത ബാലകൃഷ്ണൻ**
ഗവ.കോളേജ് ഓഫ് ഫൈൻ ആർട്സിൽ കലാചരിത്ര വകുപ്പു മേധാവി

# ജെൻഡർ വിമർശത്തിന്റെ സൈബോർഗ് വഴികളും കലാചരിത്രവും

ലിംഗവിവേചിത സമൂഹങ്ങൾ (Gendered Societies) ഈ ലോകത്തെ ജീവിതാനുഭവങ്ങളിൽ നൂറ്റാണ്ടുകളായി ഉണ്ടാക്കിവച്ച പിളർപ്പുണ്ട്. അത് ആണെന്നും പെണ്ണെന്നുമുള്ളത് മാത്രമല്ല. പ്രകൃതിയെന്നും സംസ്ക്കാരമെന്നും, ഞാനെന്നും നീയെന്നും, മനുഷ്യനെന്നും യന്ത്രമെന്നും, സ്വകാര്യ ഇടമെന്നും പൊതുവിടമെന്നും, മനസ്സെന്നും ശരീരമെന്നും, ഇരുട്ടെന്നും വെളിച്ചമെന്നും, അകമെന്നും പുറമെന്നും തുടങ്ങി നമ്മുടെ ലോകബോധത്തെ നിയന്ത്രിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്ന പിളർപ്പുകൾ അനവധിയാണ്. അതിനോടു പ്രതികരിച്ചുകൊണ്ടു മാത്രമല്ല, ഒരു ബദൽ ലോകബോധം തന്നെ കണ്ടെത്താൻ ശ്രമിച്ചുകൊണ്ടുകൂടിയാണ് ലോകത്തെ പല സമൂഹങ്ങളിൽ പല കാലത്തായി സ്ത്രീവാദ



*വാങ്കേച്ചി മുട്ടുവിന്റെ ഒരു കൃതി. ബ്രൂക്ലിനിൽ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന കെനിയൻ വംശജയായ ഒരു അന്തർദേശീയ അംഗീകാരമുള്ള കലാകാരിയാണ് വാംഗേച്ചി മുതു. മനുഷ്യൻ, മൃഗം, വസ്തു, യന്ത്രഭാഗങ്ങൾ എന്നിവയുടെ കൊളാഷ് ചെയ്ത സ്ത്രീ രൂപങ്ങൾ അവർ സൃഷ്ടിക്കുന്നു. പാശ്ചാത്യ സംസ്കാരത്തിലെ സ്ത്രീ വ്യക്തിത്വത്തെക്കുറിച്ചുള്ള മുതുവിന്റെ സ്ത്രീ ശരീരത്തിന്റെ നിർമ്മിതികൾ ഒരു ട്രാൻസ് കൾച്ചറൽ വിമർശനം നൽകുന്നു.*

സൗന്ദര്യശാസ്ത്രം എന്ന ഒരു സംവാദപരിസരം രൂപപ്പെട്ടിട്ടുള്ളത്. അടിസ്ഥാനപരമായി മനുഷ്യനെന്ന് പറഞ്ഞാൽ 'ആൺ' എന്നു തന്നെ മനസ്സിലാക്കപ്പെടുന്ന ഒരു (ഹ്യൂമനിസ്റ്റ്) ലോകത്ത് പെണ്ണായിരിക്കുക എന്നാൽ എന്താണ് എന്നാണ് സ്ത്രീവാദചിന്ത മുന്നോട്ടുവയ്ക്കുന്ന മർമ്മപ്രധാനമായ പ്രശ്നം. അതുകൊണ്ടുതന്നെ ആൺ മേധാവിത്തപരമായി ഉണ്ടായിവന്നിട്ടുള്ള മാനവികതാവാദത്തെയും അതിന്റെ ഭാഗമായ വലിയൊരു വൈജ്ഞാനികതയേയും സ്ത്രീവാദം പല കാലങ്ങളിൽ വിമർശവിധേയമാക്കിയിട്ടുണ്ട്. അതിനാൽ സ്ത്രീവാദം അടിസ്ഥാനപരമായി ഒരു മാനവികതാവാദവിമർശത്തിൽനിന്നും ഉരുവം കൊള്ളുന്നു, അല്ലെങ്കിൽ അങ്ങനെയൊന്നിന് രൂപം കൊടുക്കുന്നു എന്നു പറയാം. ആണുങ്ങൾ ഉണ്ടാക്കിവച്ച ഈ ചരിത്രയൊരു ചരിത്രം നിർമ്മിക്കേണ്ടതിന്റെ ആവശ്യം ഏതു ഫെമിനിസ്റ്റ് വൈജ്ഞാനികമേഖലയിലും ഉണ്ട് എന്നത് ചരിത്രത്തെക്കുറിച്ച് സ്ത്രീവാദം ഈ ലോകത്ത് ഇന്ന് നിർമ്മിച്ചുവച്ചിട്ടുള്ള ജാഗ്രതയാണ്. ഇത് മറ്റൊരു പുറത്ത് ആണധികാര വൈജ്ഞാനികതയെ ബാധിച്ചിട്ടുണ്ട്. തങ്ങൾ ഉണ്ടാക്കിവച്ച കേവലമായ (മാനവിക / പുരോഗമന / പൗരോഹിത്യ / ശാസ്ത്രീയ / ദേശീയവാദ) ആദർശങ്ങളുടെ മരണാനന്തര ശുശ്രൂഷകളിൽ അഭിരമിച്ച് സ്വയം സംരക്ഷിക്കുകയും, കൂടുതൽ അന്തകശേഷിയുള്ള ഭരണകൂടങ്ങളും ഭീകരതകളും സൃഷ്ടിക്കുകയുമാണ് അത് ചെയ്യുന്നത്. അതുകൊണ്ടുതന്നെ, പെൺ-മനുഷ്യവംശം എന്ന നിലയിൽ തങ്ങൾ സമരം ചെയ്ത് ഉണ്ടാക്കിവച്ചതും ഒട്ടൊക്കെ അഭിമാനിക്കുന്നതുമായ വിപുലപ്പെട്ട ഈ വ്യവസ്ഥയിൽ



**അടിസ്ഥാനപരമായി മനുഷ്യനെന്ന് പറഞ്ഞാൽ 'ആൺ' എന്നു തന്നെ മനസ്സിലാക്കപ്പെടുന്ന ഒരു (ഹ്യൂമനിസ്റ്റ്) ലോകത്ത് പെണ്ണായിരിക്കുക എന്നാൽ എന്താണ് എന്നാണ് സ്ത്രീവാദചിന്ത മുന്നോട്ടുവയ്ക്കുന്ന മർമ്മപ്രധാനമായ പ്രശ്നം. അതുകൊണ്ടുതന്നെ ആൺ മേധാവിത്തപരമായി ഉണ്ടായിവന്നിട്ടുള്ള മാനവികതാവാദത്തെയും അതിന്റെ ഭാഗമായ വലിയൊരു വൈജ്ഞാനികതയേയും സ്ത്രീവാദം പല കാലങ്ങളിൽ വിമർശവിധേയമാക്കിയിട്ടുണ്ട്.**

ത്തിൽ തങ്ങൾ അദൃശ്യരാണ്. അതിനാൽ ചരിത്രത്തെ അഴിച്ചു പണിയുക. അത് ഈ വിമർശമാനവികതയുടെ ഭാഗമാണ്. കാണപ്പെടാതെ പോയവരെ ഒക്കെയും ഉൾക്കൊള്ളിച്ച്, അദൃശ്യമാകുന്നതിനെയൊക്കെ പുറത്തുകാണിച്ച്, നിരന്തരം പുതിത്തന്നെ, വലിയ പരിമിതികൾ ഉണ്ടെന്നത് കണ്ടെത്താൻ ഇന്നോളവും സ്ത്രീവാദജാഗ്രതകൾ തന്നെയാണ് ഏറ്റവും ഫലപ്രദമായി ഉള്ളത്. അത്തരത്തിൽ, പലതരം സ്ത്രീവാദ ധൈഷണിക മുഹൂർത്തങ്ങൾ ചൂണ്ടിക്കാട്ടാവുന്നതാണ്. അതിൽ ഒന്നി

നെക്കുറിച്ചാണ് ഈ കുറിപ്പ്. ജെൻഡർ വിമർശത്തിന്റെ 'സൈബോർഗ്' വഴികളും കലയുടെ ചരിത്രവും സ്ത്രീവാദപരമായി കൂട്ടുപിണയുന്ന ഒരു മുഹൂർത്തത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.


ഡോണ ഹാരാവേ

### സാങ്കേതികവികാസത്തിന്റെ രേഖീയചരിത്രവും ഹ്യൂമനിസ്റ്റ് കലയും

മനുഷ്യന്റെ സാമൂഹ്യചരിത്രത്തിൽ പണിയായുധങ്ങളുടെ വിവിധ പരിണാമഘട്ടങ്ങളുണ്ട്. കൂട്ടുലോഹങ്ങളുടെ വാർപ്പ് വിദ്യകളും, കുംഭാരവിദ്യയും, നെയ്ത്തും ചുമർചിത്രങ്ങളിൽ ഉപയോഗിക്കാനുള്ള വർണ്ണങ്ങളുടെ കണ്ടുപിടുത്തവും കൊട്ടാരങ്ങളുടെയും യുദ്ധസ്മാരകങ്ങളുടെയും കവാടങ്ങളുടെയും മാത്രമല്ല, വീടുകളുടെയും വീട്ടുപകരണങ്ങളുടെയും ചന്തകളുടെയും രൂപകല്പനകളും നിർമ്മാണവും ശിൽപ്പവിദ്യകളുമുണ്ട്. ജീവിതരൂപങ്ങളുമായി അത്രമേൽ ബന്ധിക്കപ്പെടുന്ന വിധത്തിൽ സാമ്രാജ്യങ്ങളും നാട്ടുജീവിതങ്ങളും ഇവയിലെല്ലാം തങ്ങളുടെ ഇടപാടുകൾ നടത്തിയിട്ടുണ്ട്. പക്ഷേ ഈ സാമൂഹിക ചരിത്രത്തിൽനിന്നും വ്യത്യസ്തമായി, യൂറോപ്യൻ ചരിത്രത്തിലെ ഒരു സവിശേഷ ഘട്ടത്തിൽ കല എറിയകൂറും ഒരു സാങ്കേതികനേട്ടത്തിന്റെ കാര്യമായി മാറി. അത് ശാസ്ത്രവും മുതലാളിത്തവും കൈകോർത്ത് രൂപപ്പെടുത്തിയ പാശ്ചാത്യ നവോത്ഥാനത്തിന്റെ കലാബോധത്തിലാണ് സംഭവിച്ചത്. അതിലാണ് സങ്കേതം ഒരു മത്സരാധിഷ്ഠിതമായ രേഖീയവികാസ ചരിത്രമുള്ള കാര്യമായിത്തീർന്നത്. അതിശീഘ്രം പുത്തൻ ആക്കപ്പെടുന്ന സാങ്കേതികവികാസം എന്നത് അതോടെ ഏത് കലയുടെയും ആധുനികതയേയും സമകാലികതയേയും മുഴുവനോടെ നിർണ്ണയിക്കുന്ന കാര്യമാക്കി. അത് ഭൂതകാലത്തെ അപ്രസക്തമാക്കുന്ന വർത്തമാന മുഹൂർത്തം എന്ന ആശയമാണ്. ഭൂമിയിൽ മനുഷ്യജീവിതത്തിന്റെ അതിജീവനസാദ്ധ്യത കൂട്ടുകയും ജീവിതം പൊതുവിൽ സൗകര്യപ്രദമാക്കുകയും ചെയ്യാനുള്ളതെല്ലാം ഈ മത്സരാധിഷ്ഠിതമായ കണ്ടുപിടുത്തങ്ങളിലുണ്ടായിരുന്നു. എന്നു മാത്രമല്ല, രാജവാഴ്ചയെയും മതഭരണകൂടങ്ങളെയും നിഷേധിച്ചുകൊണ്ട് സമത്വം സ്വാതന്ത്ര്യം സാഹോദര്യം തുടങ്ങിയ ആശയങ്ങൾ ഉരുവം കൊള്ളുന്നതും ഇതേ സാങ്കേതികവികാസത്തിന്റെ രേഖീയചരിത്രത്തിൽ ആയിരുന്നു. ഇതെല്ലാം കൂടി സവിശേഷമായൊരു മാനവികതാവാദ പരിസരം സൃഷ്ടിച്ചു.

ഇന്ത്യയിൽ ജീവിച്ചുകൊണ്ടു ഈ കലയെപ്പറ്റി സംസാരിക്കുമ്പോൾ, അഞ്ഞൂറു വർഷത്തെ ഈ മത്സരാധിഷ്ഠിത രേഖീയവികാസത്തിൽ പുലരുന്ന മാനവികതാവാദത്തിന്റെ ഉള്ളിൽ വളർന്ന 'ശാസ്ത്രം' എന്ന ആശയത്തെ സ്വാംശീകരിക്കാൻ ഇപ്പോഴും നിരന്തരം കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ കൊളോണിയൽ ചരിത്രം എഴുന്നേറ്റു നിൽക്കും. പാശ്ചാത്യ മാനവികതാവാദത്തിന്റെ ഉള്ളിൽ 'കല അനുകരണമാണ്'. ചുറ്റുമുള്ള ലോകത്തിന്റെ

കൃത്യം കൺ കാഴ്ചപ്പകർപ്പ് നിർമ്മിക്കുക എന്ന താണ് അതിന്റെ സുപ്രധാന ലക്ഷ്യം. അതിനായി പതിമൂന്നാം നൂറ്റാണ്ട് മുതലുള്ള യൂറോപ്യൻ ചരിത്രം നമുക്ക് കാണിച്ചു തരുന്നത്, അവർ മത്സരിച്ച് കണ്ടെത്തിക്കൊണ്ടിരുന്ന 'ചിത്രീകരണ തന്ത്രങ്ങൾ' ആണ്. സാമൂഹിക ചരിത്രത്തിൽനിന്നും വ്യത്യസ്തമായി സവിശേഷമായ സാങ്കേതികതയിൽ അത്യന്തം ഊന്നിയ യൂറോപ്യൻ കലാചരിത്രത്തിന്റെ ഉരുവം കൊള്ളലും ഇക്കാലത്ത് തന്നെയാണ്. മുതലാളിത്തവും ശാസ്ത്രസാങ്കേതികതയുടെ വികാസവും ചേർന്ന് നിർമ്മിച്ച ആ മാനവീകതാവാദിയായ കലാചരിത്രം അടിസ്ഥാനപരമായി പുരുഷാധിപത്യപരം ആയിരുന്നു. അത് പ്രകൃതിയെ സാമ്പത്തിക കൈമാറ്റവസ്തുവും രമണീയദൃശ്യവുമാക്കി മാറ്റി. ഗ്രേറ്റ് മാസ്റ്റേഴ്സിനെ രൂപപ്പെടുത്തിഴിഞ്ഞിട്ടുണ്ട്. മനുഷ്യവംശത്തിന്റെ നിർമ്മാണങ്ങളുടെ സാമൂഹ്യചരിത്രത്തിൽനിന്നും ഭിന്നമായി, സവിശേഷവും ഉദാത്തവുമായ വിദഗ്ധമേഖല എന്ന നിലയ്ക്ക് നിലക്കുന്ന പുരുഷാധിപത്യപരമായ കലാചരിത്രത്തെ 1960കൾ മുതലേ സ്ത്രീവാദ വിമർശങ്ങൾ തകർക്കുന്നുണ്ട്. മാത്രമല്ല, അവ കലാചരിത്രപരമായ ആർജ്ജിതധാരണകളെ സാമൂഹ്യചരിത്രത്തിൽ നിന്ന് ഭിന്നമല്ലാതെ അതുമായി ഇഴചേർത്തു മുന്നോട്ടെടുക്കുന്നു. കലയും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെ മറ്റൊരു രീതിയിൽ കാണാൻ അത് സഹായിച്ചേക്കും.

ശാസ്ത്രസാങ്കേതികജ്ഞാനത്താൽ രൂപപ്പെട്ട കലാചരിത്രം, ഏറിയകൂറും സ്ത്രീകളെ അദൃശ്യമാക്കിയെന്ന് പറഞ്ഞല്ലോ. ആ സ്ത്രീവാദ വിമർശബോധത്താൽ നോക്കുമ്പോൾ വെളിപ്പെടുന്ന ക




യ മഹത്തായ കണ്ടുപിടുത്തങ്ങളുടെ യൂറോപ്യൻ കലാചരിത്രത്തിൽ സമീപകാലം വരെ സ്ത്രീകൾ രേഖപ്പെട്ടിട്ടില്ലായിരുന്നു. ഇതേ മുതലാളിത്തവും ശാസ്ത്രസാങ്കേതികതയുടെ വികാസവും ചേർന്ന് നിർമ്മിക്കുന്ന കലയുടെ വംശാവലികൾ തന്നെയാണ് ഇന്ന് ആർട്ട് ഗാലറികളും മ്യൂസിയങ്ങളും ഒക്കെ നിർമ്മിക്കുന്ന കലയുടെ സമകാലിക ലോകം. പക്ഷേ ഈ കലാചരിത്രത്തിൽ ഇനിയൊരു അദൃശ്യവൽക്കരണം സാധ്യമല്ലാത്ത വിധം സ്ത്രീവാദപരമായ ചില തിരുത്തലുകൾ ഉയർത്തപ്പെട്ടുകലാചരിത്രത്തിൽ സ്ത്രീകൾക്ക് സാങ്കേതിക വിദ്യയുമായുള്ള ഇതുവരെയുള്ള ബന്ധമെന്താണ്? കയ്യെത്തിപ്പിടിക്കാൻ പറ്റാത്ത അറിവിന്റെ അദ്ഭുതലോകം? ഉടമസ്ഥാവകാശം/കർത്തൃത്വം ഇല്ലാത്ത അറിവ്? ഒരു ആൺലോകത്തിന്റെ പുരോഗമനങ്ങൾക്ക് സാക്ഷി? അല്ലെങ്കിൽ അതിന്റെ ഉപഭോഗി? ഇതെല്ലാം വലിയോരളവോളം കാണാം. പക്ഷേ സ്ത്രീപക്ഷ നോട്ടം ഊന്നൽ കൊടുക്കുന്നത് കലയുടെ ശാസ്ത്ര-സാങ്കേതിക ചരിത്രത്തിൽ സ്ത്രീകളുടെ കർത്തൃത്വം എങ്ങനെയൊക്കെ അദൃശ്യമാ

ണെന്നതിനല്ല. മറിച്ച് എങ്ങനെയൊക്കെ അവ രൂപപ്പെട്ടിരുന്നുവെന്നതിനാണ്. സമകാലിക ലോകത്ത് കലാചരിത്രം എത്തിനില്ക്കുന്ന 'സൈബോർഗ്' വഴികളിൽ, ഏറെക്കാലം അദൃശ്യമായിട്ടും, വിമർശധാരകളായിട്ടും തുടർന്നുകൊണ്ടിരുന്ന സ്ത്രീകളുടെ അവബോധവും സ്ത്രീവാദ സൗന്ദര്യശാസ്ത്രവും ഉണ്ട്. അത് യഥാർത്ഥത്തിൽ എങ്ങനെ പ്രവർത്തിച്ചിരുന്നുവെന്നാണ് നോക്കേണ്ടത്. സമൂലം മാറുന്ന ചിന്താജീവിതത്തിന്റെ ഭാഗമായി ഉണ്ടാകുന്നതാണ് സ്ത്രീവാദ വിമർശങ്ങൾ.

വരുന്നതാണ്. 1985ൽ സോഷ്യലിസ്റ്റ് റിവ്യൂവിൽ ഡോണാ ഹാരവേ എഴുതിയ 'സൈബോർഗ് മാനിഫെസ്റ്റോ' ആ വഴിക്കുള്ള ആദ്യ ശ്രമങ്ങളിൽ പ്രധാനമാണ്. പ്രകൃതിയേയും യന്ത്രങ്ങളെയും തനിക്ക് പ്രയോജനപ്പെടുന്ന ഉപകരണങ്ങളായിട്ടും വിഭവങ്ങളായിട്ടും രൂപാന്തരപ്പെടുത്തി കീഴ്പ്പെടുത്തുന്ന മനുഷ്യന്റെ രീതി ഇന്നും പ്രബലമാണ്. അതിൽ മുൻകാലങ്ങളിൽ രൂപപ്പെട്ട വൈരുധ്യാധിഷ്ഠിതമായ ഭാവനയുടെ ചരിത്രവും തുടരുന്നുണ്ട്. മനുഷ്യൻ പ്രകൃതി കൂടി ആണെന്ന ധാരണയേ കൂ

**സ്ത്രീപക്ഷ നോട്ടം ഊന്നൽ കൊടുക്കുന്നത് കലയുടെ ശാസ്ത്ര-സാങ്കേതിക ചരിത്രത്തിൽ സ്ത്രീകളുടെ കർത്തൃത്വം എങ്ങനെയൊക്കെ അദൃശ്യമാണെന്നതിനല്ല. മറിച്ച് എങ്ങനെയൊക്കെ അവ രൂപപ്പെട്ടിരുന്നുവെന്നതിനാണ്. സമകാലിക ലോകത്ത് കലാചരിത്രം എത്തിനില്ക്കുന്ന 'സൈബോർഗ്' വഴികളിൽ, ഏറെക്കാലം അദൃശ്യമായിട്ടും, വിമർശധാരകളായിട്ടും തുടർന്നുകൊണ്ടിരുന്ന സ്ത്രീകളുടെ അവബോധവും സ്ത്രീവാദ സൌന്ദര്യശാസ്ത്രവും ഉണ്ട്.**



#### 1985 ലെ സൈബോർഗ് മാനിഫെസ്റ്റോ


പ്രകൃതി നിയമങ്ങളെയും മനുഷ്യന്റെ ഇതുവരെയുള്ള ഇടപാടുകളെയും അകവും പുറവുമെന്ന് വിഭജിക്കാതെ, സംവാദത്തിലാക്കാൻ കഴിയുമോ എന്നുള്ള ചോദ്യം ചിന്തയുടെ മറ്റൊരു ഉദ്ഭവത്തിൽ നിന്നും, ഒരു സ്ത്രീപക്ഷക്കാഴ്ചയിൽ നിന്നും,

ടാതെ, തന്റെ മഹിമ ഉയർത്തിപ്പിടിക്കുന്ന ഒരു വ്യാജസ്ഥാനം നിർമ്മിച്ചുകൊണ്ട് പ്രകൃതിയിൽനിന്നും അകന്നുനിന്നു പുറത്തേക്ക് നോക്കിക്കാണുകയും നേർപ്പകർപ്പ് എടുക്കുകയും ചെയ്യുന്ന ഒരുതരം ഭാവാത്മകബന്ധം മനുഷ്യൻ (കൃത്യമായി പറഞ്ഞാൽ മനുഷ്യരിലെ പുരുഷാധിപത്യം) പ്രകൃതിയുമായി ഉണ്ടാക്കിയെടുത്തിരുന്നു. അവയിൽ പലതും

കലാസൃഷ്ടിപരം കൂടിയാണ്. പക്ഷേ സൈബോർഗ് എന്ന വാക്ക്, പ്രകൃതിയും മനുഷ്യനും യന്ത്രവും തമ്മിലുള്ള ബന്ധങ്ങളുടെ വളരെ കാലികമായ ഒരു പുനർവിന്യാസത്തെ സൂചിപ്പിക്കുന്ന വാക്കാണ്. ഈ പുനർവിന്യാസത്തിൽ സ്ത്രീവാദം ഇന്ന് അതിശക്തമായ ഒരു അന്തർധാരയാണ്.

മനുഷ്യനെയും മൃഗത്തെയും യന്ത്രത്തെയും പരസ്പരം ഭിന്നമെന്നു വിവേചിക്കുന്നവിധത്തിൽ നിലവിലിരിക്കുന്ന എല്ലാ മനുഷ്യകേന്ദ്രീത വിചാര പദ്ധതികളെയും അപ്രസക്തമാക്കുന്ന ഒന്നായിരുന്നു ഹാരാവേ അവതരിപ്പിച്ച *സൈബോർഗ് മാനിഫെസ്റ്റോ* (*A Manifesto for Cyborgs: Science, Technology and Socialist Feminism in the 1980s*, Socialist Review-80 (66-107). 1985 ൽ അതൊരു സ്വപ്നമായിരുന്നു. മനുഷ്യനും പ്രകൃതിയും യന്ത്രവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ അപരിഹാര്യമായിരിക്കെ, അവ ഒരിക്കലും വൈരുദ്ധ്യങ്ങളുടെ സമഗ്രതയിലേക്ക് കടക്കയില്ല എന്നുറപ്പായ ഘട്ടത്തിൽ ഒരു സ്ത്രീ ചിന്തക അവതരിപ്പിച്ച സ്വപ്നമാണ് *സൈബോർഗ് മാനിഫെസ്റ്റോ.* പൊരുത്തമില്ലാത്ത സംഗതികളെ കൂട്ടിപ്പിടിക്കുന്നതിലെ സമ്മർദ്ദം അതിലുണ്ടായിരുന്നു. അത് ആ സ്വപനത്തെ ഒരു വ്യാജോക്തിയായി അന്ന് അനുഭവപ്പെടുത്തുമെന്ന് ഹാരവേ തന്നെ ആ മാനിഫെസ്റ്റോയുടെ തുടക്കത്തിൽ സൂചിപ്പിക്കുന്നുണ്ട്. കാരണം അതിലെ സൈദ്ധാന്തികവും പ്രായോഗികവുമായ സമരം, പുരുഷാധിപത്യപരമായ ഹ്യൂമനിസ്റ്റ് വ്യാജസ്ഥാനങ്ങൾ മുന്നോട്ടുവയ്ക്കുന്നതുപോലെയുള്ള 'മേൽക്കോയ്മയിലൂടെയുള്ള അതിജീവന'ത്തിന് എതിരാണ്. സമീകരണത്തിലൂടെയുള്ള സഹജീവനത്തിനും അത് എതിരാണ്. പിതൃമേധാവിത്തത്തിന്റെയും കൊളോണിയലിസത്തിന്റെയും ശാസ്ത്രവാദത്തിന്റെയും ഖേദരഹിതമായ രീതികൾക്ക് എതിരാണത്. തന്റെ നിലപാട് ജൈവമാണെന്നോ നൈസർഗ്ഗികമാണെന്നോ ഉള്ള മനുഷ്യന്റെ ഏത് അവകാശവാദത്തെയും 'സൈബോർഗ് മാനിഫെസ്റ്റോ' തള്ളിക്കളഞ്ഞു. പ്രകൃതിയും മനുഷ്യനും യന്ത്രങ്ങളും എല്ലാംതന്നെ പരസ്പരം ആഘാതം സൃഷ്ടിച്ചുകൊണ്ട് കയറിക്കിടക്കുന്ന ബന്ധത്തിലായിരിക്കെ, 'ജൈവം' എങ്ങനെ സാധ്യമാകും !

**സൈദ്ധാന്തികവും പ്രായോഗികവുമായ സമരം, പുരുഷാധിപത്യപരമായ ഹ്യൂമനിസ്റ്റ് വ്യാജസ്ഥാനങ്ങൾ മുന്നോട്ടുവയ്ക്കുന്നതുപോലെയുള്ള 'മേൽക്കോയ്മയിലൂടെയുള്ള അതിജീവന'ത്തിന് എതിരാണ്. സമീകരണത്തിലൂടെയുള്ള സഹജീവനത്തിനും അത് എതിരാണ്. പിതൃമേധാവിത്തത്തിന്റെയും കൊളോണിയലിസത്തിന്റെയും ശാസ്ത്രവാദത്തിന്റെയും ഖേദരഹിതമായ രീതികൾക്ക് എതിരാണത്. തന്റെ നിലപാട് ജൈവമാണെന്നോ നൈസർഗ്ഗികമാണെന്നോ ഉള്ള മനുഷ്യന്റെ ഏത് അവകാശവാദത്തെയും 'സൈബോർഗ് മാനിഫെസ്റ്റോ' തള്ളിക്കളഞ്ഞു.**




ഇരുപതാം നൂറ്റാണ്ടൊടുവിലെ ശാസ്ത്രവും സാങ്കേതിക വിദ്യയും സോഷ്യലിസ്റ്റ് ഫെമിനിസവും ചേർന്ന ഒരു പുതിയ ചിന്താപദ്ധതിയായിരുന്നു അത്. പുരുഷാധിപത്യ സമൂഹങ്ങളുടെ മനുഷ്യകേന്ദ്രീതത്വത്തെ ഏറ്റവും ഫലപ്രദമായി ചോദ്യം ചെയ്യാൻ ശ്രമിച്ച ഒരു സ്ത്രീവാദപ്രവർത്തനത്തിന്റെ

ഭാഗമായാണ് സൈബോർഗുകളെപ്പറ്റിയുള്ള ഭാവനകൾ ഉടലെടുത്തത് എന്നത് പ്രധാനമാണ്. ഹാരാവേയെപ്പോലെ റാഡിക്കൽ ആയ സോഷ്യലിസ്റ്റ് / മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ അവരുടെ (അഥവാ, നമ്മുടെ) മനുഷ്യവംശപ്രധാനം മാത്രമായ സ്വന്തം വിജ്ഞാനശാസ്ത്രശാഖയെത്തന്നെ അട്ടിമറിച്ചുകൊണ്ടാണ് ഇതിന് മുതിരുന്നത്. സാധ്യമാകുന്ന സഹജീവനം എന്താണെന്ന് തിരിച്ചറിയാൻ സ്വന്തം വ്യവസ്ഥയെത്തന്നെ ആട്ടിമറിക്കണം. ഇത് ആദ്യപടിയാണ്. പാശ്ചാത്യ രാഷ്ട്രീയസമൂഹത്തിന്റെ എല്ലാ വിജ്ഞാന-ശാസ്ത്ര-വ്യവഹാരങ്ങളും ഒരു സഹജീവനത്തിന് സാദ്ധ്യത കണ്ടെത്തുന്ന കാര്യത്തിൽ പരാജയമാണെന്നത് കാണാനിരിക്കുന്നതെയുള്ളൂ എന്ന് അന്ന് ഹാരാവേ എഴുതുകയുണ്ടായി. ഇരുപതാം നൂറ്റാണ്ടൊടുവിൽ, ആധുനികവൈദ്യശാസ്ത്രം, ഉൽപ്പാദനരീതികൾ, യുദ്ധങ്ങൾ എന്നുവേണ്ട ശാസത്രനോവൽ വരെ സൈബോർഗുകളുടെ ഒരു ലോകമാണ്. സാമൂഹികവും ശാരീരികവുമായ സൈബോർഗിയൻ യാഥാർത്ഥ്യങ്ങൾ, കോഡുകളിൽ പ്രവർത്തിക്കുന്ന ഒരു ലോകത്തിന്റേതാണ്. യാഥാർത്ഥ്യങ്ങളെ ഭാവനാത്മകമായ സമ്പത്തുകളായി കണ്ട് ക്രോഡീകരിച്ചുകൊണ്ട് ലോകത്തിന് ഫലപ്രദമായ വിധം ജീവലോകവും മനുഷ്യനും യന്ത്രങ്ങളും തമ്മിലിണക്കുന്ന ചിലതരം കൊളുത്തുകളെ (couplings) തിരിച്ചറിയാനുള്ള പരിശ്രമമായിരുന്നു *സൈബോർഗ് മാനിഫെസ്റ്റോ.*

അന്ന് മുതൽ ഇന്നോളം പിന്നിട്ട മൂന്നു ദശകങ്ങളിൽ സർഗ്ഗാത്മകതയുടെ സാമൂഹ്യചരിത്രത്തിൽ സൈബോർഗിന്റെ വഴികൾ വളരെയേറെ ശക്തി പ്രാപിച്ചിട്ടുണ്ട്. ഹാരാവേ മുന്നോട്ടു വച്ചത് ഒരു ആദർശ മാതൃകയല്ല. ജീവലോകവും മനുഷ്യനും യന്ത്രങ്ങളും തമ്മിലുള്ള കൊളുത്തുകൾ ഇന്ന് അതിന്റെ ലോകം നിർണ്ണയിക്കുന്നത് എപ്പോഴും ലോകത്തിന് ഫലപ്രദമായ വിധത്തിൽ ആണെന്ന് പറയാനാകില്ല. ഭരണകൂടങ്ങളും വിപണിയും അവയുടെ സുരക്ഷക്കും നിലനിൽപ്പിനും വേണ്ടിയാണ് കൂടുതലും സൈബോർഗ് വഴികൾ രൂപപ്പെടുത്തുന്നത്. സൈബോർഗിയൻ ആലോചനകൾ ഇന്ന് കലയിലും വ്യാപകമായി ഉയർത്തപ്പെടുന്നുണ്ട്, വരേണ്യമായ സാങ്കേതികതയുള്ള, വൻ മൂലധന മുതൽമുടക്കുള്ള ശാസ്ത്രപക്ഷത്തുനിന്നുള്ള ഒരു അന്വേഷണം എന്നോണം.

പക്ഷേ, സാമാന്യമായി പറഞ്ഞാൽ, ഡിജിറ്റൽ കാലഘട്ടത്തിന്റെ ഉപകരണങ്ങൾക്ക് നമുക്കിടയിലുള്ള സാംസ്ക്കാരികമായ വലിയ വ്യാപകത്വത്തിന്റെ ഭാഗവുമായി ഉണ്ടായിട്ടുള്ള ഒന്നാണ് സൈബോർഗിന്റെ ലോകം. പക്ഷേ ഈ ഡിജിറ്റൽ ലോകം ശക്തിപ്പെടും മുൻപേ തന്നെ നമുക്കിടയിൽ സ്ത്രീവാദം ഒക്കെ ശക്തിപ്പെട്ടിട്ടുണ്ട് എന്നതാണ് പ്രധാനം. കേരളത്തിന്റെ സവിശേഷ സാക്ഷര-സാഹചര്യം തന്നെ നോക്കാം. സ്ത്രീ ശാക്തീകരണ പ്രസ്ഥാനങ്ങൾ ഭരണകൂട തലം മുതൽ താഴേത്തട്ടിൽ വരെ വ്യാപകമായിരിക്കുന്നു. മുൻകാലങ്ങളിൽ നിന്നു വ്യത്യസ്ഥമായി ഡിജിറ്റൽ ലോകത്തിന്റെ നിർമ്മിതിയിലും അതിന്റെ വൈജ്ഞാനികതയിലും ലോകമൊട്ടാകെ വ്യാപകമായി സ്ത്രീകളുടെ ബൗദ്ധിക അദ്ധ്വാനം ഇടപെട്ടിട്ടുണ്ട്. പക്ഷേ ഡിജിറ്റൽ ലോകത്ത് സ്ത്രീകൾ കൂടുതൽ പങ്കാളികളാകുന്നത് വിവേചനരഹിതമായ ഒരു ലോകം ഇവിടെ ഉണ്ടായിക്കഴിഞ്ഞിട്ടുള്ളതുകൊണ്ടല്ല. ഈ സാങ്കേതികലോകമപ്പാടെ ഒരു 'കെണി'യാണ് എന്ന് ഏതുനേരവും സ്ത്രീകളെ ഉദ്ബോധിപ്പിക്കുന്ന പൊതുബോധം അതിന്റെ വഴികൾ അതിശക്തമായി തുടരുന്നുമുണ്ട്. എന്നിട്ടും ഡിജിറ്റൽ ലോകത്തുനിന്നും പെണ്ണുങ്ങളെ മുൻപത്തെ പൊതു മണ്ഡലങ്ങളിൽനിന്നെന്ന പോലെ പെട്ടെന്ന് അദൃശ്യമാക്കാനാകുന്നില്ല.

എന്താണ് ഇന്ന് ഡിജിറ്റൽ ഭാഷാലോകത്ത് സ്ത്രീകളുടെ വർദ്ധിതവും നിരന്തരവുമായ ഈ ഇടപാടിനു കാരണം? മനുഷ്യസമൂഹങ്ങൾ പരസ്പരം ചെലുത്തുന്ന സാമ്പ്രദായിക ക്രമങ്ങളുടെ നിയന്ത്രണം അസാധ്യമാക്കുന്ന ഒരു അസ്ഥിരത, ഒരർത്ഥത്തിൽ ഡിജിറ്റൽ ലോകത്ത് ഉള്ളതുകൊണ്ടാകാം. ഡിജിറ്റൽ ഭാഷയുടെ അടിസ്ഥാനപരമായ ക്രമാതീതത്വമാണ് അത് സാധ്യമാക്കുന്നത്. മനുഷ്യൻ യന്ത്രത്തിലൂടെയും മറ്റു ജീവലോകത്തിലൂടെയും തന്റെ തന്നെ സാധ്യതകളിൽ വീണ്ടും പുതിയ മട്ടുകളിൽ ചെന്നു മുട്ടുന്നു. സൈബോർഗിന്റേത് ആ പ്രക്രിയയാണ്. ചരിത്രം മുന്നിൽ വച്ച ഓരോരോ ഇരുട്ടടവുകളിലും സർഗ്ഗാത്മകരായ സ്ത്രീകൾ ഇങ്ങനെ നിരന്തരം പരസ്പരം അനുഭവങ്ങളുടെ 'കൊളുത്തിൽ'പെടുന്ന അസ്ഥിരലോകത്തെ ഉള്ളാലെ ആഗ്രഹിച്ചിരുന്നു എന്നുവേണം കാണാൻ. പുരുഷാധിപത്യ കേന്ദ്രീതമായ ആദർശസമൂഹസൃഷ്ടികളുടെ നിഷ്ഫലതയെ വെളിപ്പെടുത്തിക്കൊണ്ട് ഉണ്ടായിവന്ന 'സൈബോർഗ് മാനിഫെസ്റ്റോ' ഫലത്തിൽ മനുഷ്യനും പ്രകൃതിയും യന്ത്രങ്ങളും തമ്മിലുള്ള അനിവാര്യവും അസ്ഥിരവുമായ ബന്ധങ്ങളുടെ കാലത്തെക്കുറിച്ചുകൂടിയുള്ള സൂചനയാണ് പകർന്നത്.

ചർച്ചാവിഷയം




**മായ എസ്.**
അദ്ധ്യാപിക, ഫിലോസഫി വിഭാഗം,
ശ്രീ കേരള വർമ്മ കോളേജ്, തൃശ്ശൂർ



ബെറ്റി ഫ്രീഡൻ

# ഫെമിനിൻ മിസ്റ്റിക്




'ഫെമിനിൻ മിസ്റ്റിക്' എന്ന പേരിൽ 1963-ൽ അമേരിക്കൻ ഫെമിനിസ്റ്റ് ബെറ്റി ഫ്രീഡൻ എഴുതിയ പുസ്തകം ഇക്കാലത്തും വളരെ പ്രസക്തമാണ്. പ്രത്യേകിച്ചും ഇന്ത്യൻ സമൂഹത്തിൽ കുടുംബിനി സങ്കല്പങ്ങൾ ഇന്നും ശക്തമാണ് എന്നിരിക്കെ അതേക്കുറിച്ചുള്ള വിമർശനചിന്തകൾക്ക് ഈ പുസ്തകത്തെ ഓർമിക്കുന്നതും വായിക്കുന്നതും ഗുണകരമാകും. സ്ത്രീത്വത്തിന്റെ പ്രത്യേക കഴിവാണ് അദ്ഭുതകരമാംവിധം എല്ലാ ഗാർഹസ്ഥ്യവേലകളും ചെയ്യലും കുടുംബാംഗങ്ങൾക്കുള്ള സേവനം ഉറപ്പുവരുത്തലും എന്ന തരത്തിലുള്ള ചിന്താഗതി അമ്പതു വർഷം മുൻപ് വരെയും അമേരിക്കയിലും സാധാരണമായിരുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ ആവിർഭാവത്തിനു കാരണം. ടീനേജിന്റെ അവസാനമെത്തുമ്പോൾതന്നെ പഠനം ഉപേക്ഷിച്ച് കല്യാണം കഴിക്കേണ്ടിയും കുഞ്ഞുങ്ങളെ ഉദ്പാദിപ്പിച്ച് നോക്കിവളർത്തേണ്ടി വരികയും ചെയ്യുന്ന അവസ്ഥ അക്കാലത്ത് പാശ്ചാത്യ സ്ത്രീകൾക്കുണ്ടായിരുന്നു എന്നതിനാലാണ് സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ രണ്ടാംതരംഗ കാലത്ത് ഇങ്ങനെയൊരു പുസ്തകം എഴുതപ്പെ




ടുന്നത് എന്നത് ശ്രദ്ധേയമാണ്. 2023 ഫെബ്രുവരിയിൽ ഈ പുസ്തകത്തെക്കുറിച്ചുള്ള വിശകലനം എഴുതുമ്പോൾ ഈ പുസ്തകത്തിന്റെ അറുപതാം വാർഷികമാണ് എന്നതും പ്രത്യേകം ഓർക്കാവുന്നതാണ്. ഇക്കാലയളവിൽ അമേരിക്കൻ സമൂഹത്തിലും ഇന്ത്യൻ സമൂഹത്തിലും ഒക്കെയുണ്ടായിട്ടുള്ള ക്വിയർ ഫെമിനിസ്റ്റ് / ലിംഗപദവി ചർച്ചകളുടെ വികാസത്തിന്റെ സാഹചര്യത്തിലും ഈ പുസ്തകം പ്രസക്തമല്ലാതാവുന്നില്ല. കാരണം ക്വിയർ വ്യക്തികളെയും വ്യവസ്ഥാപിത ലിംഗപദവി-ലക്ഷണങ്ങളും കുടുംബഘടനയുടെ ആശയങ്ങളും ആധിപത്യങ്ങളും ജീവിതശൈലീ പ്രശ്നങ്ങളും ബാധിക്കുന്നുണ്ട് എന്നതു നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്.

ഫെമിനിൻ മിസ്റ്റിക് എന്ന വാക്പ്രയോഗത്തിലൂടെ, അദ്ഭുതകരമായതെന്നോ അനിർവചനീയമായതെന്നോ അജ്ഞേയമായതെന്നോ പറയാവുന്ന എന്തോ പ്രതിഭാസമാണീ കുടുംബസ്ത്രീ എന്ന തരത്തിൽ അതിനെ മിസ്റ്റിക് ആയി നോക്കിക്കാണുന്നതിൽ വിരോധാഭാസം ആണ് ഉദ്ദ്യേശിക്കുന്നതെന്നു കാണാം. എങ്ങനെയാണ് സ്ത്രീയെ അത്തരത്തിൽ കാണുന്നത് എന്നും അതിൽ അന്തർലീനമായ വിവേചനരാഷ്ട്രീയവും തുറന്നു ചർച്ച ചെയ്യുക എന്നതാണ് ബെറ്റി ഫ്രീഡൻ ഉദ്ദ്യേശിക്കുന്നത് എന്ന് വ്യക്തം. ഇതെഴുതപ്പെടുന്നതിന്റെ നൂറുവർഷത്തോളം മുമ്പ്- ലോകമഹായുദ്ധങ്ങൾക്ക് മുൻപ്- അമേരിക്കയിൽ നടന്ന ഒന്നാം ഫെമിനിസ്റ്റ്തരംഗം അത്രക്കൊന്നും ചർച്ച ചെയ്യാതിരുന്ന വ്യക്തിജീവിതത്തിന്റെ മേഖലയാണ്, സ്ത്രീയെ എങ്ങനെ കുടുംബിനി മാത്രമായി തളച്ചിടുന്നു എന്നതാണ്, ഇതിലെ പ്രധാന പ്രമേയം. വോട്ടവകാശം തുടങ്ങിയ സാമൂഹ്യ അവകാശങ്ങൾക്കായി ഉയർന്നുവന്ന അമേരിക്കൻ സ്ത്രീപ്രസ്ഥാനങ്ങളുടെ ഒന്നാംതരംഗത്തിലേതിൽ നിന്നും വ്യത്യസ്തമായി, രണ്ടാംതരംഗം മുന്നോട്ടു വെച്ചത് സ്ത്രീയുടെ അധമാവസ്ഥയ്ക്കുള്ള പ്രധാനകാരണം വ്യക്തിജീവിതത്തിലെ അടിമത്തം കൂടിയാണ് എന്ന് തന്നെയാണ്. മാർക്സിസ്റ്റു/ഇടതുപക്ഷ രാഷ്ട്രീയത്തിലും ചേർന്നും വിവേചനങ്ങൾക്കെതിരെ സാമൂഹ്യ പ്രവർത്തനം നടത്തിയിരുന്ന ഫ്രീഡൻ, സ്ത്രീ-പുരുഷ വിവേചനത്തിനെതിരായി പ്രത്യേകം സംഘടനകളിൽ ഊർജ്ജസ്വലയായി പ്രവർത്തിച്ചിരുന്നു. ഇതിന്റെ വെളിച്ചത്തിൽ ത്തന്നെയാണ് അവർ 'ഫെമിനിൻ മിസ്റ്റിക്' എന്ന പുസ്തകം രചിക്കുന്നതും. മാർക്സിസ്റ്റ് സംഘടനാ പ്രവർത്തനത്തിൽ ഫ്രീഡൻ ഉണ്ടായിരുന്നു എന്നതിനാൽ അവർ ഒരു സോഷ്യലിസ്റ്റ് ഫെമിനിസ്റ്റ് ആയിരുന്നോ എന്ന് ചിന്തിക്കാവുന്നതാണ്. അതെസമയം പല പരാമർശങ്ങൾ അവരെ ലിബറൽ ഫെമിനിസത്തിന്റെ തുടർ വക്താവായും കാണുന്നു. എന്നാൽ ഈ സൈദ്ധാന്തിക തരംതിരിക്കലുകൾ തന്നെ ഇടകലർന്നതാകാം എന്ന യാഥാർഥ്യവും മനുഷ്യർ ഇത്തരം ഏതെങ്കിലും ഒരു ചിന്താഗതിയിൽ മാത്രം ഒതു






ങ്ങി നിൽക്കണമെന്നില്ല എന്ന യാഥാർത്ഥ്യവും ഫ്രീഡന്റെ എഴുത്തിനെയും പ്രസ്താവനകളെയും നോക്കിക്കാണുന്നതിനുപകരിക്കും. ആത്യന്തികമായി അവർ ഒരു റാഡിക്കൽ ഫെമിനിസത്തിന്റെ പ്രയോക്താവായും വായിക്കപ്പെടാമെന്ന് അവരുടെ പുസ്തകത്തിലെ പിതൃമേധാവിത്വ-കുടുംബഘടനയ്ക്കെതിരെയുള്ള വാദങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

*അമേരിക്കൻ ജീവിതത്തിന്റെ സ്ത്രീപക്ഷ-സാമൂഹികാവലോകനം*

അമേരിക്കയിലെ സ്ത്രീകൾ പേരെന്തെന്നറിയാത്ത ഒരു പ്രശനം അനുഭവിക്കുന്നു എന്ന തരത്തിലാണ് പുസ്തകത്തിലെ ആദ്യ അദ്ധ്യായം തുടങ്ങുന്നത്. എല്ലാവിധ സുരക്ഷയുടെയും സമ്പത്തിന്റെയും നടുവിലും സ്ത്രീകൾ അനുഭവിക്കുന്ന എന്തോ ഒരു പ്രശനം അഥവാ സന്തോഷമില്ലായ്ക എന്ന തരത്തിൽ വീട്ടമ്മമാരുടെ അവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്നു. യുവസുന്ദരനും നല്ല ശമ്പളമുള്ളവനുമായ ഭർത്താവ്, പിന്നെ കുട്ടികൾ നല്ല വീട് ആവശ്യത്തിന് ആസ്വാദനസാധ്യതകളായ ബർത്ഡേ പാർട്ടി, ഡിന്നറുകൾ തുടങ്ങിയവ, എല്ലാമായാലും സ്ത്രീകൾ സന്തോഷവതികളായിരുന്നില്ല എന്ന കണ്ടെത്തൽ ഫ്രീഡൻ നേരിട്ടറിയാവുന്ന സ്ത്രീകളിൽ നിന്ന് മാത്രം മനസ്സിലാക്കിയതല്ല. അവർ പഠിച്ചിരുന്ന സ്മിത്ത് കോളേജിലേക്ക് ഒരു ചോദ്യാവലി കൊടുത്തു മറുപടി കിട്ടിയതിൽ എല്ലാ സ്ത്രീകളും പങ്കുവെച്ച ഈ യാഥാർഥ്യം ഫ്രീഡണിൽത്തന്നെ ഞെട്ടലുളവാക്കിയിരുന്നു. നമ്മുടെ കവിതയിൽ പറയും പോലെ 'ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും, ബന്ധനം ബന്ധനം തന്നെ പാരിൽ' എന്ന് തന്നെയാണ് അമേരിക്കൻ വനിതകളും ചിന്തിച്ചത്. ഇത് പേരില്ലാത്ത ഒരു പ്രശ്നമായി തിരിച്ചറിയണമെന്നുള്ളത് പരാമർശിച്ചുകൊണ്ടു ഫ്രീഡൻ എഴുതിയ 'ഫെമിനിൻ മിസ്റ്റിക്' എന്ന പുസ്തകം അ



**ഓഗസ്റ്റ് 26, 1970: ബെറ്റി ഫ്രീഡൻ സ്ത്രീകളുടെ സമത്വത്തിനായുള്ള സമരത്തിന് നേതൃത്വം നൽകി**

ക്കാലത്ത്  അമേരിക്കൻ സമൂഹത്തിൽ വലിയ കോളിളക്കമുണ്ടാക്കി. സാധാരണക്കാരായ വായനക്കാരടക്കം വായിക്കുകയും ചർച്ചചെയ്യുകയും ചെയ്ത പുസ്തകം അമേരിക്കയിലെ സ്ത്രീജീവിതത്തിന്റെ വിവേചനാത്മകമായ അവസ്ഥയെ കുറിച്ചുള്ള പുനർവിചിന്തനം സാധ്യമാക്കി എന്ന് തന്നെ പറയാം. കുട്ടികളുള്ള യുവമാതാക്കൾ തങ്ങൾ വിവാഹത്തിനാൽ ട്രാപ് ചെയ്യപ്പെട്ടു എന്ന് തോന്നുന്നതായി പറയുന്നത്,  യഥാർത്ഥത്തിൽ കുടുംബജീവിതത്തെപ്പറ്റി അവരെന്തു കരുതുന്നു എന്നതിന്റെ വെളിപ്പെടുത്തലിന്റെ തുടക്കമായിരുന്നു.

മൂന്നു മുതൽ ആറു വരെ കുട്ടികളുള്ള കുടുംബങ്ങളാണ് അഞ്ചാറു പതിറ്റാണ്ടുകൾക്കപ്പുറം അകം വലിയ പങ്കു വഹിച്ചു. പേരറിയാത്ത പ്രശ്നമുള്ള സന്തോഷവതികളെന്നു മറ്റുള്ളവർക്കും സ്വയം തന്നെയും തോന്നിച്ച സ്ത്രീകൾക്കുണ്ടാകുന്ന വ്യക്ത്തിത്വ പ്രശ്നങ്ങൾ ഫ്രീഡൻ ചർച്ച ചെയ്യുന്നു. സ്വന്തം ജീവിതത്തെയും തന്റെ കൂട്ടുകാരികളുടെ ജീവിതത്തെയും മുൻനിർത്തിയും അവർ സ്ത്രീയവസ്ഥ വിശകലനം ചെയ്യുന്നു. സ്ത്രീകളെ ഇരുപതു-ഇരുപത്തൊന്നു വയസ്സിനു ശേഷം അവരായി കാണുകയില്ല എന്നും അവർ കുടുംബിനികളായ അമ്മമാരായി മാറുന്നുവെന്നും ഉള്ള പ്രശ്നം മനോഹരമായ ലളിതഭാഷയിൽ പറയുന്നു. കോളേജ് കാന്റീനിൽ ഇരിക്കുന്ന പെൺകുട്ടികളുടെയധികം പേരുടെയും ഇടതു കൈവിരലിൽ വിവാഹ




മേരിക്കയിലെയും മാതൃക എന്ന വാസ്തവം ഫ്രീഡന്റെ പുസ്തകത്തിൽ നമുക്ക് വായിക്കാം. പുരുഷന്മാർക്കിഷ്ടപ്പെടും വിധം ഏറ്റവും ഭംഗിയായി പാവാട ധരിക്കുന്നതും മുടിയൊരുക്കുന്നതും, അവരവരുടെ സൗന്ദര്യത്തിലും ഗൃഹപരിപാലനത്തിനുള്ള കഴിവിലും അഭിമാനിക്കുന്നതുമൊക്കെയായ സ്ത്രീകളായി അമേരിക്കൻ സ്ത്രീ ജീവിച്ചുവന്നു. എങ്കിലും എന്തോ ഒരു സന്തോഷമില്ലായ്മയും അവരെ പിടികൂടിയിരുന്നു എന്നതു തിരിച്ചറിയാൻ സ്ത്രീകളെ പ്രാപ്തമാക്കുന്നതിനും ഈ പുസ്ത മോതിരം കാണാം എന്നു പറയുന്നിടത്ത് അരനൂറ്റാണ്ടിനു ശേഷവുമുള്ള  ഇന്ത്യൻ കോളേജുകളിലെ അവസ്ഥ ഏകദേശം ഇതുപോലെയൊക്കെയാണെന്നു നമ്മെ ഓർമിപ്പിക്കും. സ്ത്രീകളുടെ ഇത്തരം ജീവിതാവസ്ഥകൾ ലോകോത്തര പ്രതിഭാസമാണെന്നും പലയിടത്തും ഇത് മാറിവരുന്നതിന് അതേക്കുറിച്ചുള്ള തുറന്നെഴുത്തുകളും തുറന്ന ചർച്ചകളും തന്നെയാണ് ഇടവെച്ചിട്ടുള്ളതെന്നും കാണാം.

സ്വന്തം തലമുറയിലെ സ്ത്രീകളുടെ ജീവിത

ത്തിലെ സമാധാനക്കേട് എന്തെന്ന് ഫ്രീഡൻ പുസ്തകത്തിലൂടെ ചികഞ്ഞെടുക്കുകയാണ് ചെയ്തത്. അവർ പത്രപ്രവർത്തകജോലി വേണ്ടെന്നു വെക്കുകയും കുടുംബം പുലർത്തി കുട്ടികളെ നോക്കിയിരിക്കുകയും ചെയ്തപ്പോളും, ചിന്തിക്കുകയും അതിലൂടെ സ്ത്രീയുടെ വ്യക്തിത്വം, പ്രവർത്തനക്ഷമത എന്നീ കാര്യങ്ങളെക്കുറിച്ച് തിരിച്ചറിഞ്ഞു പ്രശ്നവൽക്കരിക്കുകയും ചെയ്യുന്നു. എങ്കിലും ഫ്രീഡൻ ഉപരിവർഗ സ്ത്രീകളുടെ കാര്യമാണ് ഉദാഹരണമാക്കിയത് എന്നുള്ള വിമർശനം ഉണ്ട്. ഉപരിവർഗ്ഗ വെള്ളക്കാരികളായ സ്ത്രീകളാണ് പഠനത്തിലെ കേന്ദ്രം എന്ന പ്രശ്നം നിലനിൽക്കെത്തന്നെ, കുടുംബിനിയും കുട്ടികളെ ഉൽപാദിപ്പിച്ച് പരിപാലിക്കുന്നവളും മാത്രമായി സ്ത്രീജീവിതം മാറുന്നതിനെ അവർ ഈ പുസ്തകത്തിലൂടെ വിമർശിച്ചു പരസ്യപ്രശ്നമാക്കി എന്നത് പ്രസക്തതഘാതമാകും എന്നവർ ചൂണ്ടിക്കാണിക്കുന്നു. ഇന്ത്യയിലേതു പോലുള്ള സമൂഹങ്ങളിൽ ഇത്തരം പുസ്തകങ്ങളുടെയും സാമൂഹ്യ ഉദാഹരണങ്ങളുടെയും ചർച്ചകൾ ഉണ്ടാകുക എന്നത് ഇപ്പോഴും അനിവാര്യമാണ് .

സിമോൺ ദി ബുവ്വേയിനാൽ സ്വാധീനിക്കപ്പെട്ട ബെറ്റി ഫ്രീഡൻ, സ്ത്രീത്വത്തിന്റെ വീട്ടമ്മ നിർവചനങ്ങളെയും അതിലെ പുകമറകളെയും തുറന്നുകാണിക്കുന്നതോടൊപ്പം, അമേരിക്കൻ സാഹചര്യത്തിൽ അതിൽ എന്ത് മാറ്റം വരുത്താം എന്നും എഴുതുന്നു. ഫ്രീഡൻ 'ഫെമിനിൻ മിസ്റ്റിക്' എഴുതുന്നതിനേക്കാൾ പതിനാല് വർഷങ്ങൾക്കു മുമ്പ് 'സെക്കൻഡ് സെക്സ്' എഴുതിയ സിമോൺ ദി ബുവ്വേ ഫ്രാൻസിലെ സ്ത്രീകളുടെ സാമൂഹ്യാവസ്ഥ അമേരിക്കയിലേതിൽ നിന്നും മോശമാണ്




സിമോൺ ദി ബുവ്വോ

മാണ്. കൂടാതെ അമേരിക്കയിലെ ലേബർ ഫോഴ്സിന്റെ കാൽഭാഗത്തിലധികം വീടുകളിൽ വരുമാനമില്ലാത്ത ഗാർഹികജോലികൾ മാത്രം ചെയ്തു ജീവിക്കുന്നതിനെയും അവർ സൂചിപ്പിക്കുന്നത് വഴി, സ്ത്രീകൾക്ക് വിദ്യാഭ്യാസം പൂർത്തിയാക്കാനും ജോലി ചെയ്യുന്നതിനുമുള്ള സാധ്യതകൾ വേണം എന്ന ആവശ്യവും ആശയവും ശക്തമായി മുന്നോട്ടുവെക്കപ്പെടുന്നുണ്ട്. രാജ്യത്തിന്റെ സാമ്പത്തികവും സർവ്വതോന്മുഖവുമായ വികസനത്തിന് സ്ത്രീകളെ വീടുകളിൽ തളച്ചിടുന്ന വ്യവസ്ഥിതി വിഎന്ന് പറയുന്നതായും കാണാം. പാർക്കിലോ പൊതുസ്ഥലത്തോ സ്വതന്ത്രമായി പോകാനും മറ്റും അമേരിക്കൻ സ്ത്രീകൾക്ക് കഴിയും പോലെ ഫ്രഞ്ച് സ്ത്രീകൾക്ക് കഴിഞ്ഞിരുന്നില്ല എന്നവർ പറയുന്നുണ്ട്. എന്നാൽ വിനോദത്തിനും മറ്റും സാമൂഹ്യ സ്വാതന്ത്ര്യങ്ങൾ ഉള്ളപ്പോൾത്തന്നെ അമേരിക്കൻ സ്ത്രീകളിൽ കൂടുതൽപേർക്കും വ്യക്തിത്വം വളർത്തിയെടുക്കാൻ കഴിയുംവിധം വിദ്യാഭ്യാസമോ ജോലിയോ നേടാൻ കഴിഞ്ഞിരുന്നില്ല എന്നതാണ് ഫ്രീഡന്റെ പുസ്തകത്തിൽ നിന്നും മനസ്സി

ലാക്കാനാകുക. എന്തെന്ന് തിരിച്ചറിയാത്ത പേരില്ലാത്ത പ്രശനത്തിൽ തുടങ്ങുന്ന ആദ്യഭാഗത്തു നിന്ന് ആ തിരിച്ചറിവുകൾ ഉരുത്തിരിക്കുന്ന പല ഭാഗങ്ങളിലൂടെ തുടർന്ന്, സ്ത്രീകൾക്കായൊരു പുതിയ ജീവിതപരിപാടി എന്നതായാണ് അവസാനത്തെ ഭാഗം അവർ തയാറാക്കിയിട്ടുള്ളത്. ഒറ്റക്കൊരു വീട്ടിൽ കുട്ടികളുടെ കരച്ചിലും കഴുകാനുള്ള പാത്രങ്ങളും മുഷിഞ്ഞ തുണികളും മറ്റുമായി കഴിയുന്ന അമേരിക്കൻ സ്ത്രീയിലെ വൈകാരികമായ ആഘാതങ്ങളും പകൽ സമയവും ഏറി വരുന്ന മദ്യപാനവും എല്ലാം അവർ ഇതിനിടെ പ്രശ്നവൽക്കരിക്കുന്നു. കൂലിയില്ലാത്തതും അവധിയില്ലാത്തതുമായ വർഷങ്ങളോളം നീണ്ട ഈ ജോലിഭാരങ്ങളെ തിരിച്ചറിയുക എന്നതിനുള്ള ആഹ്വാനം ഈ പുസ്തകത്തിലുണ്ട്. സ്ത്രീയുടെ മുഴുവൻ മാനുഷിക കഴിവുകളും വളരുവാനും അത് രാജ്യത്തിനുതകുന്ന തൊഴിൽ ശക്തിയിൽ ചേർക്കാനും കഴിയണമെന്നവർ സൂചിപ്പിക്കുന്നു. രാജ്യത്തെ ഗ്രസിച്ചിട്ടുള്ള മാരകമായ രോഗപ്രശ്നമായി, രാജ്യത്തെ സ്ത്രീകളുടെ ജീവിതങ്ങൾ വെറും കുടുംബിനികളായി തുലയ്ക്കുന്ന അവസ്ഥ കാണണമെന്നും, ഈ അവസ്ഥക്ക് മാറ്റം വന്നാലേ രാജ്യം പുരോഗമിക്കൂ എന്നും അവർ പ്രസ്താവിക്കുന്നു.

സ്ത്രീകളുടെ ജീവിതത്തെ സംബന്ധിച്ചുള്ള കുടുംബിനി സങ്കൽപ്പത്തിനു അടിസ്ഥാനമെന്ന നിലക്ക്, ലിംഗപരമായ വിദ്യാഭ്യാസമാണ് അധ്യാപക സമൂഹം നല്കിക്കൊണ്ടിരുന്നതെന്ന പ്രശനം ഫ്രീഡൻ വിശകലനം ചെയ്യുന്നു. ലോക മഹായുദ്ധത്തിന് ശേഷം സ്ത്രീകളുടെ വിദ്യാഭ്യാസത്തിനു വന്ന മാറ്റങ്ങൾ ഫ്രീഡൻ വിലയിരുത്തുന്നത്തിന്റെ ഭാഗമായും പഠനത്തിൽ നിന്നുള്ള പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് ചർച്ചക്ക് വിധേയമാക്കുന്നുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം സാമ്പത്തികമായി സേവനങ്ങൾ വാങ്ങുവാൻ കഴിവുള്ള വീടുകളിൽ പോലും സ്ത്രീകൾ വിദ്യാഭ്യാസം ചെയ്താലും ജോലി വേണ്ടെന്നു വെക്കുന്നതും വീട്ടുവേലകൾ നോക്കിയിരിക്കുന്ന അവസ്ഥയുള്ളതായും പരാമർശിക്കുന്നു. 1950 –കളിൽ നടന്ന ഇത്തരം സാഹചര്യത്തിൽ വിദ്യാസമ്പന്നകളായ വീട്ടമ്മമാരുടെ പുറത്തുകേൾക്കാത്ത ഒരു മുറവിളി, യുദ്ധാനന്തര സ്ത്രൈണതയ്ക്കു പിറകിലും ഉണ്ടെന്നവർ പറയുന്നു. പൂർവാധികം മാത്സര്യങ്ങളിലുള്ള വ്യവസായ വ്യവസ്ഥിതിയിൽ സ്ത്രീകൾക്ക് പിടിച്ചുനിൽക്കാൻ കഴിയാതെ അവർ വീടുകളിലേക്ക് പിന്തിരിഞ്ഞതുമാകാം എന്നുമവർ വിലയിരുത്തുന്നു. അതിൽനിന്ന് യുദ്ധാനന്തര അമേരിക്കയിൽ ക്യാപിറ്റലിസ്റ് സമൂഹത്തിന്റെ വളർച്ചയിൽ ഒരു പ്രത്യേക സ്ത്രൈ




ണതയുടെ ഉയിർപ്പും കുടുംബിനിയുടെ സങ്കൽപ്പത്തെ ഉറപ്പിക്കുന്നതായിരുന്നു എന്ന് കാണാം. ഇതിൽ ലിംഗപദവി വിജ്ഞാനമില്ലാത്ത വിദ്യാഭ്യാസ വ്യവസ്ഥിതിക്കും പങ്കുള്ളതായും പ്രതിപാദിക്കുന്നു.

*സൈദ്ധാന്തിക അവലോകനങ്ങൾ/വിമർശനങ്ങൾ*

ഫെമിനിസ്റ്റ് മുന്നേറ്റത്തോടൊപ്പം ശാസ്ത്രവും വിദ്യാഭ്യാസവും ജനാധിപത്യ ആശയങ്ങളും തന്നെയാണ് സ്ത്രീകളുടെ അവസ്ഥയ്ക്ക് മാറ്റം വരാൻ കാരണം എന്ന് പറയുമ്പോഴും ഫ്രീഡൻ ഇക്കാര്യങ്ങളുടെ വിമർശവും ഉന്നയിക്കുന്നു. സാമൂഹ്യപഠനമേഖലയിൽ വിവാഹം, കുടുംബം എന്നിവയെപ്പറ്റി പഠിച്ച് സൈദ്ധാന്തിക്കുന്നെങ്കിലും, സാമൂഹ്യശാസ്ത്രത്തിനു പറ്റിയ ഏറ്റവും സ്ത്രീവിരുദ്ധമായ അപകടം ഫ്രോയിഡിന്റെ മനഃശാസ്ത്രത്തെ അടിസ്ഥാനമാക്കിയെന്നതാണ് എന്ന നിശിതമായ വിമർശനം ഫ്രോയിഡിന്റെ വ്യക്തിജീവിതത്തിലൂടെയും ഉദാഹരിച്ച് കൊണ്ട്  വിവരിക്കുന്നു.  ഫ്രോയിഡ് സ്വന്തം ഭാര്യയാവാൻ പോകുന്ന സ്ത്രീയെ ഒരു കുട്ടിയായിട്ടാണ് കണ്ടത് എന്നും ഇബ്സന്റെ 'ഡോൾസ് ഹവ്സി'ൽ നോറയോട്  ടോർവാൾഡ് രക്ഷാധികാരി ചമഞ്ഞതു പോലെയാണത് എന്നും ഫ്രീഡൻ ഉപമിക്കുന്നു. വിവാഹത്തിന് മുൻപ് എൻഗേജ്മെന്റ്  ചെയ്തതിന് ശേഷം നാല് വർഷവും തന്റെ ഭാവി വധുവിനെ അവളുടെ അമ്മയുടെ അടുത്ത് നിർത്തുകയും അവളുടെ കാര്യങ്ങളിൽ ഫ്രോയിഡ് ഇടപെട്ടു രക്ഷാധികാരി ചമഞ്ഞിരുന്നുവെന്നും ചെയ്തുവെന്നും വിവരിക്കുന്നുമുണ്ട്. മനുഷ്യസ്വഭാവത്തെക്കുറിച്ച് അക്കാലത്ത് ഗവേഷണം നടത്തിയിരുന്ന ഫ്രോയിഡ്, സ്ത്രീകളെ പുരുഷനൊപ്പം ചിന്തിക്കാനും പ്രവർത്തിക്കാനും സ്വയം തീരുമാനങ്ങളിലെത്താനും കഴിയാത്ത കുട്ടികളായി കണക്കാക്കുന്ന രീതി തന്നെയാണ് അനുവർത്തിച്ചിരുന്നത്.

സ്ത്രീപുരുഷ സ്വഭാവങ്ങളെ സെക്സിന്റെ അടിസ്ഥാനത്തിൽ സിദ്ധാന്തിക്കുന്ന ഫ്രോയിഡിന്റെ സോലിപ്സിസം അമേരിക്കയിൽ ആദ്യകാലത്ത് ബാധിച്ചില്ലെങ്കിലും, 1940 കൾക്ക് ശേഷം ഫെമിനിൻ മിസ്റ്റിക്കിനെ ഊട്ടിയുറപ്പിയ്ക്കാനുതകി എന്നാണു ഫ്രീഡൻ അഭിപ്രായപ്പെടുന്നത്. വിക്ടോറിയൻ സ്ത്രീത്വ സങ്കൽപ്പങ്ങളും അമേരിക്കൻ സ്ത്രീയവസ്ഥയും തമ്മിലുള്ള വ്യത്യാസത്തെ വിശകലനം ചെയ്യുന്നതിലും  ഫ്രോയിഡിയൻ മനഃശാസ്ത്രതത്ത്വം ബാധിക്കുന്നു. സ്ത്രീകളുടെ ലൈംഗികതെയെക്കുറിച്ചും മനോനിലകളെക്കുറിച്ചുമെല്ലാം ഫ്രോയിഡിനെ വിമർശിച്ചുകൊണ്ട് ലളിതമായ ഭാഷയിൽ സംവദിക്കുന്ന ഭാഗങ്ങൾക്ക് സൈദ്ധാന്തികവിമർശനത്തിന്റെ അടിത്തറ കൈവരുന്നു ഈ പുസ്തകത്തിൽ. മാർഗറ്റ് മീഡ് അടക്കം സാംസ്ക്കാരിക നരവംശ ശാസ്ത്രജ്ഞർ  ഫ്രോയിഡിയൻ സിദ്ധാന്തങ്ങളിൽ ഒതുങ്ങുന്നതുപോലെയുള്ള പ്രശ്നം  ഫ്രീഡൻ  ചൂണ്ടിക്കാണിക്കുന്നു. സാമൂഹ്യശാസ്ത്രങ്ങൾക്ക് കൂടുതൽ ശാസ്ത്രീയത കൊടുത്ത ഫങ്ഷനലിസം എന്ന കൽച്ചറൽ  ആന്ത്രോപോളജിക്കൽ സാമൂഹ്യസിദ്ധാന്തം അമേരിക്കൻ സ്ത്രീകളെ അവരുടെ ഗാർഹികവൃത്തികളുടെ റോളിൽ ആഴത്തിൽ ഉറയുവാനാണ് ഇടയാക്കിയത് എന്നവർ വിമർശിക്കുന്നു. അങ്ങനെ അവർ അവരു





ടെ സൗകര്യപ്രദമായ കോൺസൺട്രേഷൻ ക്യാമ്പ് ആയ കുടുംബങ്ങളിൽ സൈദ്ധാന്തികമായും തളക്കപ്പെടുന്നു എന്ന ഫെമിനിസ്റ്റ് വിമർശം ഉന്നയിക്കുന്നു. ബ്രിട്ടനിൽ വിക്ടോറിയൻ മൊറാലിറ്റി സ്

ത്രീകളുടെ ലൈംഗികതയിൽ ചെലുത്തിയ പ്രശ്നങ്ങൾ എന്ന തരത്തിലുള്ളതിനേക്കാൾ വലിയ പ്രശ്നം, അമേരിക്കൻ സ്ത്രീയെ സംബന്ധിച്ച് കുടുംബിനിയുടെ സങ്കൽപ്പത്താലുള്ള പ്രശ്നമാണെന്ന് ഫ്രീഡൻ അഭിപ്രായപ്പെടുന്നു.

അക്കാദമിക ഗവേഷണത്തിലൂടെ സ്ത്രീപുരുഷന്മാരിലെ സ്ത്രൈണതയെയും പൗരുഷത്തെയും കുറിച്ച് പഠനം നടത്തിയ അമേരിക്കൻ നരവംശശാസ്ത്രജ്ഞയായ മാർഗരറ്റ് മീഡിനെക്കുറിച്ചുള്ള വിമർശനത്തിനായി ഒരു അധ്യായം തന്നെ ഫ്രീഡൻ മാറ്റിവെച്ചിരിക്കുന്നു. രണ്ടു മൂന്നു പതിറ്റാണ്ടിലധികമായി പാശ്ചാത്യ സാമൂഹ്യ സിദ്ധാന്തങ്ങളെ സ്വാധീനിച്ച ഫ്രോയിഡിയൻ വഴികൾ മാർഗറ്റ് മീഡിന്റെ സാംസ്ക്കാരിക പഠനത്തിലും ആൺ-പെൺ സിദ്ധാന്തത്തിലും ഉള്ള പ്രശ്നം അവർ എടുത്തു കാണിക്കുന്നു. മീഡിന്റെ 'സെക്സ് ആൻഡ് ടെംപെർമെന്റ്' എന്ന ഗവേഷണപുസ്തകത്തിൽ ആദിമഗോത്രങ്ങളിൽ നടത്തിയ പഠനം വഴി ജീവശാസ്ത്രവും സ്ത്രൈണതയും തമ്മിൽ ബന്ധമൊന്നുമില്ല എന്ന് തെളിയിക്കാനുള്ള ശ്രമമുണ്ട്. എന്നാൽ ഈ ശ്രമത്തിൽ മീഡ് സ്ത്രൈണഗുണങ്ങളെ വാഴ്ത്തുകയും അരക്കിട്ടുറപ്പിക്കുകയുമാണ് ചെയ്യുന്നത് എന്നതാണ് വിമർശം. കൂടാതെ മീഡിന്റെ സംസ്ക്കാരങ്ങളെക്കുറിച്ചുള്ള ഫങ്ക്ഷണൽ സിദ്ധാന്തം, ഒരു വ്യവസ്ഥയിൽ പലർക്കും പല റോളുകൾ ഉണ്ട് എന്നും അതിന്റെ കൂട്ടായ പ്രവർത്തനത്തിലാണ് വ്യവസ്ഥ നന്നായി നിലനിൽക്കുക എന്നും അംഗീകരിക്കുക വഴി, സ്ത്രീകളുടെ റോൾ സമൂഹത്തിന്റെ അഥവാ കുടുംബത്തിന്റെ ഒക്കെ നിലനിൽപ്പിനു അനിവാര്യമാണ് എന്ന തരത്തിൽ ഉറപ്പിക്കുന്നു. സ്ത്രീകളെ അവരുടെ സ്ത്രൈണതയുടെ പങ്കുകൾ വഴി ക്രമപ്പെടുത്തിയും വ്യവസ്ഥ നിലനിർത്തുവാൻ ഈ തത്വം ആഹ്വാനം ചെയ്യുന്നു. ആന്ത്രോപോളജിസ്റ്റുകളുടെ സാംസ്ക്കാരിക ഫങ്ഷണലിസത്തിന്റെ നിശിതവിമർശനത്തോടൊപ്പം, ടാൽകോട് പഴ്സൺസ്, മിറാ കൊമറോവ്സ്ക്കി എന്നീ സാമൂഹ്യസൈദ്ധാന്തികരും ഫ്രീഡന്റെ വിമർശനത്തിന് വിധേയമാകുന്നു. ബഹുഭൂരിപക്ഷം വരുന്ന സാധാരണ സ്ത്രീകളുടെ കുടുംബ ജീവിതാവസ്ഥ എങ്ങനെയാണ്/ എങ്ങനെയായിരുന്നു എന്നതിൽനിന്നു, സ്ട്രക്ച്ചറൽ/കൾച്ചറൽ ഫങ്ഷണലിസത്തിന്റെ സിദ്ധാന്തം സ്ത്രൈണതയുടെ ടെംപെർമെന്റും റോളും ഉദാത്തവൽക്കരിക്കുക വഴി, അതെങ്ങനെയായിരിക്കണം എന്ന് കൂടി ഉറപ്പിക്കുകയാണ് ചെയ്തത് എന്നാണ് ഫ്രീഡന്റെ വിമർശം.

ഇത്തരം സൈദ്ധാന്തിക പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് മാർഗരറ്റ് മീഡിന്റെ ആദിമഗോത്ര ഗവേഷണത്തെത്തന്നെ ആധുനിക അമേരിക്കൻ സമൂഹത്തെ പഠിക്കാനും വിലയിരുത്താനും ഉപകരിക്കുന്നതല്ല എന്ന് സ്ഥാപിക്കുന്നു. സ്ത്രീ, പുരുഷൻ എന്നീ ശരീരങ്ങളുടെ പ്രത്യേകതകളാണോ ചില സ്വഭാവങ്ങളും സംയമനങ്ങളും എന്നുള്ള അന്വേഷണത്തിൽ മാർഗരെറ്റ് മീഡ് അതങ്ങനെയല്ല എന്ന് കണ്ടെത്തുന്നു. പല ഗോത്രങ്ങളിലുമുള്ള പഠനത്തിൽ ചിലവയിൽ സ്ത്രീകളും പുരുഷന്മാരും വളരെ ശാന്തരും സംയമനസ്വഭാവക്കാരുമാണെന്നു കാണുന്നു. അതെ സമയം, മറ്റു ചില ഗോത്രത്തിൽ രണ്ടു ലിംഗങ്ങളിലും അക്രമാസക്തി കാണുന്നു. അങ്ങനെയുള്ള നിരീക്ഷണങ്ങളിൽ നിന്ന് സ്വഭാവഗുണങ്ങൾക്ക് സ്ത്രീശരീരം പുരുഷശരീരം എന്നതിന്റെ അടിസ്ഥാനമില്ല എന്നും അത് സംസ്ക്കാരികമായതാണ് എന്നും മീഡ് സിദ്ധാന്തിക്കുന്നു.




ഇത് സ്ത്രീപക്ഷ സൈദ്ധാന്തികതയ്ക്കു ഗുണം ചെയ്യുന്ന വാദഗതിയാണ് എങ്കിലും, കൽച്ചറൽ ഫങ്ക്ഷണലിസത്തിനു മീഡ് കൊടുക്കുന്ന അംഗീകാരം തിരിച്ചു സ്ത്രീകളെ അവരവരുടെ റോളുകളിൽ തളച്ചിടുന്നതാണ് എന്നതാണ് ബെറ്റി ഫ്രീഡന്റെ വിമർശനാത്മക നിരീക്ഷണം. ലിംഗപരത, ശരീരം എന്നിങ്ങനെയുള്ള ആശയങ്ങൾ ഇവിടെ മീഡിലും ഫ്രീഡനിലും ആധുനിക ദ്വന്ദ്വചിന്തയുടെ കുരുക്കിൽത്തന്നെയാണ് എന്നതും ശരീരങ്ങളുടെ ഇതരലിംഗ സാധ്യതകളെ അവർ കാണുന്നില്ല എ

ന്നതും എടുത്തു പറയേണ്ടതുണ്ട്.

*പുസ്തകവും വ്യക്തിജീവിതവും സാമൂഹ്യമാറ്റവും*

മാർഗരെറ്റ് മീഡ് സ്ത്രീപക്ഷചിന്തയ്ക്കായി നടത്തിയ സൈദ്ധാന്തികതയിൽ തൃപ്തയല്ലെങ്കിലും ഫ്രീഡൻ അവരുടെ വ്യക്തിത്വത്തെയും കഴിവിനെയും മാനിച്ചു എന്ന് കാണാം. മീഡ് നയിച്ച വ്യക്തിജീവിതം സ്ത്രീകൾക്ക് ആവേശം പകരുന്നതിന് ഉദാഹരണമാണ് എന്ന് ഫ്രീഡൻ എടുത്ത് വിവരിക്കുന്നുണ്ട്. ഉയർന്ന വിദ്യാഭ്യാസമുള്ളതും ജോലി ചെയ്തതുമായ സ്ത്രീകളായിരുന്നു മീഡിന്റെ അമ്മയും മുത്തശ്ശിയും എന്നതിനാലുള്ള സാംസ്കാരിക-സാമ്പത്തിക-കുടുംബ പശ്ചാത്തലത്താലാകാമെങ്കിലും, മീഡ് തന്റെ വ്യക്തിജീവിതം വീട്ടമ്മയായി ചിലവഴിക്കാതെ സ്വന്തമായ ജോലിയും വ്യക്തിത്വവും മെനഞ്ഞു ജീവിച്ചു. അത് തന്നെ അന്നത്തെ അമേരിക്കൻ സ്ത്രീകൾക്ക് മാതൃകയാക്കാനുതകും എന്ന്, ഫ്രീഡൻ തന്റെയും തന്റെ തലമുറയിലെ എത്രയോ സ്ത്രീകളുടെയും കുടുംബിനിയായി ജീവിക്കുന്നതിന്റെ അവസ്ഥയെ മുൻനിർത്തി പ്രസ്താവിക്കുന്നു. അക്കാലത്ത് അമേരിക്കയിൽ അപൂർവം സ്ത്രീകൾക്ക് മാത്രമേ വിദ്യാഭ്യാസത്തിന്റെയും ജോലിയുടെയും അടിസ്ഥാനത്തിൽ വ്യക്ത്തിത്വം മെനഞ്ഞു ജീവിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ എന്ന യാഥാർഥ്യം അവർ എടുത്തു പറയുന്നു.



1960ൽ 'ഗുഡ് ഹൗസ് കീപ്പിങ്' എന്ന വനിതാ മാസികയിൽ ഫ്രീഡൻ എഴുതിയ 'വിമൻ ആർ പീപ്പിൾ ടൂ' എന്ന ലേഖനത്തിനു കിട്ടിയ വൈകാരികമായ വമ്പിച്ച പ്രതികരണങ്ങൾ, സ്ത്രീകൾ നേരിടുന്ന 'പേരില്ലാത്ത പ്രശ്ന'ത്തിന്റെ അവസ്ഥ വിമൻസ് കോളേജിലെ പെൺകുട്ടികളിൽ നിന്ന് മനസ്സിലാക്കിയത് മാത്രമല്ല, അമേരിക്കയിലെമ്പാടുമുള്ള സ്ത്രീകൾക്കുള്ള അവസ്ഥയാണ് എന്നതിന് തെളിവായി കാണാമെന്നു അവർ പറയുന്നു. ബിരുദപഠനത്തിനുശേഷം മാസികകളിൽ എഴുതിക്കൊണ്ടിരുന്നതും കുടുംബിനിയായും ജീവിതം ജീവിച്ചിരുന്നതുമായ തനിക്ക്, കുറെ സ്ത്രീകളുമായി സംസാരിക്കാനും അവർ തങ്ങളുടെ ജീവിതത്തെക്കുറിച്ച് എന്ത് ചിന്തിക്കുന്നു എന്ന് മനസ്സിലാക്കാനും കഴിഞ്ഞു എന്ന് പുസ്തകത്തിൽ ഫ്രീഡൻ പറയുന്നുണ്ട്. സ്വയം ഒരു കുടുംബിനിയായും മൂന്നു കുട്ടികളുടെ അമ്മയായും കൂടി ജീവിച്ചിരുന്ന ഫ്രീഡൻ, മറ്റു കുറെ സ്ത്രീകളുടെ ജീവിതത്തിലെ അസംതൃപ്തി എന്തെന്ന് ചോദിച്ചറിയുക വഴി ഗഹനമായ സാമൂഹ്യഗവേഷണം നടത്തി എന്ന് കാണാം.

അമേരിക്കയിൽ അന്ന് ശ്രദ്ധിക്കപ്പെട്ടിരുന്ന സാമൂഹ്യ ശാസ്ത്രജ്ഞരെയും നരവംശശാസ്ത്രജ്ഞരെയുമൊക്കെ വിമർശിച്ച് കൊണ്ട്, സ്ത്രീകളുടെ ഇടയിൽ ചോദ്യാവലികൾ നിരത്തി അവരുടെ അസ്വസ്ഥവും അസംതൃപ്തവുമായ അനുഭവങ്ങളും ചിന്തകളും വികാരങ്ങളും രേഖപ്പെടുത്തുന്നതാണ് ഫ്രീഡന്റെ 'ഫെമിനിൻ മിസ്റ്റിക്' എന്ന പുസ്തകം. അക്കാദമികമായിട്ടുള്ള ചട്ടക്കൂടുകളില്ലാത്ത ഈ പുസ്തകത്തിന്റെ എഴുത്ത് സാധാരണ വായനക്കും അക്കാദമിക വായനക്കും ഉതകുന്നതാണ്. ആധുനിക സ്ത്രീപക്ഷ സൈദ്ധാന്തികവൽക്കരണത്തിന്റെ മൂർച്ചയുള്ള എഴുത്തായും ഫ്രീഡന്റെ 'ഫെമിനിൻ മിസ്റ്റിക്' എന്ന പുസ്തകം പ്രാധാന്യമർഹിക്കുന്നു. അമേരിക്കൻ സ്ത്രീകളുടെ അവസ്ഥ കൃത്യമായും വിവരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്ന ഫ്രീഡൻ അന്നാട്ടിലെ കുടുംബവ്യവസ്ഥയെ നിശിതമായി വിമർശിച്ച് ഒരു മാറ്റം കൊണ്ടുവരുന്നതിൽ വലിയ പങ്കുവഹിച്ചു എന്ന് കാണാം. ഇത് ഇപ്പോഴും നമ്മുടെ നാട്ടിലും പ്രസക്തതമാവുന്നത്, വിവാഹിത-വീട്ടമ്മ-അമ്മ-ഭാര്യ എന്നീ തരത്തിലുള്ള റോളുകൾ സ്ത്രീകളിൽ ഇക്കാലത്തും അനിവാര്യമായതെന്നപോലെ സാംസ്കാരികമായി ചാർത്തപ്പെട്ടിട്ടുണ്ട് എന്നതാണ്.






**ഡോ. സിന്ധു ജോസ്**
എഡിറ്റർ, ടെക്സാസ് എ & എം യൂണിവേഴ്സിറ്റി

# ഏഞ്ജല ഡേവിസ്

സാന്താക്രൂസിലെ കാലിഫോർണിയ സർവ്വകലാശാലയിൽ (UC Santa Cruz) അദ്ധ്യാപികയാണ് ഏഞ്ജല ഡേവിസ്. ക്വിയർ, സോഷ്യലിസ്റ്റ്, ഫെമിനിസ്റ്റ് എന്നു സ്വയം അടയാളപ്പെടുത്തുന്നു. സാംസ്കാരിക വിമർശക. 'ബ്ളാക്ക് ഫെമിനിസ'ത്തിന്റെ ആദ്യകാല സൈദ്ധാന്തിക വക്താക്കളിൽ ഒരാൾ.

*ജീവിത പശ്ചാത്തലം*

1944–ൽ അലബാമയിലെ ബിർമിംഗ്ഹാമിൽ ഒരു ആഫ്രിക്കൻ അമേരിക്കൻ കുടുംബത്തിൽ ഏഞ്ജല ഡേവിസ് ജനിക്കുമ്പോൾ, അമേരിക്കയുടെ തെക്കൻ സംസ്ഥാനങ്ങളിൽ നിലവിലുണ്ടായിരുന്ന വംശീയവേർതിരിവുകൾ ഏറെയും നിയമസാധുതയോടെയുള്ളവയായിരുന്നു. 'അപാർത്തീഡിന്' സമാനമായ ഈ കാലഘട്ടത്തിൽ(Jim Crow Era) ആഫ്രിക്കൻ അമേരിക്കൻ വംശജരുടെ നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു അവരുടെ പ്രതിരോധാത്മകത. പ്രക്ഷുബ്ധമായ ഈ രാഷ്ട്രീയാന്തരീക്ഷത്തിലാണ് (അൻപതുകളിലെയും അറുപതുകളിലെയും സിവിൽ റൈറ്റ്സ് മൂവ്മെന്റ്സ്) ഡേവിസ് വളരുന്നതും വംശീയവിരുദ്ധ, സോഷ്യലിസ്റ്റ്, ഇന്റർസെക്ഷണൽ ഫെമിനിസ്റ്റ് എന്ന നിലയിൽ അവരുടെ അവബോധം രൂപപ്പെടുന്നതും. അതെ സമയം, യൂറോപ്പിലെ വിദ്യാഭ്യാസ കാലഘട്ടത്തിൽ, ഫ്രാൻസിൽ നിലവിലുണ്ടായിരുന്ന അൾജീരിയൻ വിരുദ്ധ വംശീയതയും വംശീയതയോടുള്ള യൂറോപ്യൻ നിലപാടും അടുത്തറിയാൻ സാധിച്ചത് അമേരിക്കൻ വംശീയതയെ അധിനിവേശ (colonial) രാഷ്ട്രീയത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കുവാനും ഡേവിസിനെ പ്രാപ്തയാക്കി.



1944-ൽ അലബാമയിലെ ബിർമിംഗ്ഹാമിൽ ഒരു ആഫ്രിക്കൻ അമേരിക്കൻ കുടുംബത്തിൽ ഏഞ്ജല ഡേവിസ് ജനിക്കുമ്പോൾ, അമേരിക്കയുടെ തെക്കൻ സംസ്ഥാനങ്ങളിൽ നിലവിലുണ്ടായിരുന്ന വംശീയവേർതിരിവുകൾ ഏറെയും നിയമസാധുതയോടെയുള്ളവയായിരുന്നു. 'അപാർത്തീഡിന്' സമാനമായ ഈ കാലഘട്ടത്തിൽ (Jim Crow Era) ആഫ്രിക്കൻ അമേരിക്കൻ വംശജരുടെ നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു അവരുടെ പ്രതിരോധാത്മകത.

### *SNCC, ബ്ലാക്ക്പാന്തർ, കമ്മ്യൂണിസ്റ്റ് പാർട്ടി വർഷങ്ങൾ*

യൂറോപ്പിൽ നിന്ന് തിരിച്ചെത്തിയ ഡേവിസ് തുടക്കത്തിൽ SNCC (Student Nonviolent Coordinating Committee) യിലും ബ്ലാക്ക്പാന്തർ പാർട്ടിയിലും ശേഷം അമേരിക്കൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലും പ്രവർത്തിച്ചുവെങ്കിലും ലിംഗാധിഷ്ഠിത വിഷയങ്ങളിൽ പ്രസ്തുത പ്രസ്ഥാനങ്ങളുടെ നിഷേധാത്മക നിലപാടിൽ വിയോജിപ്പ് രേഖപ്പെടുത്തി പുറത്തു വരികയായിരുന്നു. SNCC യിലെ പുരുഷാധിപത്യ പ്രവണതകളും ബ്ലാക്ക്പാന്തർ പാർട്ടി പ്രതിനിധീകരിക്കുന്ന "militant masculinity" യും അവയിൽ നിന്ന് ഡേവിസിനെ അകറ്റിയപ്പോൾ അമേരിക്കൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ദർശനം 'വർഗം' എന്ന ചട്ടക്കൂടിൽ ഉറച്ചു പോയതും മറ്റ് പാർശ്വവത്കരിക്കപ്പെട്ട സ്വത്വങ്ങളെ അംഗീകരിക്കാൻ പാർട്ടി കാണിച്ച വിമുഖതയുമാണ് ഡേവിസിനെ അലോസരപ്പെടുത്തിയത്.

നേരിടേണ്ടി വരികയും ചെയ്തത് ഡേവിസിന്റെ കാഴ്ചപ്പാടുകളെ വളരെയധികം സ്വാധീനിച്ചു. നിലവിലെ ശിക്ഷാ തടങ്കൽ വ്യവസ്ഥിതികൾക്കെതിരെ - പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ അടിച്ചമർത്തുവാനുള്ള ഭരണകൂടത്തിന്റെ ഒരു ഉപകരണമെന്ന നിലയിൽ - പ്രത്യയശാസ്ത്രപരമായും സമൂഹത്തിൽ നേരിട്ടുള്ള ഇടപെടലുകളിലൂടെയും പ്രതികരിച്ച ഡേവിസിന്റെ പ്രബന്ധങ്ങളും പുസ്തകങ്ങളും ഈ വിഷയത്തിൽ ഇന്നും വായിക്കപ്പെടുന്ന മാർഗ്ഗരേഖകൾ ആണ് (*Are Prisons Obsolete?, Abolition Democracy: Beyond Prisons, Torture, and Empire*).

### *ഇന്റർസെക്ഷണൽ ബ്ളാക്ക് ഫെമിനിസം*

ആറു ദശാബ്ദത്തിലധികമായി അമേരിക്കൻ ബൗദ്ധികപൊതുമണ്ഡലങ്ങളിലെ ഉജ്ജ്വല സാന്നിധ്യമായ ഡേവിസിന്റെ ആശയങ്ങളെയെല്ലാം (ഉദാ:




കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകയായിരിക്കുമ്പോൾ തന്നെയാണ് തടവുകാരുടെ അവകാശങ്ങൾക്ക് വേണ്ടി ഡേവിസ് പ്രവർത്തിച്ചു തുടങ്ങുന്നതും. സിവിൽ റൈറ്റ്സ് മൂവ്മെന്റിനെതിരെയുള്ള ഭരണകൂട അടിച്ചമർത്തലുകളുടെ ഭാഗമായി നിരവധി പ്രവർത്തകർ (ഡേവിസ് അടക്കം) തടവിലാകുകയും തടവറയിൽ അവകാശലംഘനങ്ങൾ

*Abolition of Prisons, African American Philosophy, Queer Politics, Politics of Rape, African American Popular Culture*) ഒരുമിച്ചൊരിടത്ത് ഏതാനും വാക്കുകളിൽ സംഗ്രഹിക്കുകയെന്നത് അസാധ്യമാണ്. പക്ഷെ ഏതൊരു വിഷയത്തിലെ ഏതൊരു വ്യാഖ്യാനത്തിലേക്കും താൻ എത്തിച്ചേരുന്നത് മാർക്സിസ്റ്റ് ഫെമിനിസ്റ്റ്

സ്വത്വരാഷ്ട്രീയ രീതിശാസ്ത്രങ്ങൾ പ്രദാനം ചെയ്യുന്ന, പുരോഗമനപരമായ എന്തിനെയും ഉൾക്കൊള്ളാനാവുന്ന അയഞ്ഞതും വിശാലവുമായ ചട്ടക്കൂടുകളുടെ സഹായത്തോടെയാണെന്ന് അവർ ആവർത്തിച്ചു പറയുന്നതിനാൽ [1, 2], ഇതേ രീതിശാസ്ത്രങ്ങളുടെ പിന്തുണയോടെ ആഫ്രിക്കൻ അമേരിക്കൻ സ്ത്രീത്വത്തെ, സ്ത്രീയനുഭവങ്ങളെ സൈദ്ധാന്തികമായി സമീപിച്ച ആദ്യകാല രചനകളിൽ ഒന്നായ *Women, Race and Class* [3] ലേക്ക് ഈ ലേഖനം ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്.

വംശീയവിരുദ്ധ, തടങ്കൽവിരുദ്ധ, മുതലാളിത്ത വിരുദ്ധ പ്രത്യയശാസ്ത്രങ്ങളുടെ വക്താവായി പല നവോത്ഥാന രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ചേർന്ന് പ്രവർത്തിച്ചു വരികെയാണ് അവഗണിക്കപ്പെട്ടു കൊണ്ടിരിക്കുന്ന, വിസ്മൃതിയിൽ ആണ്ടുപോയ സ്ത്രീയാഥാർഥ്യങ്ങളെ 'ഫെമിനിസം' എന്ന ചട്ടക്കൂടിലൂടെ വിശകലനം ചെയ്യാനും വീണ്ടെടുക്കുവാനും ഡേവിസ് ആരംഭിക്കുന്നത്. നിലവിലുണ്ടായിരുന്ന വിശകലന രീതികളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു ഡേവിസിന്റെ വായനകൾ. 1989 ൽ കിംബർലി ക്രെൻഷൗ 'ഇന്റർസെക്ഷണാലിറ്റി' [4] എന്ന ആശയം പരിചയപ്പെടുത്തുന്നതിനും എത്രയോ മുൻപ് തന്നെ 1981 ൽ Women, Race and Class ആഫ്രിക്കൻ അമേരിക്കൻ സ്ത്രീയാഥാർഥ്യങ്ങളെ മാർക്സിസ്റ്റ് പ്രത്യയശാസ്ത്ര ചട്ടക്കൂടിലൂടെ സമീപിച്ചിരുന്നു. അത് വരയുള്ള വായനകളിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമായ ഒരു ഇന്റർസെക്ഷണൽ ബ്ളാക്ക് ഫെമിനിസ്റ്റ് രീതിശാസ്ത്രമായിരുന്നു ഇത്.

ഉദാഹരണത്തിന്, തടങ്കൽ വിരുദ്ധ പ്രസ്ഥാനങ്ങളുമായി പ്രവർത്തിച്ചു വരികെയാണ് സഹപ്രവർത്തകരുടെ നിലപാടുകളിൽ രൂഢമൂലമായിരുന്ന സ്ത്രീവിരുദ്ധതയും ആഫ്രിക്കൻ അമേരിക്കൻ സ്ത്രീ വാർപ്പുമാതൃകകളുടെ സാമാന്യവത്ക്കരണവും (Black women as domineering matriarchs and castrating females) ഖണ്ഡിക്കുന്നതിന് അടിമത്തകാലത്തെ ആഫ്രിക്കൻ അമേരിക്കൻ സ്ത്രീകളുടെ ജീവിതത്തെക്കുറിച്ച് "Reflections on the Black Woman's Role in the Community of Slaves" എന്ന പഠനം 1972 ൽ ഡേവിസ് പ്രസിദ്ധീകരിക്കുന്നത് [5]. *Women, Race and Class* ലെ 'The Legacy of Slavery': Standards of a New Womanhood ഇതേ ആശയത്തെ വിപുലീകരിക്കുന്നതും ആഫ്രിക്കൻ അമേരിക്കൻ സ്ത്രീജീവിതം ഒരു മാർക്സിസ്റ്റ് ഫെമിനിസ്റ്റ് ചട്ടക്കൂടിലൂടെ സിദ്ധാന്തവൽക്കരിക്കുന്നതും കാണാം. ആഫ്രിക്കൻ അമേരിക്കൻ സ്ത്രീകളുടെ ഇതരവൽക്കരണത്തെ (othering) ഡേവിസ് നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്:




"ആനുപാതികമായി, വെളുത്ത സഹോദരിമാരേക്കാൾ കൂടുതൽ കറുത്ത സ്ത്രീകൾ എപ്പോഴും വീടിന് പുറത്ത് ജോലി ചെയ്തിട്ടുണ്ട്. . . അടിമകളെന്ന നിലയിൽ, നിർബന്ധിത തൊഴിലാണ് ആഫ്രിക്കൻ അമേരിക്കൻ സ്ത്രീകളുടെ അസ്തിത്വത്തെ പ്രധാനമായും നിർവചിച്ചത്. അതിനാൽ, അടിമത്തത്തിനു കീഴിലുള്ള കറുത്തവർഗ്ഗക്കാരാ

യ സ്ത്രീകളുടെ ജീവിതത്തെക്കുറിച്ചുള്ള ഏതൊരു പഠനത്തിന്റെയും തുടക്കം തൊഴിലാളികൾ എന്ന നിലയിലുള്ള അവരുടെ പങ്കിന്റെ വിലയിരുത്തലായിരിക്കുമെന്ന് തോന്നുന്നു. . . അടിമ സമ്പ്രദായം കറുത്തവരെ ജംഗമ വസ്തുവായാണ് നിർവചിച്ചത്. സ്ത്രീകൾ, പുരുഷന്മാരെയെന്ന പോലെ തന്നെ, ലാഭകരമായ തൊഴിൽ യൂണിറ്റുകളായി വീക്ഷിക്കപ്പെട്ടതിനാൽ, അടിമഉടമകളെ സംബന്ധിച്ചിടത്തോളം അവർ ലിംഗരഹിതരായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിലെ 'ആദർശസ്ത്രീത്വ' (ideal femininity) പ്രത്യയശാസ്ത്രം സ്ത്രീകളെ അമ്മമാരായും സൗമ്യരായ പങ്കാളികളായും വീട്ടമ്മമാരായും നിർവചിച്ചപ്പോൾ കറുത്തവർഗ്ഗക്കാരായ സ്ത്രീകളുടെ തൊഴിലാളി സ്വത്വം സ്വാഭാവികമായും ഒരു 'അസാധാരണത്വം' കൈവരിച്ചു.' (5)

അത് പോലെ, അമേരിക്കൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകയായിരുക്കുമ്പോഴാണ്, പാർട്ടി പ്രവർത്തകരായ സ്ത്രീകൾ പ്രത്യയശാസ്ത്രപരമായാതോ ആത്മകഥാപരമായാതോ ആയ എഴുത്തുകൾ അവശേഷിപ്പിക്കാതെ കടന്നു പോകുന്നത് അക്ക് നേരെ കണ്ണടച്ചു എന്നും ചൂണ്ടിക്കാണിക്കുന്നു. നിലവിലെ ചരിത്രരചനാസമ്പ്രദായത്തിന്റെ (Historiography) പോരായ്മകളെക്കൂടി ഡേവിസ് ഇവിടെ അടയാളപ്പെടുത്തുന്നു.

'. . . 1852–ൽ വെയ്ഡെമെയർ പ്രോലിറ്റേറിയൻ ലീഗ് സ്ഥാപിച്ചപ്പോൾ, ഒരു സ്ത്രീപോലും ആ പ്രസ്ഥാനവുമായി ബന്ധപ്പെട്ടതായി കാണുന്നില്ല. യഥാർത്ഥത്തിൽ ഏതെങ്കിലും സ്ത്രീകൾ ഉൾപ്പെട്ടിരുന്നെങ്കിൽ തന്നെ, അവർ ചരിത്രപരമായ അജ്ഞാതത്വത്തിലേക്ക് മാഞ്ഞുപോയി. അടുത്ത ഏതാനും ദശകങ്ങളിൽ സ്ത്രീകൾ അവരുടെ സ്വന്തം ലേബർ അസോസിയേഷനുകളിലും അടിമത്ത വിരുദ്ധ പ്രസ്ഥാനത്തിലും സ്വന്തം അവകാശങ്ങൾക്കായുള്ള പ്രചാരണത്തിലും സജീവമായി തുടർന്നു. പക്ഷേ, എല്ലായിടത്തും അവർ മാർക്സിസ്റ്റ് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൽ നിന്ന് അപ്രത്യക്ഷരായതായി കാണപ്പെടുന്നു. പ്രോലിറ്റേറിയൻ ലീഗിനെപ്പോലെ, വർക്കിംഗ്മെൻസ് നാഷണൽ അസോസിയേഷനും കമ്മ്യൂണിസ്റ്റ് ക്ലബ്ബും പുരുഷന്മാർക്ക് ആധിപത്യം നൽകി. സോഷ്യലിസ്റ്റ് ലേബർ പാർട്ടിയിൽ പോലും പ്രധാനമായും പുരുഷൻമാരായിരുന്നു.' (149)




തുടർന്ന്, തൊഴിലാളിപ്രസ്ഥാനത്തിന് അസംഖ്യം സംഭാവനകൾ നൽകിയ ആഫ്രിക്കൻ അമേരിക്കൻ സ്ത്രീയായ ലൂസി പാർസൺസ് എങ്ങനെ ഹേമാർക്കറ്റ് രക്തസാക്ഷിയായ ആൽബർട്ട് പാർസണിന്റെ 'വിശ്വസ്തയായ ഭാര്യ അല്ലെങ്കിൽ പ്രതികാരദാഹിയായ വിധവ' മാത്രമായി ചുരുക്കപ്പെട്ടുവെന്ന് ഹേമാർക്കറ്റ് സംഭവത്തിനും ഒരു ദശാബ്ദം മുൻപെങ്കിലും തുടങ്ങിയ അവരുടെ രാഷ്ട്രീയ ജീവിതം അനാവരണം ചെയ്തു കൊണ്ട് ഡേവിസ് ചോദിക്കുന്നു. ചരിത്രരചനയിലെ ഇത്തരം വീഴ്ചകളെ പൊളിച്ചെഴുതാനെന്നവണ്ണം അവഗണിക്കപ്പെട്ട മറ്റനേകം സ്ത്രീപ്രവർത്തകരെയും (എല്ലാ റീവ് ബ്ളൂർ, അനിറ്റാ വിറ്റ്നി, എലിസബത്ത് ഗുർലേ ഫ്ലിൻ, ക്ലോഡിയ ജോൺസ്) ഇതേ


വരുടെ ബൗദ്ധികസാമൂഹ്യ സംഭാവനകളെ എത്ര കണ്ടു മറവിയിൽ ആഴ്ത്തുന്നു എന്ന് ഡേവിസ് മനസ്സിലാക്കുന്നത്. ഡേവിസിന്റെ "Communist Women" ഈ സ്ത്രീ സംഭാവനകളെ, പ്രത്യേകിച്ച് ആഫ്രിക്കൻ അമേരിക്കൻ സ്ത്രീ സംഭാവനകളെ ഫെമിനിസ്റ്റ് കാഴ്ചപ്പാടിലൂടെ വായിക്കുകയും വർഗ്ഗരാഷ്ട്രീയം എങ്ങനെ വംശലിംഗ രാഷ്ട്രീയങ്ങൾ

ലേഖനം വീണ്ടെടുക്കുന്നു.

"Class and Race in the Early Women's Rights Campaign" ആകട്ടെ അടിമത്തനിരോധനപ്രസ്ഥാനങ്ങളോട് അനുഭാവമുണ്ടായിരുന്നതും അവയോടു ചേർന്ന് പ്രവർത്തിച്ചിരുന്നതുമായ ആദ്യകാല സ്ത്രീ വിമോചന പ്രസ്ഥാനങ്ങളുടെ ന്യൂനപക്ഷ വനിതകളുടെയും തൊഴിലാളി സ്ത്രീകളുടെയും അവകാശങ്ങളെപ്പറ്റിയുള്ള അവഗണനാപരമായ മധ്യവർഗ്ഗ സ്വഭാവം വരച്ചു കാട്ടുന്നു. സ്ത്രീകളുടെ അവകാശങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ കൂടിയ ആദ്യ കൺവെൻഷന്റെ (സെനക്കാ ഫാൾ കൺവെൻഷൻ) പ്രഖ്യാപനത്തെ ഡേവിസ് ഇങ്ങനെ വിശകലനം ചെയ്യുന്നു:

"സെനക്കാ ഫാൾസ് പ്രഖ്യാപനത്തിന്റെ പ്രാധാന്യം, സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള വ്യക്തമായ അതിന്റെ അവബോധമായിരുന്നു . . . എന്നിരുന്നാലും, വെള്ളക്കാരായ മധ്യവർഗ സ്ത്രീകളുടെ ധർമ്മസങ്കടമെന്ന നിലയിൽ, തെക്കും വടക്കുമുള്ള കറുത്ത സ്ത്രീകളുടെയും, വെള്ളക്കാരായ തൊഴിലാളിവർഗ സ്ത്രീകളുടെയും ദുരവസ്ഥയെ ഈ പ്രഖ്യാപനം അവഗണിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സമൂഹത്തിൽ മേൽക്കോയ്മയുള്ള സാമൂഹിക വിഭാഗത്തിന് പുറത്തുള്ള സ്ത്രീകളുടെ സാഹചര്യങ്ങളെ അവഗണിക്കുകയായിരുന്നു സെനക്കാ ഫാൾസ് പ്രഖ്യാപനം.' (54)

ഡേവിസ് തുടരുന്നു: ''ധാർമ്മികവും മാനുഷികവുമായ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും തീവ്രരായ അടിമത്ത ഉന്മൂലനവാദികളായവർ


This card was issued for the Celebration held at Seneca Falls in 1908 and is added to this book by Harriot Stanton Blatch

Our Roll of Honor

Containing all the

Signatures to the "Declaration of Sentiments"

Set Forth by the First

Woman's Rights Convention,

held at

Seneca Falls, New York

July 19-20, 1848

LADIES:

Lucretia Mott
Harriet Cady Eaton
Margaret Pryor
Elizabeth Cady Stanton
Eunice Newton Foote
Mary Ann M'Clintock
Margaret Schooley
Martha C. Wright
Jane C. Hunt
Amy Post
Catherine F. Stebbins
Mary Ann Frink
Lydia Mount
Delia Mathews
Catherine C. Paine
Elizabeth W. M'Clintock
Malvina Seymour
Phebe Mosher
Catherine Shaw
Deborah Scott
Sarah Hallowell
Mary M'Clintock
Mary Gilbert
Sophronia Taylor
Cynthia Davis
Hannah Plant
Lucy Jones
Sarah Whitney
Mary H. Hallowell
Elizabeth Conklin
Sally Pitcher
Mary Conklin
Susan Quinn
Mary S. Mirror
Phebe King
Julia Ann Drake
Charlotte Woodward
Martha Underhill
Dorothy Mathews
Eunice Barker
Sarah R. Woods
Lydia Gild
Sarah Hoffman
Elizabeth Leslie
Martha Ridley
Rachel D. Bonnel
Betsey Tewksbury
Rhoda Palmer
Margaret Jenkins
Cynthia Fuller
Mary Martin
P. A. Culvert
Susan R. Doty
Rebecca Race
Sarah A. Mosher
Mary E. Vail
Lucy Spalding
Lovina Latham
Sarah Smith
Eliza Martin
Maria E. Wilbur
Elizabeth D. Smith
Caroline Barker
Ann Porter
Experience Gibbs
Antoinette E. Segur
Hannah J. Latham
Sarah Sisson

GENTLEMEN:

Richard P. Hunt
Samuel D. Tillman
Justin Williams
Elisha Foote
Frederick Douglass
Henry W. Seymour
Henry Seymour
David Spalding
William G. Barker
Elias J. Doty
John Jones
William S. Dell
James Mott
William Burroughs
Robert Smallbridge
Jacob Mathews
Charles L. Hoskins
Thomas M'Clintock
Saron Phillips
Jacob P. Chamberlain
Jonathan Metcalf
Nathan J. Milliken
S. E. Woodworth
Edward F. Underhill
George W. Pryor
Joel Bunker
Isaac VanTassel
Thomas Dell
E. W. Capron
Stephen Shear
Henry Hatley
Azaliah Schooley

**'സെനക്കാ ഫാൾസ് പ്രഖ്യാപനത്തിന്റെ പ്രാധാന്യം, സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള വ്യക്തമായ അതിന്റെ അവബോധമായിരുന്നു. . . എന്നിരുന്നാലും, വെള്ളക്കാരായ മധ്യവർഗ സ്ത്രീകളുടെ ധർമ്മസങ്കടമെന്ന നിലയിൽ, തെക്കും വടക്കുമുള്ള കറുത്ത സ്ത്രീകളുടെയും, വെള്ളക്കാരായ തൊഴിലാളിവർഗ സ്ത്രീകളുടെയും ദുരവസ്ഥയെ ഈ പ്രഖ്യാപനം അവഗണിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സമൂഹത്തിൽ മേൽക്കോയ്മയുള്ള സാമൂഹിക വിഭാഗത്തിന് പുറത്തുള്ള സ്ത്രീകളുടെ സാഹചര്യങ്ങളെ അവഗണിക്കുകയായിരുന്നു സെനക്കാ ഫാൾസ് പ്രഖ്യാപനം.'**

പോലും, വടക്കൻ സംസ്ഥാനങ്ങളിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തവും ഒരു അടിച്ചമർത്തൽ വ്യവസ്ഥയാണെന്ന് മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു. അവർ അടിമത്തത്തെ വെറുപ്പുളവാക്കുന്ന, മനുഷ്യത്വരഹിതമായ ഒരു സ്ഥാപനമായി, നീതിയുടെ ലംഘനമായി വീക്ഷിച്ചു. പക്ഷേ, വടക്കൻ സംസ്ഥാനങ്ങളിലെ 'വെള്ളക്കാരുടെ 'സ്വതന്ത്ര തൊഴിലാളി' എന്ന പദവി, തെക്കൻ സംസ്ഥാനങ്ങളിലെ 'അടിമത്തൊഴിലിൽ' നിന്ന് വ്യത്യസ്തമല്ലെന്ന് അവർ തിരിച്ചറിഞ്ഞില്ല: ഇരുവിഭാഗവും സാമ്പത്തിക ചൂഷണത്തിന്റെ ഇരകളായിരുന്നു." (65)

ഇത്തരത്തിൽ സ്ത്രീവിമോചന പ്രസ്ഥാനങ്ങളോട് കൂറ് പ്രഖ്യാപിക്കുമ്പോൾത്തന്നെ അവയിലെ വർഗ്ഗസത്വരാഷ്ട്രീയ അഭാവത്തെപ്പറ്റി, കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുമായുള്ള സംവാദങ്ങളിൽ അവർ അവഗണിച്ചു കടന്നു പോകുന്ന വർണ്ണസത്വ പ്രതിസന്ധികളെപ്പറ്റി, തടങ്കൽ വിരുദ്ധ പ്രസ്ഥാനങ്ങൾക്കുള്ളിലെ സ്ത്രീവിരുദ്ധതയെപ്പറ്റി, വംശീയ വിരുദ്ധ പ്രസ്ഥാനങ്ങൾ പ്രാധാന്യം കൽപ്പിക്കാതെ പോകുന്ന ലിംഗ, മുതലാളിത്ത രാഷ്ട്രീയ പ്രശ്നങ്ങളെപ്പറ്റി, ഇടപെടുന്ന ഏതൊരു പ്രത്യയശാസ്ത്രത്തിന്റെയും രാഷ്ട്രീയ പൂർണ്ണതയ്ക്കായി അചഞ്ചലമായി വാദിച്ച ഏഞ്ജല ഡേവിസ് പിൽക്കാല ഇന്റർസെക്ഷണൽ ഫെമിനിസത്തിന്റെ വഴികാട്ടിയായിരുന്നുവെന്ന് നിസ്സംശയം പറയാം.

### *ഏഞ്ജല ഡേവിസ്: ഇന്ത്യൻ പശ്ചാത്തലത്തിൽ*

ഇന്ത്യൻ പശ്ചാത്തലത്തിൽ ഡേവിസിനെ വായിക്കുമ്പോൾ 'ദളിത് ഫെമിനിസം' 'സവർണ്ണ ഫെമിനിസത്തിന്' നേരെ ഉയർത്തുന്ന പ്രതിവാദങ്ങളും ദളിത് സമൂഹത്തിനുള്ളിൽ തന്നെ നിലനിൽക്കുന്ന സ്ത്രീവിരുദ്ധതയ്ക്കെതിരെയുള്ള ദളിത് ഫെമിനിസസംവാദങ്ങളും ഡേവിസിന്റെ 'മാർക്സിസ്റ്റ് ബ്ളാക്ക് ഫെമിനിസ്റ്റ്' സിദ്ധാന്തങ്ങളും തമ്മിലുള്ള സാമ്യം കാണാതെ പോവുക അസാധ്യമാണ്. അതോടൊപ്പം തന്നെ ഇന്ത്യൻ തൊഴിലാളി വർഗ്ഗ രാഷ്ട്രീയത്തിനുള്ളിലെ വ്യതിരിക്തമായ സ്ത്രീ-ദളിത്-ദളിത് സ്ത്രീ യാഥാർഥ്യങ്ങളെ അതെ 'ഇന്റർസെക്ഷണൽ' വായനയിലൂടെ മനസ്സിലാക്കുവാനും സാധിക്കുന്നു എന്നിടത്താണ് മറ്റെന്തിനേക്കാളുമുപരി ഏഞ്ജല ഡേവിസിന്റെ അന്താരാഷ്ട്ര-സമകാലിക പ്രസക്തി.



AMERICAL AFFAIRS

### സഹായകഗ്രന്ഥങ്ങൾ

1.Angela Davis on Intersectional Feminism : https://youtu.be/9GDjT3Fw_6w

2.Angela Davis: Frameworks for Radical Feminism: https://youtu.be/iI28IrXGeOc

3.*Women, Race, and Class*; Angela Davis, Vintage Books (1983).

4."Demarginalizing the Intersection of Race and Sex: A Black Feminist Critique of Antidiscrimination Doctrine, Feminist Theory and Antiracist Politics"; Kimberle Crenshaw, The University of Chicago Legal Forum, 140:139-167 (1989).

5."Reflections on the Black Woman's Role in the Community of Slaves"; Angela Davis, Woman: An Issue, 13:81-100 (1972).

ചർച്ചാവിഷയം


the newyork times

# ജൂഡിത്ത് ബട്ട്ലർ




**സുൽഫിയ സന്തോഷ്**
അധ്യാപിക
ടി. കെ. എം. കോളേജ് ഓഫ്
ആർട്സ് & സയൻസ്
ഇംഗ്ലീഷ് വിഭാഗം

എപ്പോഴാണ് നാം ബട്ട്ലറെക്കുറിച്ച് സംസാരിച്ച് തീർന്നത്. സഹദ്-സിയ ട്രാൻസ് ദമ്പതികളെപ്പറ്റി പൊതു-സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ വായിക്കുമ്പോൾ ബട്ട്ലറുടെ സിദ്ധാന്തങ്ങളെക്കുറിച്ച് ഇനിയും സംസാരിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാവുന്നു. ഈ ലേഖനത്തിനായി ബിന്ദു മേനോനോടും എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഷെറിൻ ടീച്ചറോടും ചർച്ച ചെയ്തപ്പോൾ ബട്ട്ലറുടെ പുതിയ എഴുത്തുകൾക്ക് പ്രാധാന്യം കൊടുത്താലോ എന്നാണ് ആലോചിച്ചത്, കാരണം അവരുടെ എത്തിക്കൽ ഡെലിബറേഷൻസ് (ethical deliberations) തികച്ചും സമകാലീന പ്രസക്തി അർഹിക്കുന്നത് തന്നെയാണ്. എന്നാൽ ജൂഡിത്ത് ബട്ട്ലറുടെ സിദ്ധാന്തങ്ങളെക്കുറിച്ച് ഒരു നിരൂപണ ലേഖനം തയ്യാറാക്കുമ്പോൾ അവരുടെ പ്രശസ്തവും ഏവർക്കും സുപരിചിതവുമായ ജെൻഡർ പെർഫോമിറ്റിവിറ്റിയിൽ (gender performativity) നിന്ന് തന്നെ തുടങ്ങാം.

ബട്ട്ലറുടെ സിദ്ധാന്തങ്ങളെ മൂന്നായി തരംതിരിക്കുകയാണിവിടെ-(1) സെക്സ് , സെക്ഷ്വാലിറ്റി, ജെൻഡർ മുതലായ ആശയങ്ങളെ ഒരുമിച്ച് ചർച്ചയ്ക്കെടുക്കാം (2) ആലേഖന വ്യവഹാരങ്ങളെ (narrative discourses) ഒരുമിച്ച് തിയറൈസ് (theorise) ചെയ്യാം (3) എത്തിക്കോ-ലീഗൽ ഡെലിബറേഷൻസാവും (ethico-legal deliberations) മൂന്നാം ഭാഗം. ഈ മൂന്നു വിഭജനങ്ങളെയും പരിപോഷിപ്പിക്കുന്ന അന്തർധാര/അടിസ്ഥാനഘടകം

പെർഫോർമിറ്റിവിറ്റി ആണെന്ന് പറയാം.

1987 ൽ പ്രസിദ്ധീകരിച്ച *Subjects of Desire: Hegelian Reflections in 20th Century France,* 1990 ൽ പ്രസിദ്ധീകരിച്ച *Gender Trouble : Feminism and the Subversion of Identity* തുടർച്ചയായി 1993 ൽ പുറത്തുവന്ന *Bodies That Matter: On the Discursive Limits of Sex* എന്നീ പുസ്തകങ്ങൾ ആ വിഭാഗത്തിൽപ്പെടും. സ്വന്തം




എഴുത്തിൽ തത്വശാസ്ത്രത്തിന്റെയും അക്കാദമിക് പദങ്ങളുടെയും അതിപ്രസരം സാധാരണ വായനക്കാരിൽ നിന്ന് തന്റെ ആശയങ്ങളെ അകറ്റുന്നു എന്ന തോന്നലാവാം 2004 ൽ പ്രസിദ്ധീകരിച്ച *Undoing Gender* എന്ന കൃതിക്ക് പിന്നിലെ പ്രഥമ പ്രചോദനം. മുമ്പ് പ്രതിപാദിച്ച പ്രസിദ്ധീകരണങ്ങളിലെ ആശയങ്ങളെ ലളിതമായ ഭാഷയിൽ സംക്ഷിപ്ത രൂപത്തിൽ മുഖ്യധാര വായനക്കാരിൽ എത്തിക്കുകയാണ് *Undoing Gender.*

1988 ൽ പ്രസിദ്ധീകരിച്ച Performative Acts and Gender Constitution എന്ന ലേഖനത്തിലാണ് ജെൻഡർ പെർഫോമിറ്റിവിറ്റി എന്ന ആശയം ബട്ട്ലർ ആദ്യമായി പ്രതിപാദിക്കുന്നത്. ഈ ലേഖനത്തിന്റെ വിപുലീകരണമായി വേണം 'ജെൻഡർ ട്രബിളി'നെ കരുതാൻ. സെക്സ് എന്ന പദത്തിന്റെ തത്വശാസ്ത്രപരമായ അർത്ഥതലങ്ങളെ തുറന്ന് കാട്ടുകയാണ് ഈ വ്യവഹാരം. സ്ത്രീ-പുരുഷൻ എന്നീ ദ്വന്ദ്വങ്ങളുടെ നിർവചനം നൽകുന്നതിലപ്പുറം അധികാരക്രയവിക്രയങ്ങളെങ്ങനെ മേൽപ്പറഞ്ഞ കാറ്റഗറികളെ സൃഷ്ടിക്കുന്നു എന്ന് പരിശോധിക്കുന്നതിലാണ് ബട്ട്ലർ ഊന്നൽ നൽകുന്നത്. ഈ പരിശോധനയിലൂടെ ഫെമിനിസത്തിന്റെ അടിത്തറ തന്നെ സബ്വേർട്ട് ചെയ്യുകയാണവർ. സെക്സ് എന്ന പദത്തിന്റെ സെമാന്റിക് ബാഗേജ് കണക്കിലെടുത്ത് ജെൻഡർ എന്ന പ്രയോഗത്തിലേക്കാണ് ശ്രദ്ധ തിരിയുന്നത്. സെക്സ് എന്ന വാക്ക് ഓരോ വ്യക്തിയിലും അടിച്ചേൽപ്പിക്കുന്ന വ്യവഹാര പരിമിതികളെക്കുറിച്ച് സംസാരിച്ച് തുടങ്ങി ജെൻഡർ എന്ന പ്രയോഗത്തിലേക്ക് പരിണമിക്കുമ്പോൾ സ്ത്രീ/പുരുഷൻ / ട്രാൻസ് ജെൻഡർ എന്നിങ്ങനെ പല സാമൂഹിക വിഭാഗങ്ങൾക്ക് സാംസ്കാരിക ശക്തികൾ ഏർപ്പെടുത്തുന്ന നിയന്ത്രണ വ്യവഹാരങ്ങൾ കൂടുതൽ വായനകൾക്ക്/വ്യാഖ്യാനങ്ങൾക്ക് വിധേയമാകുന്നു. മേൽപ്പറഞ്ഞ നിയന്ത്രണ ശക്തികൾ ആവർത്തന പ്രക്രിയയിലൂടെ ചില സ്വഭാവങ്ങളെ ഒരു പ്രത്യേക ജെൻഡർ കാറ്റഗറിയുടെ ചട്ടക്കൂടിൽ സാധാരണവത്ക്കരിക്കുന്നു.

ജെ.എൽ.ആസ്റ്റിന്റെ (Austin) സ്പീച്ച്-ആക്ട് തത്വം/സിദ്ധാന്തം, ദെറീദയുടെ (Derrida) iterability എന്നിവയിൽ നിന്ന് പ്രേരണ ഉൾക്കൊള്ളുന്ന ബട്ട്ലർ ആവർത്തനത്തിലൂടെ , വാക്കിലൂടെയും പ്രവൃത്തിയിലൂടെയും, സാമൂഹിക-സാംസ്കാരിക ശക്തികളിലൂടെ രൂപാന്തരം കൊള്ളുന്ന ആശയമായാണ് ജെൻഡർ നിർമ്മിക്കുന്നത്. ദ്വന്ദ്വങ്ങളിലൂടെ മാത്രം പ്രവർത്തിച്ചു പോരുന്ന പാശ്ചാത്യ തത്വശാസ്ത്രം അങ്ങനെ രണ്ടു ജെൻഡർ എന്ന പൊതുനിയമത്തിൽ എത്തിച്ചേരുന്നു. ജെൻഡർ സാമൂഹിക-സാംസ്കാരിക ശക്തികളാൽ നിർമ്മിതമാണെന്നിരിക്കെ അതെങ്ങനെ രണ്ടിൽ ഒതുങ്ങുന്നു? പലതരം ആവർത്തനസ്വഭാവങ്ങൾ പലതരം ജെൻഡർ എന്ന ആശയത്തിലേക്ക് വഴിവെക്കേണ്ടതല്ലേ എന്ന പ്രസക്തമായ ചോദ്യമാണ് ബട്ട്ലറുടെ ജെൻഡർ തത്വങ്ങൾ നമ്മളിലേക്ക് എത്തിക്കുന്നത്.

അക്കാദമിക് മേഖലയിൽ പ്രത്യേകിച്ച് മാനവിക വിഷയങ്ങളുടെ വ്യവഹാരങ്ങളിൽ ജെൻഡർ എന്ന തത്വത്തിന്റെ അടിസ്ഥാനം ലഘൂകരിക്കപ്പെടുന്നു

എന്നിരിക്കെ ഇന്ത്യൻ ചിന്താധാരയിൽ ദ്വന്ദ്വങ്ങളിൽ നിന്ന് മാറി ചിന്തിക്കുക ഒരു യാഥാർത്ഥ്യമായി അംഗീകരിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത സഹദ്-സിയ വിഷയത്തിലെ പ്രതികരണങ്ങളിൽ പകൽപോലെ വ്യക്തം. നവജാത ശിശുവിന്റെ സെക്സ്/ജെൻഡർ എന്തുകൊണ്ട് പുറത്തു പറയുന്നില്ല? ട്രാൻസ് ജെൻഡർ ദമ്പതികളുടെ കുഞ്ഞ് പല ബൈനറികളെയും വെല്ലുവിളിക്കുന്നു. അപ്പോൾ അവിടെ സജീവമായി ചർച്ച ചെയ്യപ്പെടുന്ന സ്വത്വ രാഷ്ട്രീയം എന്താവും? ബട്ട്ലർ മുന്നോട്ടുവെച്ചു പോരുന്ന താത്വിക അവലോകനങ്ങളിൽ വ്യക്തി/വ്യക്തിത്വം എന്നിവ ജെൻഡർ പ്രകടനങ്ങളിലൂടെ ഉണ്ടാവുന്നു എന്നിരിക്കെ ചെറുതും വലുതുമായ വ്യതിയാനങ്ങൾ കേരളത്തിന്റെയും ഇന്ത്യയുടെയും പൊതുമണ്ഡലങ്ങളിൽ എങ്ങനെ സൈദ്ധാന്തികവത്കരിക്കപ്പെടുന്നു? ദ്ധ്യങ്ങൾ ഞാൻ എന്ന വ്യക്തിയുടെ പൂർണമായ സ്വയജ്ഞാനത്തിന് വിലങ്ങുതടിയാവുന്നു. രണ്ട്, ഞാൻ എന്ന വ്യക്തി/വ്യക്തിത്വം ഉണ്ടാവുന്നത് സാംസ്കാരിക സാമൂഹിക ശക്തികളാൽ പ്രേരിതങ്ങളായ ആവർത്തന പ്രക്രിയകളിലൂടെ ആയതുകൊണ്ട് സ്വയജ്ഞാനത്തിന്റെ ധാർമ്മികതയും പ്രതിബദ്ധതയും ബാഹ്യവും ഉൾപ്രേരിതമല്ലാത്തതും ആകുന്നു.

ഇപ്പോൾ പ്രതിപാദിച്ച കൃതിയിൽ വ്യക്തിയുടെ പ്രകടന പരിമിതികൾ വിശകലനം ചെയ്യപ്പെട്ടെങ്കിൽ *Excitable Speech: A Politics of the Performative, Precarious Life: The Powers of Mourning and Violence* എന്നീ രചനകൾ collective പ്രകടനങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. *Excitable Speech* വിദ്വേഷ പ്രസംഗങ്ങളുടെ രാഷ്ട്രീയം പരിശോധിക്കുമ്പോൾ *Precarious*



IAI news

*Life* മനുഷ്യസഹജമായ ദുഃഖം, ദുർബലത, ഹിംസ എന്നീ അവസ്ഥകൾ ചർച്ച ചെയ്യുന്നു.

പെർഫോർമൻസ്, (പെർഫോർമാറ്റിവിറ്റി) എന്നീ പദങ്ങൾ തർജ്ജമ ചെയ്യുമ്പോൾ നേരിടുന്ന ആശയപരമായ അവ്യക്തത മുതൽ ഇന്ത്യൻ ചിന്താധാര ജെൻഡേർഡ് വ്യക്തിത്വങ്ങളെ പ്രതിനിധാനം ചെയ്യുന്ന രീതി വരെ വെല്ലുവിളികളാവുന്നു.


ലേഖനത്തിന്റെ തുടക്കത്തിൽ ബട്ട്ലറുടെ ചിന്താധാരയെ മൂന്നായി വിഭജിച്ചിരുന്നുവല്ലോ, രണ്ടാം ഭാഗത്തിലേക്ക് കടക്കുമ്പോൾ ഇതേ വെല്ലുവിളികൾ തന്നെ വീണ്ടും ചർച്ചയാക്കേണ്ടിയിരിക്കുന്നു. *Giving an Account of Oneself* എന്ന പ്രസിദ്ധീകരണത്തിൽ സ്വയജ്ഞാനത്തിന്റെ പരിമിതികളെക്കുറിച്ചാണ് ബട്ട്ലർ സംസാരിക്കുന്നത്. ഞാൻ ''ക''എന്ന വ്യക്തിക്ക് (subject) സ്വയജ്ഞാനം അപ്രാപ്യമില്ല, പക്ഷേ ഈ ജ്ഞാനം അപാകതകൾ/പരിമിതികൾ നിറഞ്ഞതാണ്. കാരണങ്ങൾ പലതാണ്-ഒന്ന്, എന്റെ സ്വയജ്ഞാനം ഭാഷയിൽ നിക്ഷിപ്തമാണെന്നിരിക്കെ, ഭാഷയുടെ അനുമാനങ്ങൾ അന്തർലീനമായ വൈരു

ഒരു പൊതുമണ്ഡലം അംഗീകൃത വ്യവഹാരങ്ങളെ എങ്ങനെ നിർവചിക്കുന്നു? ആരാണ് എങ്ങനെയാണ് ഈ വ്യവഹാര മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത്? ഫൂക്കോഡിയൻ തത്വങ്ങളുടെ പ്രകടമായ സ്വാധീനം ബട്ട്ലറുടെ *Excitable Speech* ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകൃത വ്യവഹാരങ്ങളുടെ പരിമിതി നിർണ്ണയിക്കുന്നതിലെ പ്രശ്നാത്മകതയെക്കുറിച്ച് പ്രതിപാദിക്കുന്നത് വിദ്വേഷ പ്രസംഗം, സെൻസർഷിപ്പ് എന്നീ വിഷയങ്ങളിലൂടെയാണ്. ബട്ട്ലറുടെ അഭിപ്രായത്തിൽ ഒരു വിഷ്യവാണി പോലെ ഒരു വിദ്വേഷ പ്രസംഗം അത്തരത്തിൽ മുദ്രകുത്തപ്പെടുമ്പോൾ കൂടുതൽ പ്രസക്തി/വിദ്വേഷം ആർജിക്കുന്നു. എന്നാൽ മേൽപ്പറഞ്ഞ വിഷയങ്ങളെ പ്രശ്നാവത്കരിക്കുമ്പോൾ ഒരു പ്രതിവിധി അവർ മുന്നോട്ടു വയ്ക്കുന്നതായി വായനയിൽ തോന്നുന്നില്ല. രാഷ്ട്രീയ-

ഭരണസംവിധാനങ്ങൾ ഇത്തരത്തിലുള്ള ലേബലിംഗ് അപ്പാടെ ഉപേക്ഷിക്കുകയോ തള്ളിക്കളയുകയോ ചെയ്താലുണ്ടാവുന്ന അരാചകത്വം/അരക്ഷിതാവസ്ഥ കണക്കിലെടുക്കേണ്ടതുണ്ട്.

2004 ൽ പ്രസിദ്ധീകരിച്ച *Precarious Life* മനുഷ്യസഹജമായ അനിശ്ചിതത്വം, ദുർബലത എന്നിവയിലേക്കാണ് ശ്രദ്ധ തിരിക്കുന്നത്. തത്വശാസ്ത്രം, സിദ്ധാന്തം എന്നീ അമൂർത്തമായ മേഖലകളിൽ നിന്ന് സമകാലിന പ്രശ്നങ്ങളുമായി നേരിട്ടുള്ള സംവാദം *Excitable Speech, Precarious Life* എന്നീ പുസ്കതങ്ങളിൽ കാണാം.

ഭരണസംവിധാനങ്ങൾ എങ്ങനെ സ്റ്റേറ്റ്ലെസ്




ജനതയെ സൃഷ്ടിക്കുന്നു? ഈ ചോദ്യം അധികാര ദുർവിനിയോഗം, മനുഷ്യാവകാശ ലംഘനം തുടങ്ങി തീവ്രവാദി-തീവ്രവാദം നിർവചനങ്ങളിലേക്കും നയിക്കുന്നു. ആഗോളതലത്തിൽ ശ്രദ്ധയും ശക്തിയുമാർജ്ജിച്ച ഭീകരതക്കെതിരായ യുദ്ധം, അതിന്റെ തുടർച്ചയായ ഗ്വാണ്ടനാമോ ബേ പോലെയുള്ള കറുത്ത അദ്ധ്യായങ്ങൾ, അംഗീകൃത പൗരത്വമില്ലാത്ത സ്റ്റേറ്റ്ലെസ് ജനത ഇവയെല്ലാം ഇഴ ചേർന്നുകിടക്കുന്ന കണ്ണികളാണ്. ഭരണകൂടം, ഭരണസംവിധാനങ്ങൾ, നിയമവ്യവസ്ഥകൾ ഇവ തമ്മിൽ പ്രശ്നാത്മകമായ ഒരു ബന്ധമാണ് ബട്ട്ലർ വീക്ഷിക്കുന്നത്. താൽപര്യാനുസരണം comply/suspend എന്ന സ്ഥിതി തന്നെ അരാചകത്വം അല്ലേ എന്ന ചോദ്യം 2023 ലും പ്രസക്തമായതു തന്നെ.


2015 ൽ പുറത്തിറങ്ങിയ *Notes Toward a Performative Theory of Assembly* ഏറ്റവും അടുത്തിടെ (2020) പ്രസിദ്ധീകരിച്ച *The Force of Non-Violence* എന്നീ പുസ്തകങ്ങൾ പെർഫോർമൻസ്/പെർഫോമിറ്റിവിറ്റി, നറേറ്റീവ്, നീതിശാസ്ത്രം എന്നിങ്ങനെ ബട്ട്ലറുടെ മൂന്നു പ്രിയപ്പെട്ട വ്യവഹാരങ്ങളെ കോർത്തിണക്കുന്നു. 2014 ൽ കൊടുമ്പിരി കൊണ്ട 'ബ്ലാക്ക് ലൈഫ്സ് മാറ്റർ' പ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിൽ പ്രതിരോധത്തിന്റെ രാഷ്ട്രീയം പൊതുയോഗങ്ങളുടെ പ്രകടനങ്ങൾ വഴി എങ്ങനെ ശക്തിപ്പെടുന്നു എന്ന് മനസ്സിലാക്കാനുള്ള ശ്രമമാണ്. ഒരു പൊതുയോഗം രണ്ടുതരത്തിൽ പരിണമിക്കാം-ഹിംസയിൽ കലാശിക്കാം അല്ലെങ്കിൽ സമാധാനപരമായി പ്രതിഷേധം രേഖപ്പെടുത്താം. റാഡിക്കൽ മാർക്സിസം ശുപാർശ ചെയ്യുന്ന സായുധ സമര മാർഗ്ഗങ്ങളെ നേരിട്ടല്ലാതെ വിമർശിക്കുന്നുണ്ട് ഇവിടെ. സാമൂഹിക തുല്യതയ്ക്കു വേണ്ടിയുള്ള രാഷ്ട്രീയ സമരങ്ങളിൽ അഹിംസ സമരമാർഗ്ഗങ്ങൾ നിഷ്ക്രിയ പരിശീലനങ്ങളായി തള്ളിക്കളയേണ്ടതില്ല എന്ന് ഗാന്ധിയെ ഓർമ്മിപ്പിക്കും വിധം ബട്ട്ലർ പറഞ്ഞുവയ്ക്കുന്നു.

സിമോൺ ഡി ബുവെ, ദെറിദ, ഫ്രോയ്ഡ്, ലക്കാൻ, ജൂലിയ ക്രിസ്തേവ, ലെവിനാസ്, അഗംബെൻ, നീചെ എന്നിങ്ങനെ വിവിധ എഴുത്തുകാരുടെ സിദ്ധാന്തങ്ങളിൽ നിന്ന് ബട്ട്ലർ പ്രേരണ ഉൾക്കൊള്ളുന്നു. ഇതുതന്നെയാണ് ബട്ട്ലറുടെ ഏറ്റവും വലിയ പ്രത്യേകതയും ദോഷവും. പലപ്പോഴും വളരെ തന്മയത്വത്തോടെ മേൽപ്പറഞ്ഞവരുടെ പല പശ്ചാത്തലങ്ങളിലുള്ള സിദ്ധാന്തങ്ങൾ ഇഴചേർക്കുന്ന ബട്ട്ലർ പക്ഷേ സ്വന്തം സിദ്ധാന്തങ്ങളിൽ ഒരു അപ്പോറിയ സൃഷ്ടിക്കുന്നു. അന്തർലീനമായ വൈരുദ്ധ്യങ്ങൾ ഇങ്ങനെ വ്യവഹാരങ്ങൾ ചേർത്തു വായിക്കുമ്പോൾ രൂപപ്പെടുന്നു. എന്നാലും, പെർഫോമിറ്റിവിറ്റി എന്ന ആശയം മനുഷ്യവ്യവഹാരങ്ങളുടെ വിവിധ മേഖലകളെ സൂക്ഷ്മമായി മനസ്സിലാക്കുന്നതിൽ പുതിയ വാതായനങ്ങൾ തുറന്നിടുന്നു എന്ന് നിസ്സംശയം പറയാം.



> വീട്ടിൽ ചെയ്യുന്ന അധ്വാനം സാമ്പത്തികമായി മാത്രമല്ല പ്രധാനപ്പെട്ടത് , മറിച്ചു മുതലാളിത്ത പ്രവർത്തനത്തിന്റെ തന്നെ കേന്ദ്രമാണ്.

# സിൽവിയ ഫെഡറിച്ചി



**നജ്മ ജോസ്**
വാട്ടർലൂ സർവകലാശാലയിൽ നിന്നും ഇലക്ട്രിക്കൽ &കമ്പ്യൂട്ടർ എൻജിനീയറിങ്ങിൽ ബിരുദാനന്തര ബിരുദം. ഹാർഡ്  വെയർ ഡിസൈൻ മേഖലയിൽ ജോലി

ഇറ്റലിയിലെ പാർമയിൽ 1942ൽ ആണ് സിൽവിയ ഫെഡറിച്ചി ജനിച്ചത്. ആ നാട്ടിലെ കമ്മ്യൂണിസ്റ്റ്, തൊഴിലാളി വർഗ്ഗ, ഫാഷിസ്റ്റ് വിരുദ്ധ രാഷ്ട്രീയം ചെറുപ്പം മുതലേ അവരെ സ്വാധീനിച്ചിരുന്നു  എങ്കിലും തന്റെ അമ്മയുടെ നിർണായക പങ്കിനെ കുറിച്ചു ഫെഡറിച്ചി പറയുന്നുണ്ട്.

"I would, you know, hear, and speak about the factory worker. The working class for me was the factory worker. And my mother several times said to me, you're always

talking about the factory worker as if they're the only people who work! Not my father, who was the teacher, the intellectual, the knowledgeable person. My mother was the one who told me the things that later became my politics. Whether in terms of housework, whether in terms of agricultural work, she was the one who was saying, but work is more than blue overalls!" -The New York Times, Feb 2021.

"Even now, some of the most treasured memories of my childhood are of my mother making bread, pasta, tomato sauce, pies, liqueurs, and then knitting, sewing, mending, embroidering, and attending to her plants. I would sometimes help her in selected tasks, most often however with reluctance. As a child, I saw her work; later, as a feminist, I learned to see her struggle, and I realized how much love there had been in that work, and yet how costly it had been for my mother to see it so often taken for granted, to never be able to dispose of some money of her own, and to always have to depend on my father for every penny she spent." Revolution at Point Zero (2011), Silvia Federici


കോവിഡ് ലോക്ക് ഡൌൺ കാലത്താണ് ഞാൻ സിൽവിയ ഫെഡിറിച്ചിയെ വായിക്കുന്നത്. സോഷ്യൽ റീപ്രൊഡക്ഷൻ, ഡൊമസ്റ്റിക ലേബര എന്നിവയെക്കുറിച്ച് അവർ എഴുതിയ ലേഖനങ്ങളിലൂടെ സമ്പദ്ഘടന സ്ത്രീയെ എങ്ങിനെയൊക്കെയാണെന്ന് ചൂഷണം ചെയ്യുന്നതെന്ന് വ്യക്തമായി മനസിലാക്കാൻ കഴിഞ്ഞു.

തൊഴിലാളിവർഗ്ഗ സ്ത്രീകളുടെ പ്രതിസന്ധികളിലേക്കും, അന്യവൽക്കരണത്തിലേക്കും നയിച്ച വിവിധ ചരിത്രപ്രക്രിയകളെയും ഭൗതികസാഹചര്യങ്ങളെയും വിശകലനം ചെയ്യുന്ന ഫെഡറിച്ചിയുടെ കൃതികളുടെ ഒരു ലിറ്ററേച്ചർ റിവ്യൂവാണ് ഇവിടെ പങ്ക് വെക്കുന്നത്.

## 1. Caliban and the Witch ( കാലിബൻ & ദി വിച്ച്)

ഫെഡിറിച്ചിയുടെ ഏറ്റവും പ്രധാനപ്പെട്ട കൃതികളിൽ ഒന്നാണ് “കാലിബൻ & ദി വിച്ച്” യൂറോപ്പിലെ 15–17 നൂറ്റാണ്ടുകളിലെ “മന്ത്രവാദിനി വേട്ട (witch-hunt)” ആണ് ഇതിലെ പ്രമേയം . അതിലൂടെ ലക്ഷക്കണക്കിന് സ്ത്രീകളെ വിചാരണ ചെയ്യുകയും, പീഡിപ്പിക്കുകയും, ചുട്ടു കൊല്ലുകയും ചെയ്തു .

ഫ്യൂഡലിസത്തിൽ നിന്ന് മുതലാളിത്തത്തിലേക്കുള്ള പരിവർത്തനത്തിൽ സ്ത്രീകളെ ചൂഷണം ചെയ്യുന്നത് ഒരു കേന്ദ്ര ഘടകമാണെന്ന് എന്ന് ഫെഡറിച്ചി വാദിക്കുന്നു. ഇംഗ്ലണ്ടിൽ ഭൂമിയുടെ സ്വകാര്യവൽക്കരണത്തിനു വേണ്ടി ഉപയോഗിച്ച ‘Enclosures’ എന്ന മാർഗത്തിനെ കുറിച്ച് ഫെഡറിച്ചി വിശദീകരിക്കുന്നുണ്ട്. ‘Enclosures’ വരുന്നതിനു മുൻപ് ഏറ്റവും താഴെക്കിടയിലുള്ള ആളുകൾക്കും ഭൂമി ഉണ്ടായിരുന്നു. സ്ത്രീയും പുരുഷനും അവരുടെ ഭൂമിയിൽ കൃഷി ചെയ്താണ് ജീവിച്ചു പോന്നത്.





Silvia Federici

HTTPS://WWW.LASTBORNINTHEWILDERNESS.COM/

കർഷകർക്ക് നിർണായകമായ വിഭവങ്ങൾ (ഇന്ധനത്തിനുള്ള മരം, കെട്ടിടത്തിനുള്ള തടി, മത്സ്യക്കുളങ്ങൾ, മൃഗങ്ങൾക്കുള്ള മേച്ചിൽസ്ഥലങ്ങൾ) പ്രദാനം ചെയ്യുന്ന 'കോമൺസ്' നിലനിന്നിരുന്നു. ഇത് സാമൂഹിക ഐക്യത്തിനും സഹകരണത്തിനും വഴിതുറന്നു. എന്നാൽ ഈ ഭൂമി നഷ്ടപ്പെട്ടതോടെ പുതിയൊരു സാമൂഹികതലം നിലവിൽ വരികയും അതുവഴി പൊതു അദ്ധ്വാനം, ഗാർഹിക അദ്ധ്വാനം എന്ന ഒരു വേർതിരിവ് ഉണ്ടാവുകയും ചെയ്തു. ഇതിനെ തുടർന്ന് കൂലിത്തൊഴിലാളികൾക്ക് അതായത് പുരുഷന് വീടിനു വെളിയിൽ ജോലി ചെയ്യേണ്ടി വരികയും, പാചകം, കുട്ടികളെ വളർത്തൽ തുടങ്ങിയ വീട്ടുജോലിയുമായി സ്ത്രീകൾക്ക് വീടുകളിൽ ഒതുങ്ങേണ്ടിയും വന്നു. അതുവരെ അനുഭവിച്ച സ്വാതന്ത്ര്യവും സ്വയംനിർണ്ണയ അവകാശവും സ്ത്രീകൾക്ക് നഷ്ടമാവുകയും ചെയ്തു. ഇത് സത്യത്തിൽ സ്ത്രീകൾക്ക് നേരെയുള്ള ഒരു തുറന്ന യുദ്ധം തന്നെയായിരുന്നു.

പുരുഷ കൂലിത്തൊഴിലാളി, പെൺ വേതനമില്ലാത്ത പ്രത്യുത്പാദന തൊഴിലാളി എന്ന ദ്വന്ദ്വത്തിനു പുറത്തു ജീവിക്കാൻ ശ്രമിച്ച സ്ത്രീകളെ (nonconformists) 'witch-hunt' വിധേയമാക്കുകയും ചെയ്തു. മുതലാളിത്ത സമൂഹം നിർമ്മിക്കുന്നതിൽ നിർണായകമായ പങ്ക് വഹിച്ച ഒരു പ്രവണത തന്നെയാണ് ഈ മന്ത്രവാദിനി വേട്ട.

സ്ത്രീകൾക്ക് നിയന്ത്രണം ഉണ്ടായിരുന്ന പ്രത്യുൽപാദനത്തിന്റെ മേഖലകൾ - പ്രത്യേകിച്ച് ജനനം , ഗർഭച്ഛിദ്രം, ഗർഭനിരോധനം മുതലായവ 'witchcraft' ('മന്ത്രവാദം')ത്തിന്റെ മേഖകലകളായി അറിയപ്പെട്ടു. ഈ 'witch hunt' ഇന്നും നിലനിൽക്കുന്നുണ്ട് . ഗർഭച്ഛിദ്ര അവകാശങ്ങൾ, പ്രത്യുൽപാദന അവകാശങ്ങൾ, ശാരീരിക സ്വയംഭരണാവകാശങ്ങൾ എന്നിവക്കു വേണ്ടി സമരം ചെയ്യുന്ന സ്ത്രീകൾ ഇന്നും വിചാരണ ചെയ്യപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്യുന്നു.




### *2. ആരാണ് തൊഴിലാളിയെ ഉൽപ്പാദിപ്പിക്കുന്നത് (Who produces the worker ?)*

വീട്ടുജോലിക്കുള്ള വേതനവും , സാമൂഹിക പു

നരുൽപാദന സിദ്ധാന്തവും ചർച്ച ചെയ്ത ഇന്റർനാഷണൽ ഫെമിനിസ്റ്റ് കളക്ടീവിന്റെ നേതൃത്വത്തിൽ 1972 ലാണ് 'The Wages for Housework' എന്ന ക്യാമ്പയിൻ ആരംഭിക്കുന്നത്. അതിന്റെ സ്ഥാപക അംഗമായിരുന്നു സിൽവിയ ഫെഡറിച്ചി.

"വീട്ടിൽ ചെയ്യുന്ന അധ്വാനം സാമ്പത്തികമായി മാത്രമല്ല പ്രധാനപ്പെട്ടത് , മറിച്ചു മുതലാളിത്ത പ്രവർത്തനത്തിന്റെ തന്നെ കേന്ദ്രമാണ്" ഇതായിരുന്നു ക്യാമ്പയിൻ മുന്നോട്ട് വെച്ച ഏറ്റവും പ്രധാനപ്പെട്ട വിഷയം. സ്ത്രീകൾ ചെയ്യുന്ന വീട്ടുജോലിക്ക് വേതനം വേണമെന്ന ആവശ്യം മുന്നോട്ട് വെക്കുന്നത് വഴി സമ്പദ്‌വ്യവസ്ഥ നിലനിന്നു പോകുന്നതിൽ ഗാർഹിക അദ്ധ്വാനത്തിനുള്ള പങ്കാണ് അവർ തുറന്നു കാട്ടിയത്.

ഇങ്ങനെ എഴുതി – "അവർ അതിനെ സ്നേഹമെന്നു പറയുന്നു, ഞങ്ങൾ അതിനെ കൂലിയില്ലാത്ത തൊഴിലെന്ന് പറയുന്നു ' ("They say it is love. We say it is unwaged work." )

സ്ത്രീകളുടെ ഗാർഹിക അധ്വാനം ലിംഗാധിഷ്ഠിത സാമ്പത്തിക അടിച്ചമർത്തലിന്റെ ഒരു രൂപം മാത്രമല്ല, പകരം മുതലാളിത്തത്തെ നിലനിർത്തുന്ന ചൂഷണത്തിന്റെ അടിത്തറയായി പ്രവർത്തിക്കുന്നു എന്ന് ഫെഡിറിച്ചി പറയുന്നു.

"We want to call work what is work, so that eventually we might rediscover what is love."

- *Silvia Federici*

കോവിഡിനെ തുടർന്നുള്ള 'സ്റ്റേ അറ്റ് ഹോം' നിർദേശങ്ങൾ അതുവരെ ശ്രദ്ധിക്കാതിരുന്ന ചില




https://www.thenation.com/

അവർ തിരിച്ചറിഞ്ഞ അടിസ്ഥാന പ്രശ്നം, പ്രത്യുൽപാദന അധ്വാനം (domestic labour) ജോലി എന്നതിലുപരി, സ്ത്രീത്വത്തിന്റെ ഒരു സ്വാഭാവികമായ ഉദ്ഭവമായി കണക്കാക്കി തീർക്കുന്നു എന്നതാണ്. 'കൂലി'ക്ക് വേണ്ടി വാദിക്കുന്നത് വഴി സ്ത്രീകളുടെ സ്വകാര്യ അധ്വാനത്തെ മൂലധനത്തിന്റെ ഭാഷയിലൂടെ ദൃശ്യമാക്കാനാണ് അവർ ശ്രമിച്ചത്.

1975 ൽ പ്രസിദ്ധീകരിച്ച "Wages Against Housework" എന്ന പുസ്തകത്തിൽ ഫെഡറിച്ചി

പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ നമ്മളെ നിർബന്ധിതരാക്കി. മനുഷ്യർ തമ്മിൽ സാമൂഹിക അകലം പാലിക്കണം എന്ന് പറഞ്ഞ അതെ നാളുകളിൽ തന്നെയാണ് പ്രത്യുൽപാദന– ഗാർഹിക– പരിചരണ തൊഴിലാളികൾ (paid reproductive care workers) "essential workers" ആണെന്ന് നമ്മൾ കേട്ടത്.മധ്യവർഗം മുതൽ മുകളിലേക്ക് ഉള്ളവരുടെ ജീവിതം ഒരു തടസവും കൂടാതെ മുന്നോട്ട് പോകുന്നതിന്റെ പ്രധാന കാരണം കുട്ടികളുടെയും പ്രായം ചെന്നവരുടെയും പരിചരണത്തിനെ "പു

റംകരാര്‍” (outsource) ചെയ്യാന്‍ കഴിയുന്നത് കൊണ്ടാണ്. എന്നാല്‍ ആ ജോലി ചെയ്യുന്നവരുടെ കാര്യമോ ? --- ഇവരെല്ലാവരും തുച്ഛവേതനക്കാര്‍ ആണെന്നും നമ്മുടെ സാമൂഹിക സംവിധാനങ്ങള്‍ വ്യവസ്ഥാപിത അസമത്വങ്ങള്‍ നിറഞ്ഞതാണെന്നും നമ്മള്‍ തിരിച്ചറിഞ്ഞു തുടങ്ങിയതും കോവിഡ് കാലത്താണ്.

ഗാര്‍ഹികവും പ്രത്യുല്‍പാദനപരവുമായ അധ്വാനത്തെ ഫെഡറിച്ചി നിര്‍വചിച്ചിരിക്കുന്നത് കുട്ടികളെ ഉണ്ടാക്കുകയും അവരെ വളര്‍ത്തുകയും ചെയ്യുന്നതു മാത്രമല്ല. ഒരു കുടുംബത്തെയും സമൂഹത്തെയും നിലനിര്‍ത്തുന്ന സുപ്രധാനമായ എല്ലാ പരിചരണ ജോലികളെയും സൂചിപ്പിച്ചുകൊണ്ടാണ്.

തൊഴിലാളികളുടെ അധ്വാനമാണ് സമൂഹത്തിലെ എല്ലാ സമ്പത്തും ഉല്‍പ്പാദിപ്പിക്കുന്നതെങ്കില്‍, ആരാണ് തൊഴിലാളിയെ ഉത്പാദിപ്പിക്കുന്നത്?

("If workers' labor produces all the wealth in the society , who then produces the worker?")

കമ്പോളത്തിനു വേണ്ടിയുള്ള ഉല്‍പ്പാദനപരമായ അധ്വാനം ഉല്പാദനക്ഷമമായ അദ്ധ്വാനത്തെ മാത്രമേ മുതലാളിത്തം അധ്വാനമായി അംഗീകരിക്കുന്നുള്ളു. സ്ത്രീകള്‍ വീട്ടില്‍ ചെയുന്ന ജോലി സാമ്പത്തികവ്യവസ്ഥയില്‍ ജോലിയായി കണക്കാക്കുന്നില്ല .അധ്വാനം പുനര്‍നിര്‍മ്മിക്കുന്ന കൂലിയില്ലാത്ത ജോലിയാണ് മുതലാളിത്ത സമൂഹത്തിലെ സ്ത്രീ ചൂഷണത്തിന്റെ അടിസ്ഥാനം . സത്യത്തില്‍ ഈ അധ്വാനമാണ് സ്ത്രീകളില്‍ നിന്ന് പ്രതീക്ഷിക്കുന്ന പ്രധാന സാമൂഹിക ധര്‍മ്മം. സ്വകാര്യ സ്വത്തു നിലനില്‍ക്കുന്നത് പോലും ഇതുകൊണ്ടാണ്.

2019-ല്‍ ഓക്സ്ഫാം പുറത്തുവിട്ട പഠനംപ്രകാരം അമേരിക്കന്‍ സ്ത്രീകള്‍ വീടുകളില്‍ ചെയ്യുന്ന ജോലികള്‍ക്കും , ബന്ധുക്കളെ പരിചരിക്കുന്നതിനും മിനിമം വേതനം ഉണ്ടാക്കിയിരുന്നെങ്കില്‍, അവര്‍ 2019-ല്‍ 1.5 ട്രില്യണ്‍ ഡോളര്‍ സമ്പാദിക്കുമായിരുന്നു. ആഗോളതലത്തില്‍, ആ വേതനമില്ലാത്ത തൊഴിലിന്റെ മൂല്യം ഏകദേശം $11 ട്രില്യണ്‍ ആയിരുന്നു.

"The determining force in history is the production and reproduction of immediate life. " Frederick Engels

### *3. മാഡംസ് & മെയിഡ്സ് (Madams & Maids)*

തൊഴിലാളികളുടെ അവകാശത്തിനു മേല്‍ നിയന്ത്രണം ഏര്‍പ്പെടുത്തുന്നതിനും , തൊഴില്‍ ചിലവ് ‘cost of labour’ ചുരുക്കുന്നതിനും അതുവഴി കൂടുതല്‍ ചൂഷണത്തിന് വഴിയൊരുക്കുവാനും



ഒരു ആഗോള ലേബർ മാർക്കറ്റ് നിർമ്മിക്കുകയാണ് ആഗോളവൽക്കരണം വഴി മുതലാളിത്തം ചെയ്തത് എന്നാണ് ഫെഡറിച്ചി പറയുന്നത്.

ഫെമിനിസ്റ്റ് സാമ്പത്തിക വിദഗ്ധർ ഒരിക്കൽ പറഞ്ഞത് പോലെ , ആഗോളവൽക്കരണത്തിന് സ്ത്രീകളെ 'ശാക്തീകരിക്കാൻ' കഴിഞ്ഞിട്ടില്ല. പകരം ആഗോളവൽക്കരിക്കപ്പെട്ട പ്രത്യുത്പാദന മേഖലയിൽ, കുടിയേറ്റ/അഭയാർത്ഥി സ്ത്രീ തൊഴിലാളികളുടെ ഒരു ലോക തൊഴിലാളിവർഗത്തിനെ സൃഷ്ടിക്കാൻ ആഗോളവൽക്കരണത്തിനു സാധിച്ചു.

ലോക സമ്പദ്‌വ്യവസ്ഥയുടെ ആഗോളവൽക്കരണം ആഫ്രിക്ക, ഏഷ്യ, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലെ സാമൂഹിക പുനർനിർമ്മാണത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചു. അവിടുള്ള മനുഷ്യർ അനുഭവിക്കുന്ന ദാരിദ്ര്യം ലോകബാങ്ക് പലപ്പോഴും അവകാശപ്പെടുന്നത് പോലെ ഒരു ക്ഷണിക പ്രതിഭാസമോ മോശമായി നടപ്പിലാക്കിയ നയശുപാർശകളുടെ അനന്തരഫലമോ, സോഷ്യലിസത്തിന്റെ പരാജയമോ അല്ല, മറിച്ച് ഈ പ്രദേശങ്ങളുടെ ആഗോള സമ്പദ്‌വ്യവസ്ഥയിലേക്കുള്ള സംയോജനത്തിന്റെ നേരിട്ടുള്ള അനന്തരഫലമാണ് എന്ന് ഫെഡറിച്ചി വിശദീകരിക്കുന്നു.

**ആഗോളവൽക്കരണം ഏൽപ്പിച്ച ആഘാതങ്ങൾ നോക്കിയാൽ മൂന്നാം ലോക രാജ്യങ്ങളുടെ കടം കുത്തനെ ഉയർന്നതും , ആ രാജ്യങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്ന് അടിഞ്ഞതും കാണാം. ഇതിനെ തുടർന്ന് ലക്ഷകണക്കിന് ആളുകൾക്ക് അവരുടെ നാടും വീടും ഉപേക്ഷിച്ച അന്യനാടുകളിലേക്ക് കുടിയേറേണ്ടി വന്നിട്ടുണ്ട്. ഇത് ആഗോളവൽക്കരണത്തിന്റെ അപ്രതീക്ഷിത ദോഷവശമല്ല മറിച്ച് വളരെ കൃത്യമായി പ്ലാൻ ചെയ്ത ഒരു പദ്ധതി തന്നെയാണ് എന്നാണ് ഫെഡറിച്ചി പറയുന്നത്.**



ചരക്ക് ഉൽപാദന വീക്ഷണകോണിൽ നിന്ന് മാത്രം നോക്കിയാൽ ആഗോളവൽക്കരണത്തിന്റെ അനന്തരഫലങ്ങൾ (പ്രത്യേകിച്ചും സ്ത്രീകളുടെ കാര്യത്തിൽ ) നമുക്ക് മനസ്സിലാക്കാൻ കഴിയില്ല. മൂന്നാം ലോകത്തിൽ നിന്ന് ഒന്നാം ലോകത്തേക്കുള്ള വിഭവങ്ങളുടെ കൂടി കൈമാറ്റമായും നാം ഇതിനെ മനസിലാക്കണം.

മനുഷ്യരുടെയും, തൊഴിൽശക്തി പുനരുൽപ്പാദിപ്പിക്കപ്പെടുന്ന ജോലിയുടെയും ആഗോള പുനർനിർമ്മാണം എങ്ങിനെയാണ് നടന്നതെന്നും നാം നോക്കേണ്ടതുണ്ട്.

ആഗോളവൽക്കരണം ഏൽപ്പിച്ച ആഘാതങ്ങൾ നോക്കിയാൽ മൂന്നാം ലോക രാജ്യങ്ങളുടെ കടം കുത്തനെ ഉയർന്നതും , ആ രാജ്യങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്ന് അടിഞ്ഞതും കാണാം. ഇതിനെ തുടർന്ന് ലക്ഷകണക്കിന് ആളുകൾക്ക് അവരുടെ നാടും വീടും ഉപേക്ഷിച്ച അന്യനാടുകളിലേക്ക് കുടിയേറേണ്ടി വന്നിട്ടുണ്ട്. ഇത് ആഗോളവൽക്കരണത്തിന്റെ അപ്രതീക്ഷിത ദോഷവശമല്ല മറിച്ച് വളരെ കൃത്യമായി പ്ലാൻ ചെയ്ത ഒരു പദ്ധതി തന്നെയാണ് എന്നാണ് ഫെഡറിച്ചി പറയുന്നത്.

ഐ.എം.എഫിന്റെയും, ലോകബാങ്കിന്റെയും ഘടനാപരമായ ക്രമീകരണങ്ങൾ (Structural adjustments) തുറന്നിട്ട പ്രതിസന്ധി ഉപയോഗി

ച്ച് അന്താരാഷ്ട്ര ഏജൻസികളുടെയും , ഗവൺമെന്റുകളുടെയും സഹകരണത്തിലൂടെ മൂന്നാം ലോകത്തിൽ നിന്നുള്ള സ്ത്രീകളുടെ വൻതോതിലുള്ള കുടിയേറ്റം നടന്നു. യൂറോപ്പിലേക്കും വടക്കേ അമേരിക്കയിലേക്കും കുടിയേറിയ ഈ സ്ത്രീകളിൽ ഭൂരിഭാഗവും ചെയ്യുന്നത് വേതനം കുറഞ്ഞ ജോലികളാണ്. സ്ത്രീകളുടെ അധ്വാനത്തിന്റെ മോഷണം എന്നാണ് ഫെഡറിച്ചി ഇതിനെ വിശേഷിപ്പിക്കുന്നത്. ഈ സ്ത്രീകളെ അഥവാ തൊഴിലാളികളെ നിർമിക്കുന്ന സാമൂഹിക പുനരുൽപാദനത്തിന് ( social reproduction ) വേണ്ടി ഒരു പൈസയും ഒന്നാം ലോക രാജ്യങ്ങൾക്കു ചിലവാക്കേണ്ടി വന്നിട്ടും ഇല്ല.

ഇങ്ങനെ സ്വന്തം നാടും, വീടും വിട്ട് ഭാഷയും, രീതിയും അറിയാത്ത നാടുകളിലേക്ക് കുടിയേറുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ , അതിനു അവർ കൊടുക്കേണ്ടി വരുന്ന വില എന്താണ് ? ഒരു രാജ്യത്തേക്ക് പ്രവേശിക്കാനുള്ള ശ്രമത്തിൽ പലപ്പോഴും അവർക്കു ജീവൻ പണയപ്പെടുത്തേണ്ടി വരുന്നു , പ്രതികൂല സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്നു. വർഷങ്ങളോളം അല്ലെങ്കിൽ ജീവിത കാലം മുഴുവൻ ഏകാന്തതയും, ഭയവും , ആശങ്കയും അനുഭവിക്കേണ്ടി വരുന്നു.

കാനഡയിൽ ഉപരിപഠനത്തിനായി വരുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ആഴ്ചയിൽ ഇരുപത് മണിക്കൂർ പാർട് ടൈം ജോലി ചെയ്യാനുള്ള അനുവാദം ഉണ്ട്. മുൻകാലങ്ങളിൽ ഇരുപത് മണിക്കൂറിൽ കൂടുതൽ ജോലി ചെയ്തതിനു വിദ്യാർത്ഥികളുടെ വിസ റദ്ദാക്കി നാട് കടത്തിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ലോക്ക്ഡൗൺ കാലത്തു കൂടുതൽ മുന്നണി ജോലിക്കാരെ ("frontline workers ") ആവശ്യമായി വന്നപ്പോൾ കാനഡയിലെ സർക്കാർ ഈ ഇരുപത് മണിക്കൂർ ലിമിറ്റ് എടുത്തു മാറ്റുകയും വിദേശ രാജ്യങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് എത്ര മണിക്കൂർ വേണമെകിലും ജോലി ചെയ്യാം എന്നാക്കുകയും ചെയ്തു. ഇവിടുത്തെ പൗരന്മാർ തൊഴിലില്ലായ്മ ആനുകൂല്യങ്ങൾ (unemployment benefits) വാങ്ങി സുരക്ഷിതരായി വീട്ടിൽ ഇരുന്നപ്പോൾ സ്വന്തം ആരോഗ്യവും, ജീവനും പണയം വെച്ച് ജോലി ചെയ്യേണ്ടി വന്നവർ ഇമ്മിഗ്രന്റ്സ് ആണ്.

"We are reminded here of Arlie Russel Hochschild's argument that today's global economy does not only consist of transfers of money and capital but of global transfers of love also, which ultimate beneficiaries are multinational corporations in their efforts to portray themselves as a "one big family" to their employers." - Silvia Federici

'Standing With Nurses is a Feminist Project'




https://www.commondreams.org/

എന്ന ലേഖനത്തിൽ ഫെഡറിച്ചി ഇങ്ങനെ എഴുതി

"കോവിഡ്-19 പാൻഡെമിക്കിന്റെ നിലനിൽക്കുന്ന ചിത്രം എന്താണ്? എന്നെ സംബന്ധിച്ചിടത്തോളം രോഗത്തെക്കുറിച്ചുള്ള സ്വന്തം ഭയത്തെ മറികടന്ന് രോഗികൾക്ക് പരിചരണം നൽകാനും, മരണത്തെ അഭിമുഖീകരിക്കുമ്പോൾ ആശ്വാസം നൽകാനും ഈ ആഗോള അടിയന്തരാവസ്ഥയുടെ മുൻനിരയിൽ നിൽക്കുന്നത് നഴ്സുമാരാണ്.

നഴ്സുമാർ അവരുടെ ശാരീരിക ക്ഷീണം, മതിയായ ഉപകരണങ്ങളുടെ അഭാവം, അവർ ശുശ്രൂഷിച്ച രോഗികൾ മരണപ്പെടുമ്പോൾ ഉള്ള മാ

അപലപിച്ചു. അവരോടൊപ്പം ചേരാൻ അവർ ഒരു ആഗോള പ്രസ്ഥാനത്തെ പ്രചോദിപ്പിച്ചു.

ബാൽക്കണിയിൽ നിന്ന് കൈകൊട്ടി നമ്മൾ നഴ്സുമാരെ അഭിനന്ദിച്ചു. നമ്മുടെ സമ്പദ്‌വ്യവസ്ഥയിലും സമൂഹത്തിലും ദൈനംദിന ജീവിതത്തിലും അവർ വഹിക്കുന്ന പങ്ക് തിരിച്ചറിഞ്ഞു. പക്ഷേ കൈയടി മതിയാവില്ല. മെച്ചപ്പെട്ട വേതനത്തിനും സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങൾക്കുമുള്ള അവരുടെ ആവശ്യങ്ങളിൽ നമ്മളും ചേരേണ്ടതുണ്ട്.

ബിഗ് ഫാർമയ്ക്കെതിരെയുള്ള നഴ്സുമാരുടെ ഇപ്പോഴത്തെ സമരം ഫെമിനിസ്റ്റ് സമരമാണ് . മു



https://www.thenation.com/

നസിക പ്രയാസം എന്നൊക്കെയുള്ള അനുഭവങ്ങൾ പറയുന്നത് നമ്മൾ കേട്ടു. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, കോവിഡ് -19 അണുബാധ മൂലം ആഗോളതലത്തിൽ കുറഞ്ഞത് 115,000 നഴ്സുമാരെങ്കിലും മരിച്ചു, വാക്സിനുകൾ തുല്യമായി നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തിരുന്നെങ്കിൽ അവരിൽ പലരുടെയും ജീവൻ രക്ഷിക്കാമായിരുന്നു.

ഈ വെല്ലുവിളികൾക്കിടയിലും നഴ്സുമാർ തുടർച്ചയായി അണിനിരന്നു. ആശുപത്രികളുടെയും സാനിറ്ററി സംവിധാനങ്ങളുടെയും പ്രാദേശിക, ദേശീയ അധികാരികളുടെയും പരാജയത്തെ അവർ

തലാളിത്ത സമൂഹത്തിന്റെ ചരിത്രത്തിലുടനീളം ഘടനാപരമായ ഘടകമായ സ്ത്രീകളുടെ പ്രത്യുത്പാദന പ്രവർത്തനത്തിന്റെ മൂല്യച്യുതിയുമായി നേരിട്ട് ബന്ധപ്പെട്ടതാണ് അവരുടെ ജോലിയുടെ മൂല്യത്തകർച്ച.

നമ്മുടെ സാമൂഹിക വ്യവസ്ഥയുടെ അദൃശ്യ വാസ്തുവിദ്യയായി നഴ്സിംഗ് വർത്തിക്കുന്നു.

ആ വാസ്തുവിദ്യ അന്തർദേശീയമാണ്: കൊളോണിയലിസത്തിന്റെ നീണ്ട ചരിത്രവും, ഘടനാപരമായ ക്രമീകരണങ്ങൾ പോലുള്ള പരിപാടികൾ സൃഷ്ടിച്ച ദാരിദ്ര്യാവസ്ഥയും കാരണം തങ്ങളുടെ മാതൃരാജ്യങ്ങളിൽ നിന്ന് കുടിയേറാൻ നിർബന്ധി

**അന്താരാഷ്ട്ര ഫെമിനിസം കുടിയേറ്റ അവകാശങ്ങൾക്കായുള്ള സമരമായി മാറേണ്ടതുണ്ട്. ഗാർഹിക ജോലിക്കുള്ള വേതനത്തിന് വേണ്ടി സമരം ചെയ്യേണ്ടതുണ്ട്. വീട്ടുജോലി അനിവാര്യമായ അധ്വാനമാണ്, അതിനെ വില കുറച്ചു കാണേണ്ടതില്ല. ആ ജോലി ചെയ്യുന്നവർക്ക് ശമ്പളം നൽകാതിരിക്കുകയോ ഏറ്റവും കുറഞ്ഞ ശമ്പളം നൽകുകയോ ചെയ്യുമ്പോൾ ആണ് ആ ജോലി വിലകുറഞ്ഞത് ആകുന്നത് . വീട്ടുജോലിക്കാരുടെ കൂലി പരമാവധി കുറയ്ക്കാൻ ശ്രമിക്കുന്നത് ഒരു സാമൂഹിക വിപത്തായി മാറുമെന്ന് ഫെഡറിച്ചി ഓർമിപ്പിക്കുന്നു.**

തരായ നിരവധി നഴ്സുമാരെ നോക്കുക".

സ്ത്രീ വിമോചനത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വെല്ലുവിളിയും ഗാർഹിക ജോലിയുടെ ആഗോള പുനഃക്രമീകരണം തന്നെയാണ്. മൂന്നാം ലോക രാജ്യങ്ങളിൽ നിന്നും വന്ന് യൂറോപ്പിലും അമേരിക്കയിലും പണിയെടുക്കുന്ന സ്ത്രീയും അവളുടെ തൊഴിൽ ഉടമയും തമ്മിൽ ഉള്ള ബന്ധത്തിൽ ഒരുപാട് അസമത്വങ്ങളുണ്ട് . ഫെഡറിച്ചിയുടെ തന്നെ വാക്കുകൾ കടമെടുത്താൽ "the relation through which First and Third World women have most met, at a mass level, has been that of madams and maids."

ഇത് പരിഹരിക്കാത്തിടത്തോളം ആഗോള തലത്തിൽ ഒരു ഫെമിനിസ്റ്റ് മൂവ്മെന്റ് സാധ്യമാവുകയില്ല. അമേരിക്കയിലെയും യൂറോപ്പിലെയും മുഖ്യധാരാ ഫെമിനിസം പാടെ അവഗണിച്ച ഒരു വിഷയമാണിത് .

*4. എന്തായിരിക്കണം അന്താരാഷ്ട്ര ഫെമിനിസ്റ്റ് അജണ്ട? What should be the International Feminist Agenda?*

ആഗോളവൽക്കരണം സ്ത്രീകൾക്കിടയിൽ സൃഷ്ടിക്കുന്ന അധികാര ബന്ധങ്ങളും വിഭജനങ്ങളും മറികടക്കുന്നില്ലെങ്കിൽ, ഒരു അന്താരാഷ്ട്ര ഫെമിനിസ്റ്റ് പ്രസ്ഥാനം എങ്ങനെ കെട്ടിപ്പടുക്കുമെന്ന വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ഫെഡറിച്ചി ചോദിക്കുന്നത്.

അന്താരാഷ്ട്ര ഫെമിനിസം കുടിയേറ്റ അവകാശങ്ങൾക്കായുള്ള സമരമായി മാറേണ്ടതുണ്ട്. ഗാർഹിക ജോലിക്കുള്ള വേതനത്തിന് വേണ്ടി സമരം ചെയ്യേണ്ടതുണ്ട്. വീട്ടുജോലി അനിവാര്യമായ അധ്വാനമാണ്, അതിനെ വില കുറച്ചു കാണേണ്ടതില്ല. ആ ജോലി ചെയ്യുന്നവർക്ക് ശമ്പളം നൽകാതിരിക്കുകയോ ഏറ്റവും കുറഞ്ഞ ശമ്പളം നൽകുകയോ ചെയ്യുമ്പോൾ ആണ് ആ ജോലി വിലകുറഞ്ഞത് ആകുന്നത് . വീട്ടുജോലിക്കാരുടെ കൂലി പരമാവധി കുറയ്ക്കാൻ ശ്രമിക്കുന്നത് ഒരു സാമൂഹിക വിപത്തായി മാറുമെന്ന് ഫെഡറിച്ചി ഓർമിപ്പിക്കുന്നു. ഇത് കുടുംബത്തിന്റെ ബജറ്റ് ലാഭിച്ചേക്കാം, പക്ഷേ ഇത് സാമൂഹിക പുനരുൽപാദനത്തിന്റെ തകർച്ചയെ സ്ഥാപനവൽക്കരിക്കുന്നു.

സ്ത്രീകൾ നേരിടുന്ന അക്രമം ഗാർഹിക പീഡനം മാത്രമല്ല. അതിൽ വിപണിയുടെയും , മുതലാളിത്തത്തിന്റെയും , ഭരണകൂടത്തിന്റെയും അക്രമമുണ്ട്. സ്ത്രീകൾക്കെതിരായ വിവേചനപരമായ നയങ്ങളുടെ അക്രമമുണ്ട് , സ്ത്രീകളുടെ ശരീരത്തിന് നേരെയുള്ള സ്ഥാപനപരമായ അക്രമമുണ്ട് . വംശീയതക്കും , സാമ്രാജ്യത്വത്തിനും എതിരെയുള്ള മുതലാളിത്ത വിരുദ്ധ ഫെമിനിസമാണ് നമുക്ക് ആവശ്യം. ലോകമെമ്പാടുമുള്ള തൊഴിലാളി വർഗത്തിനോടാണ് അന്താരാഷ്ട്ര ഫെമിനിസം ഐക്യപ്പെടേണ്ടത്.

മുതലാളിത്തത്തെ ഏതെങ്കിലും തരത്തിലുള്ള വിമോചനവുമായി ബന്ധപ്പെടുത്താൻ കഴിയില്ല എന്നും , തൊഴിലാളിവർഗ വീക്ഷണകോണിൽ നിന്ന് സമീപിക്കുമ്പോൾ മാത്രമേ അതിന്റെ സമഗ്രത മനസ്സിലാക്കാൻ കഴിയൂ എന്ന് ഫെഡറിച്ചി ഊന്നി പറയുന്നു. മുതലാളിത്തത്തിന് സ്വയം പുനരുൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് ലോക തൊഴിലാളിവർഗ ചൂഷണത്തെ ആഗോളവൽക്കരിക്കാനുള്ള അതിന്റെ കഴിവ് കൊണ്ട് മാത്രമാണ്.

*ഉപസംഹാരം*

എൻജിനീയറിങ് മേഖലയിലാണ് ഞാൻ ജോലി ചെയ്യുന്നത്. STEM Gender gap, wage gapനെ കുറിച്ചുള്ള ഒരുപാട് ചർച്ചകൾ കേൾക്കാറുണ്ട്. ഈ മേഖലയിൽ ജോലി ചെയ്യുന്ന പുരുഷൻമാർ

ക്ക് ഒരു ഡോളർ കിട്ടുമ്പോൾ സ്ത്രീകൾക്ക് കിട്ടുന്നത് എഴുപത് സെന്റ് മാത്രമാണ് എന്നതിന്റെ കണക്കുകൾ നിരത്തിയുള്ള നിരവധി ചർച്ചകൾ കൂടെകൂടെ നടക്കാറുണ്ടെകിലും എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്നതിനെ പറ്റി ആരും പറയുന്നത് കേൾക്കാറില്ല. പകരം നമ്മുടെ ജീവിതത്തെ പരിമിതപ്പെടുത്തുന്ന സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവുമായ ഘടകങ്ങളെ പരിഗണിക്കുക പോലും ചെയ്യാത്ത കുറെ സ്വയം സഹായ നുറുങ്ങു വിദ്യകൾ തരും.

മാർക്ക് ഫിഷർ അദ്ദേഹത്തിന്റെ വളരെ പ്രശസ്തമായ ഒരു ലേഖനത്തിൽ മുതലാളിത്ത വർഗ്ഗത്തിന്റെ ഏറ്റവും വിജയകരമായ തന്ത്രങ്ങളിലൊന്നായ ഉത്തരവാദിത്വവത്ക്കരണത്തെ കുറിച്ച് പറയുന്നുണ്ട്. നമ്മൾ അനുഭവിക്കുന്ന ദാരിദ്ര്യം, അവസരങ്ങളുടെ അഭാവം, അല്ലെങ്കിൽ തൊഴിലില്ലായ്മ എന്നിവ നമ്മുടെ മാത്രം തെറ്റാണെന്നും, തങ്ങൾ ആഗ്രഹിക്കുന്നതെന്തും സാധിച്ചെടുക്കാനുള്ള കഴിവ് ഓരോ വ്യക്തിക്കും ഉണ്ടെന്ന് വിശ്വസിപ്പിച്ചെടുക്കാനും മുതലാളിത്ത വ്യവസ്ഥിതിക്കു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തന്നെ സാമൂഹിക ഘടനയെ എന്നതിനേക്കാൾ വ്യക്തികൾ സ്വയം കുറ്റപ്പെടുത്തുന്നു. ഈ സമീപനം യാതൊരു സാമൂഹിക മാറ്റവും ആവശ്യപ്പെടുന്നില്ല എന്ന് മാത്രമല്ല കൂട്ടായ പ്രവർത്തനത്തിനുള്ള ആഹ്വാനങ്ങളെ (call for collective action) ഫലപ്രദമായി ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

ലിബറൽ / ബൂർഷ്വാ / കോർപ്പറേറ്റ് ഫെമിനിസത്തിന്റെ പൊള്ള വർത്തമാനങ്ങൾ കേട്ട് മടുത്ത ഒരു ഘട്ടത്തിലാണ് ഞാൻ ഫെഡറിച്ചിയെ വായിച്ചു തുടങ്ങുന്നത്.

കാനഡയിലേക്ക് കുടിയേറിയ എന്റെ തിരഞ്ഞെടുപ്പിനെ നിർണയിച്ച സാമൂഹിക , സാമ്പത്തിക അസമത്വങ്ങളെക്കുറിച്ച് കൃത്യമായി മനസ്സിലാക്കുന്നതിൽ ഞാൻ ഏറ്റവും കൂടുതൽ കടപ്പെട്ടിരിക്കുന്നതും സിൽവിയ ഫെഡറിച്ചിയുടെ എഴുത്തുകളോടാണ്. നമ്മുടെ ജീവിതത്തെ ചിട്ടപ്പെടുത്തിയിരിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥയെയും, സ്ഥാപനങ്ങളെയും മാറ്റാതെ നമ്മുടെ ദൈനംദിന ജീവിതത്തെ മാറ്റാൻ കഴിയില്ല എന്നതാണ് അവയിൽ നിന്നും പഠിച്ച ഏറ്റവും വലിയ പാഠം.

**സഹായകഗ്രന്ഥങ്ങൾ**


1. Silvia Federici, *Caliban and the Witch: Women, the Body and Primitive Accumulation*
2. Silvia Federici, *Wages against Housework* (1975)
3. Silvia Federici, *Reproduction and Feminist Struggle in the New International Division of Labour* (1999)
4. Silvia Federici, *Women, Globalization, and the International Women's Movement* (2001)
5. Silvia Federici, *Revolution at Point Zero* (2011)
6. Tithi Bhattacharya , *Mapping Social Reproduction Theory* (2017)
7. Cinzia Arruzza, *From Social Reproduction Feminism to the Women's Strike* (2017)
8. Statistics Canada STEM Gender Gap https://www150.statcan.gc.ca/n1/pub/36-28-0001/2021011/article/00004-eng.htm
9. Standing With Nurses Is a Feminist Project, Silvia Federici https://www.thenation.com/article/world/nurses-covid-feminism/
10. The Lockdown Showed How the Economy Exploits Women. She Already Knew. https://www.nytimes.com/2021/02/17/magazine/waged-housework.html
11. Social Power, Depression and Feeling Good for Nothing, Mark Fisher (2014)



**ആബ മുരളീധരൻ**
ജെൻഡർ സ്റ്റഡീസിൽ
ബിരുദാനന്തര ബിരുദധാരി,
ഡോക്യുമെന്ററി
ഫോട്ടോഗ്രാഫർ

# ആരാണ് ഫ്രാങ്കെൻസ്റ്റീൻ?




*How the Chimney-sweepers cry*
*Every blackning Church appalls,*
*And the hapless Soldiers sigh*
*Runs in blood down Palace walls*

*-London by William Blake*

ഒരു സെപ്റ്റംബർ മാസമായിരുന്നു. അസഹനീയമായ ചൂടും അന്തരീക്ഷത്തിൽ കറുത്ത പൊടിയും നിറഞ്ഞ ഏറനാട്ടിനു കട്ടിയിൽ പൂപ്പൽ പിടിച്ച ഒരു തക്കാളിയുടെ മണമായിരുന്നു . അടുത്തിടെ ഗ്രാമത്തിലേക്ക് താമസം മാറിയ സഞ്ജന കുറച്ച് പലചരക്ക് സാധനങ്ങൾ വാങ്ങാൻ വീട്ടിൽ നിന്ന് ഇറങ്ങി. വാങ്ങിയ ശേഷം തിരികെ മടങ്ങുമ്പോൾ, പുഴുങ്ങിയ മുട്ട വിൽക്കുന്ന ഒരു കുഞ്ഞുകടയിൽ കയറി . അവൾ ഒരു പ്ലേറ്റ് ബ്രെഡ് ഓംലെറ്റ് ഓർഡർ ചെയ്തു ക്ഷമയോടെ കാത്തിരുന്നു. ആ മനുഷ്യൻ ഓംലെറ്റിൽ ഇടാൻ റൊട്ടി പൊട്ടിക്കുന്നത് അവൾ നോക്കിനിൽക്കെയാണ്, ഒരു രൂപം അവളുടെ അടുത്തേക്ക് വന്നത് . പരുക്കൻ വസ്ത്രം ധരിച്ച അയാൾ ഭക്ഷണം ആവശ്യപ്പെട്ടു. ആവശ്യമായ സാധനങ്ങൾ വാങ്ങാൻ മാത്രമുള്ള

തുകയുമായി ഇറങ്ങിയ സഞ്ജന, മൗനം പാലിച്ചു വീട്ടിലേക്ക് കൊണ്ടുപോകാൻ ഓംലെറ്റ്. പൊതിഞ്ഞു വാങ്ങിയ സഞ്ജന താൻ സമാധാനമായി കഴിക്കുന്ന അവസാനത്തെ അത്താഴമാകുമെന്ന് അറിഞ്ഞിരുന്നില്ല.

ആ രൂപം ഉടുതുണി അഴിച്ച് അസഭ്യം വിളിച്ചു പറയാൻ തുടങ്ങി; അല്ലെങ്കിൽ അവൾക്ക് മനസ്സിലാകാത്ത ഭാഷ പോലെ തോന്നി. അതുകൊണ്ട് അവൾ വാക്കുകൾ ശ്രദ്ധിക്കാൻ ശ്രമിച്ചു. സമീപത്തെ പച്ചക്കറി വണ്ടിയിൽ ആളുകൾ വിലപേശുന്നതിന്റെയും ചെറിയ റോഡിലൂടെ ബൈക്കുകൾ പായുന്നതിന്റെയും ബഹളം താൽക്കാലികമായി സ്തംഭിപ്പിച്ചു കൊണ്ട് അയാളുടെ. അലർച്ച അവൾ കേട്ടു, 'കൊടുക്കു കൊടുക്കൂ. ഇനീം കൊടുക്ക് ഓർക്കു. ഇനിം കൊടുക്ക്!'

തന്റെ 30 വർഷത്തെ ജീവിതത്തിൽ ആദ്യമായി സഞ്ജന താൻ ഉണ്ടാക്കിയ രാക്ഷസനെ കണ്ടു.

മുകളിലുള്ള ആഖ്യാനം ഒരു സാങ്കൽപ്പിക വിവരണമോ നോൺ-ഫിക്ഷനൽ റിപ്പോർട്ടേജോ തിരഞ്ഞെടുപ്പ് നടത്തേണ്ടത് വായനക്കാരിയാണ്. എന്തുതന്നെയായാലും, മേരി ഷെല്ലിയുടെ ഫ്രാങ്കെൻസ്റ്റൈനിലെ ഗോസ്റ്റ് പോലെ രാക്ഷസ രൂപം നമ്മോട് എന്തോ പറയുന്നുണ്ട്. പ്രാദേശിക സാഹിത്യത്തിൽ നമ്മുടെ പരാജയങ്ങൾ കാണിച്ചുതരുന്ന നിരവധി ഉപമകൾ ഉണ്ടെങ്കിലും, ജ്ഞാനോദയം, പ്രവർത്തനങ്ങളുടെയും പുരോഗതിയുടെയും ആധുനിക യുക്തി എന്നിവയെക്കുറിച്ചുള്ള തീവ്രമായ വിമർശനവും സാമൂഹിക വ്യാഖ്യാനവും നിർവഹിക്കുന്ന ഒരു പ്രധാന രൂപകമായി ഫ്രാങ്കെൻസ്റ്റൈൻ അവശേഷിക്കുന്നു. വിക്ടർ ഫ്രാങ്കെൻസ്റ്റൈൻ, പ്രതിഭാശാലിയായ സ്രഷ്ടാവ്, അസാധ്യത നിഷേധത്തിന്റെ മൂർത്തീഭാവമാണ്. അറിവിന് വേണ്ടിയുള്ള തിരച്ചിലിലും ജീവിതത്തെ കാണാനുള്ള ആഗ്രഹത്തിലും, നിർജീവമായ കാര്യങ്ങളെ സജീവമാക്കാൻ അദ്ദേഹം പഠിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ എഴുതിയ, മേരി ഷെല്ലിയുടെ Frankenstein or, The Modern Promestheus ആദ്യത്തെ സയൻസ് ഫിക്ഷൻ നോവലുകളിൽ ഒന്നാണ്. അതിരുകളില്ലാതെ പഠിക്കാനും സൃഷ്ടിക്കാനുമുള്ള അഭിനിവേശത്തോടെ പുറപ്പെട്ട വിക്ടർ ഫ്രാങ്കൻസ്റ്റീൻ എന്ന ശാസ്ത്രജ്ഞന്റെ ദുരന്തകഥയാണ് നോവൽ പറയുന്നത്. ആധുനികതയുടെ (മുതലാളിത്തം, കൊളോണിയലിസം, വ്യാവസായികവൽക്കരണം) അടിസ്ഥാനങ്ങളെ പുസ്തകം വിമർശിക്കുന്നു. എഴുത്തിനെക്കുറിച്ചുള്ള സാഹിത്യവിമർശനമല്ല, മറിച്ച് മേരി ഷെല്ലിയുടെ ഫ്രാങ്കെൻസ്റ്റൈനുമായി ഇട പഴകാനും നമുക്കു ചുറ്റുമുള്ള ജീവിതത്തെ വായിക്കാനുമുള്ള ക്ഷണമാണ് ഈ കുറിപ്പ് .

ഇതിവൃത്തവും പാത്രവിവരണവും ഇഴചേർന്ന് നയിക്കുന്ന കഥയിൽ, ഫ്രാങ്കെൻസ്റ്റൈൻ മടുപ്പിക്കുന്നതും എന്നാൽ സന്തോഷപ്രദവുമായ ഗവേഷണങ്ങൾക്ക് ശേഷം തന്റെ സൃഷ്ടികൾക്ക് ജീവൻ നൽകുന്നു. ആദ്യമായി തന്റെ സൃഷ്ടിയെ അഭിമുഖീകരിക്കുന്ന ഫ്രാങ്കൻസ്റ്റെയ്ൻ പക്ഷെ അതിനെ നികൃഷ്ടമായി അവരോധിച്ചു തള്ളിക്കളയുന്നു. പൊതുവെ മനുഷ്യരാശിയിൽ നിന്ന് ഉപേക്ഷിക്കലിന്റെയും വിസമ്മതത്തിന്റെയും വേദന ഏറ്റെടുക്കാൻ കഴിയാതെ, രാക്ഷസൻ ഫ്രാങ്കെൻസ്റ്റൈന് പ്രിയപ്പെട്ടവരെ ഓരോന്നായി കൊല്ലാൻ തുടങ്ങുന്നു. മൂന്ന് ഭാഗങ്ങളായാണ് കഥ എഴുതിയിരിക്കുന്നത്. റോബർട്ട് വാൾട്ടൺ തന്റെ സഹോദരി ശ്രീമതി സാവില്ലിന് എഴുതിയ കത്തുകളാണ് ആദ്യ ഭാഗത്തിൽ അടങ്ങിയിരിക്കുന്നത്, ഒരു പര്യവേഷണത്തിനിടെയാണ് , വാൾട്ടൻ വിക്ടർ ഫ്രാങ്കൻസ്റ്റീനെ പരിചയപ്പെടുന്നത്. കത്തുകളിലൂടെ വിവരിക്കപ്പെടുന്ന കഥയാണ് രണ്ടാം ഭാഗം , ഫ്രാങ്കെൻസ്റ്റൈന്റെയും രാക്ഷസന്റെയും മരണത്തിന് സാക്ഷ്യം വഹിക്കാൻ വാൾട്ടൺ അവസാന ഭാഗത്തിൽ വീണ്ടും പ്രവേശിക്കുന്നു.

### *ഫ്രാങ്കെൻസ്റ്റീന്റെ ആധുനികത*

ഫ്രാങ്കെൻസ്റ്റൈനിലെ പ്രേതം സമൂഹം എങ്ങനെ ഉണ്ടായി എന്നതിന്റെ ഒരു പ്രതീകമാണ് അല്ലെങ്കിൽ ഭയാനകമായ ഓർമ്മപ്പെടുത്തലാണ്. 16, 17 നൂറ്റാണ്ടുകളിൽ കോപ്പർനിക്കസിന്റെയും ഗലീലിയോയുടെയും കണ്ടെത്തലുകൾ. മതത്തെ വെല്ലുവിളിക്കുന്ന അടിത്തറയായി മാറിയെങ്കിലും, കോഡുകളിലൂടെയും നിയമങ്ങളിലൂടെയും വിമർശനാത്മക യുക്തിവാദം ചിന്താരീതികളിൽ വിള്ളൽ സൃഷ്ടിച്ചു . ഫ്യൂഡലിസത്തിന്റെ പതന തുടർന്നുള്ള ലിബറൽ ബൂർഷ്വാ ഭരണകൂട രൂപീകരണത്തിലൂടെ ജീവിതം സ്വാതന്ത്ര്യത്തിന്റെ ഭാഷയിലേക്ക് പ്രവേശിക്കുകയും മനുഷ്യ പ്രബുദ്ധത അവസ്ഥയിലെത്തുകയും ചെയ്യുന്നത് സ്വതന്ത്രരാകാനുള്ള ഇച്ഛാശക്തി നൽകുന്ന മനുഷ്യർക്ക് ഒരു സാധ്യതയായി മാറുന്നു. ലിംഗാധിഷ്ഠിതവും വംശീയവുമായ തൊഴിൽ വിഭജനം, വർദ്ധിച്ചുവരുന്ന സ്വകാര്യ സ്വത്തുക്കൾ (സ്വകാര്യം മുതൽ പൊതു വരെ), വീടുകളിൽ ഭരണകൂടത്തിന്റെ സാന്നിധ്യം എന്നിവ പ്രത്യക്ഷപ്പെടാൻ തുടങ്ങി രാക്ഷസൻ ജീവിത

ത്തിലേക്ക് വന്നതിന് തൊട്ടുപിന്നാലെ ഫ്രാങ്കെൻസ്റ്റൈൻ ഭയപ്പെടുത്തുന്ന ഒരു സ്വപ്നം വിവരിക്കുന്നതിലൂടെ മേരി വായനക്കാർക്ക് മുന്നിൽ പ്രത്യക്ഷമാക്കുന്നതു കുടുംബാംഗങ്ങളുടെ വ്യക്തിഗത ലൈംഗിക ആകുലതകളാണ് . സ്വപ്നത്തിൽ, ഫ്രാങ്കെൻസ്റ്റൈൻ തന്റെ കസിൻ എലിസബത്തിനെ ചുംബിക്കുന്നു, അമ്മയുടെ മരണശേഷം ആ സ്ഥാനം ഏറ്റെടുക്കുന്നത് എലിസബത്ത് ആണ് എന്നത് ശ്രദ്ധാർഹമായ വസ്തുതയാണ് അമ്മമാരുടെ പെട്ടെന്നുള്ള അഭാവം ഏൽപ്പിക്കുന്ന ആഴമുള്ള മുറിവാക്കുകളും ശ്രദ്ധ പിടിച്ചു പറ്റാനുള്ള പുരുഷന്റെ അഭിനിവേശവും അവരെ ലൈംഗിക അതിക്രമങ്ങളുടെ ഇടങ്ങളിലേക്ക് നയിക്കുന്നു.

'I slept, indeed, but I was disturbed by the wildest dreams. I thought I saw Elizabeth, in the bloom of health, walking in the streets of Ingolstadt. Delighted and surprised, I embraced her, but as I imprinted the first kiss on her lips, they became livid with the hue of death; her features appeared to change, and I thought that I held the corpse of my dead mother in my arms." (Shelly, p. 35)

ജീവിതം ഉപയോഗപ്രദമാണെന്നും ഒരു പരിധി വരെ മിതത്വവും സുഖഭോഗങ്ങളുടെ ഉപയോഗവും ഉപജീവനത്തിന് ആവശ്യമാണെന്നും ഫ്രാങ്കെൻസ്റ്റീനെ ഓർമ്മിപ്പിക്കുന്ന പിതാവ് അൽഫോൺസ് ഫ്രാങ്കെൻസ്റ്റൈൻ ഈഗോയെപ്പോലെയാണ് പ്രവർത്തിക്കുന്നത്.

'...but is it not a duty to the survivors that we should refrain from augmenting their unhappiness by an appearance of immoderate grief?" (Shelly, pg 61) Control over the libido and making pathways to release it aimed at advancement of humankind is a tenet of modernity. "It is also a duty owed to yourself, for excessive sorrow prevents improvement or enjoyment, or even the discharge of daily usefulness, without which no man is fit for society.' (Shelly, p. 61)

കാൾ മാർക്സ് തന്റെ ദാസ് കാപ്പിറ്റൽ ( Capital) എന്ന കൃതിയിൽ ഈ നിരീക്ഷണം മുന്നോട്ടു വെക്കുന്നുണ്ട്. മനുഷ്യജീവിതത്തെ ഭൗതികപ്രക്രിയകളിലൂടെ നിർവചിക്കുന്ന അദ്ദേഹം , സമൂഹം നിലകൊള്ളുന്നതും മാറുന്നതും അധ്വാനത്തിലൂടെയാണെന്നു വിവക്ഷിക്കുന്നു. ഈ തരത്തിൽ അധ്വാനം വിറ്റു ജീവിക്കുന്ന മനുഷ്യർ ഈ പ്രക്രിയയിലൂടെ വിവിധങ്ങളായ ഉത്പ്പാദന ബന്ധങ്ങളിലേക്കു പ്രവേശിക്കുന്നതായും മാർക്സ് നിരീക്ഷിക്കുന്നു. പിയറി ബൂർഡിയുവിനെപ്പോലുള്ള പിൽക്കാല മാർക്സിസ്റ്റുകൾ വാദിക്കുന്നത് ഉൽപ്പാദനം എന്നത് നമ്മൾ ഉപയോഗിക്കുന്ന ഭൗതിക വസ്തുക്കളെ മാത്രമല്ല, സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ലോകങ്ങളിലെ ബന്ധങ്ങളിലൂടെ നാം ശേഖരിക്കുന്ന ചരിത്രങ്ങൾ കൂടെ ഉൾച്ചേർന്നതാണ് എന്നതാണ് . ഈ ദുരിതങ്ങൾ പങ്കുവയ്ക്കാൻ ഒരു പെൺ രാക്ഷസനെ സൃഷ്ടിക്കാൻ ഫ്രാങ്കെൻസ്റ്റൈനിനോട് രാക്ഷസൻ അഭ്യർത്ഥിക്കുന്നതിലൂടെ മേരി നമ്മോട് വെളിപ്പെടുത്തുന്നതും സമൂഹം ഉൽപാദനത്തിന്റെ ഭാഗമാകേണ്ടതിന്റെ ആവശ്യകതയാണ് . 'Like Adam, I was created apparently united by no link to any other being in existence...You must create a female for me, with whom I can live in the interchange of those sympathies necessary for my being." (Shelly, pg 92) .

## *കേരളത്തിലെ ഫ്രാങ്കെൻസ്റ്റീൻ*

ഫ്രാങ്കെൻസ്റ്റൈനെ ഇന്ത്യയിലേക്ക് സാന്ദർഭികമാക്കുക എന്നത് ഒരു വലിയ കടമയാണ്, അതിന് ഈ ലേഖനം മതിയാകില്ല ഹിന്ദു ഫാസിസിസ്റ്റ് ഭരണകൂടത്തിന് കീഴിൽ, ഇടതുപക്ഷ മുന്നണി ഭരിക്കുന്ന സംസ്ഥാനം എന്ന നിലയിൽ കേരളത്തെ നിരീക്ഷിക്കുന്നത്, മേൽ വിവരിച്ച രീതിയിലുള്ള സങ്കീർണമായ പല ആനുകാലിക പ്രശ്നങ്ങളെയും അപഗ്രഥിക്കാൻ സഹായകരമാകുമെന്ന് ഞാൻ കരുതുന്നു . കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് എന്ന പദം ഉപയോഗിക്കാതെ ജാഗ്രത പാലിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, കാരണം ആധുനിക ഭരണകൂടത്തിന്റെ ഉൽപന്നമെന്ന നിലയിൽ അതിന്റെ പ്രധാന സ്വഭാവം കമ്മ്യൂണിസത്തിലുപരി ലിബറൽ പ്രത്യയ ശാസ്ത്രത്തിൽ അധിഷ്തിതമാണ്. . ഒരു സമൂഹമെന്ന നിലയിൽ പൊതുവായ കാര്യങ്ങൾ (മാനദണ്ഡങ്ങൾ, വിഭവങ്ങൾ, പരിഹാരങ്ങൾ) എന്താണെന്ന് നിർവചിക്കുമ്പോൾ നാം വസ്തുനിഷ്ഠമായതിൽ നിന്ന് ആത്മനിഷ്ഠതയിലേക്ക് നീങ്ങുന്നത് ശ്രദ്ധിക്കേണ്ടതാണ്. വിവിധ ദൗർബല്യങ്ങളെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ അംഗീകരിക്കേണ്ടതുണ്ട്, തുടർന്ന് ആലോചനകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ സമ്പ്രദായങ്ങൾ ഇല്ലാതാക്കാൻ കഴിയുമെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയണം. മാറുന്ന സാമ്പത്തിക സാഹചര്യങ്ങളിൽ (അങ്ങനെ സാമൂഹികമായ) അവസ്ഥകളിൽ നിന്ന് കേരളവും മുക്തമല്ല.

*നവോത്ഥാനത്തിന്റെ ജാതി*

വ്യവസായവൽക്കരണം, നഗരവൽക്കരണം, അന്യവൽക്കരണം, സാമൂഹികവും സാംസ്കാരികവുമായ ഘടനയുടെ ക്രമാനുഗതമായ ശിഥിലീകരണം എന്നിങ്ങനെയുള്ള നവോത്ഥാന കാല ആഖ്യാനങ്ങളെ ചെറുക്കാൻ റൊമാന്റിക്കുകൾ പ്രകൃതിയെയും സൗന്ദര്യത്തെയും മുറുകെപ്പിടിച്ചു. മേരി ഷെല്ലിയുടെ ഫ്രാങ്കെൻസ്റ്റൈൻ ഇവ രണ്ടും തമ്മിലുള്ള പരിവർത്തനമാണ്, അതിനാലാണ് പ്രകൃതിയോട് ചേർന്ന് ജീവിതം എന്ന കാമന നിരന്തരം പ്രതിപാദ്യ വിഷയമാകുന്നത്.

ഐടി പാർക്കുകൾ, കെ-റെയിൽ, വിഴിഞ്ഞം പോർട്ട് തുടങ്ങിയ വൻകിട പ്രോജക്ടുകൾ ആഗോള മുതലാളിത്തത്തിന്റെ ആജ്ഞകളോടുള്ള നവലിബറൽ കേരളത്തിന്റെ പ്രതികരണങ്ങളാണ്. നവ ലിബറൽ കാലത്ത് പുരോഗതി, മൊബിലിറ്റി, സാമ്പത്തിക വളർച്ച എന്നിവ സൂചിപ്പിക്കുന്ന ആധുനികതയുടെ വരവ് ഇത്തരത്തിലുള്ള വികസന പദ്ധതികളിലൂടെയാണ്.

മേരിയുടെ സെഫിയയുടെ സൃഷ്ടിയും പ്രേതത്തിന്റെ അപരവൽക്കരണവും ഒരു അന്യാപദേശം ആയി ഉപയോഗിക്കാവുന്നതാണ് . കമ്മ്യൂണിസ്റ്റാകുന്നതു കൊണ്ടു മാത്രം ഒരാൾ സ്വാഭാവികമായും ജാതി വിരുദ്ധ അല്ലെങ്കിൽ ഫാസിസ്റ്റ് വിരുദ്ധ അല്ലെങ്കിൽ ഇസ്ലാമോഫോബിയക്ക് എതിര് നിൽക്കുന്ന രാഷ്ട്രീയം സ്വായത്തമാക്കുന്നില്ല എന്ന് മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു അന്യാപദേശം. ഇടതുപക്ഷത്തിനും അപരനെ ആവശ്യമുണ്ട്. ഈ അപരവത്ക്കരണത്തിൽ ദൃശ്യമാവുന്ന ആദ്യത്തെ അപരനിർമിതി യാഥാസ്ഥിതിക തീവ്ര വലതുപക്ഷ വിഭാഗങ്ങളെക്കുറിച്ചാണ്. രണ്ടാമത്തേത് ന്യൂനപക്ഷ സമുദായത്തിനുള്ളിൽ ഉണ്ടാകുന്ന നിർമിതികളാണ് - മോശം കമ്മ്യൂണിസ്റ്റ്, മോശം മുസ്ലീം, ഇരയാക്കപ്പെട്ട സ്ത്രീ മുതലായവ.

ഒരു ലിബറൽ ജനാധിപത്യത്തിൽ, സമത്വത്തിന്റെ ഭാഷ (ആധുനികതയിൽ നിന്ന് രൂപപ്പെടുത്തിയത്) തരം തിരിവായി മാറുന്നു, അവസരങ്ങളിലൂടെയോ പ്രവേശനത്തിലൂടെയോ പ്രാതിനിധ്യത്തിലൂടെയോ സമത്വം വ്യാപിക്കുന്നുണ്ടെങ്കിലും, അത് ജാതിമനസ്സിനെ പ്രശ്നവത്ക്കരിക്കുന്നില്ല ദക്ഷിണേഷ്യൻ സമൂഹത്തെ നിർവചിക്കുന്ന യാഥാർഥ്യമായ ജാതി അധിഷ്ഠിതമായിരിക്കുന്നത് വിശുദ്ധി, ദൈനംദിന അക്രമം, മൂർത്തിവൽകരണം തുടങ്ങിയ പരികല്പനങ്ങളിലും പ്രക്രിയകളിലുമാണ്. ശബരിമല വിവാദവുമായി ബന്ധപ്പെട്ട മേൽജാതി ഏകീകരണം ജാതി-വർഗ-ലിംഗഭേദം എന്ന മാട്രിക്സിനുള്ളിൽ പൗരത്വത്തിന്റെയും വർഗത്തിന്റെയും ഒരു പുതിയ രൂപം സൃഷ്ടിക്കുന്നു.

*ഡിജിറ്റൽ ഫ്രാങ്കെൻസ്റ്റീൻ*

പാർശ്വവൽക്കരിക്കപ്പെട്ട ശരീരങ്ങളുടെ സാധുത തീരുമാനിക്കാൻ ജൈവാധികാരം ശ്രമിക്കുന്നു. ഒരു തൊഴിലാളിവർഗ പാർട്ടിയുടെ സത്തയെ മാനുഷിക/വ്യക്തിത്വ സത്തയിലേക്ക് ചുരുക്കുക എന്നത് വ്യക്തിവാദത്തിന്റെ പ്രവർത്തനമാണ് - ഇതാണ് മുതലാളിത്തത്തിന്റെ ശ്വാസവും ആത്മാവും. അതുകൊണ്ടാണ് ദക്ഷിണേഷ്യൻ സമൂഹങ്ങൾ ജാതിയാൽ നിർവചിക്കപ്പെട്ടിരിക്കുന്നത്. നവോത്ഥാനത്തിന്റെ അർത്ഥതലങ്ങൾ എന്ത് എന്ന ചോദ്യത്തിന് പുരോഗതി എന്താണെന്നതിന്റെ ആശയവൽക്കരണത്തിന് ജാതിയെ ഒഴിവാക്കാനാവില്ല ; സഹവർത്തിത്വം, പെരുമാറ്റ രീതികൾ അല്ലെങ്കിൽ ജാതി നവോത്ഥാനത്തെ പോലും നിർവചിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ നവലിബറൽ ആധുനികത സൃഷ്ടിക്കുന്ന പുതിയ തരത്തിലുള്ള ജാതി രൂപങ്ങൾ എന്തൊക്കെയാണ്?

**കമ്മ്യൂണിസ്റ്റാകുന്നതു കൊണ്ടു മാത്രം ഒരാൾ സ്വാഭാവികമായും ജാതി വിരുദ്ധ അല്ലെങ്കിൽ ഫാസിസ്റ്റ് വിരുദ്ധ അല്ലെങ്കിൽ ഇസ്ലാമോഫോബിയക്ക് എതിര് നിൽക്കുന്ന രാഷ്ട്രീയം സ്വായത്തമാക്കുന്നില്ല എന്ന് മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു അന്യാപദേശം. ഇടതുപക്ഷത്തിനും അപരനെ ആവശ്യമുണ്ട്. ഈ അപരവത്ക്കരണത്തിൽ ദൃശ്യമാവുന്ന ആദ്യത്തെ അപരനിർമിതി യാഥാസ്ഥിതിക തീവ്ര വലതുപക്ഷ വിഭാഗങ്ങളെക്കുറിച്ചാണ്. രണ്ടാമത്തേത് ന്യൂനപക്ഷ സമുദായത്തിനുള്ളിൽ ഉണ്ടാകുന്ന നിർമിതികളാണ് - മോശം കമ്മ്യൂണിസ്റ്റ്, മോശം മുസ്ലീം, ഇരയാക്കപ്പെട്ട സ്ത്രീ മുതലായവ.**

ഇത്തരത്തിൽ നവ ലിബറൽ മുതലാളിത്തത്തിന്റെ യുക്തിബന്ധങ്ങളെ ചേർത്ത് വായിച്ചാൽ വിഴിഞ്ഞം ഹാർബറിലെ പ്രതിഷേധങ്ങളെ, കെആർ എൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർഥികളുടെ ചെറുത്തുനിൽപ്പിൽ നിന്ന് ഒറ്റപ്പെടുത്താനാകില്ല. തീരദേശത്ത് നിന്ന് മത്സ്യത്തൊഴിലാളികളെ കുടിയൊഴിപ്പി

ക്കുന്നത് ഉപജീവനമാർഗ്ഗം മാത്രമല്ല, സാമൂഹിക ഐക്യം (സമൂഹം) നഷ്ടപ്പെടുന്നതിനും സാമൂഹിക അധികാരവും വിഭവങ്ങളും സാമൂഹിക മൂലധനങ്ങളും ശോഷിക്കുന്നതിനും ഇടയാക്കും. ഒരു സമുദായത്തിന് നേരെയുള്ള ആക്രമണം, നിലവിലുള്ള തൊഴിൽ വിപണിയിൽ നിന്ന് അവരെ തട്ടി മാറ്റുക മാത്രമല്ല, വിദ്യാഭ്യാസം, മെച്ചപ്പെട്ട ആരോഗ്യം, അടിസ്ഥാനപരമായി ഈ ലോകത്ത് ജീവിക്കാനുള്ള പരമാധികാരം ഒരേസമയം തട്ടിയകറ്റുകയും ചെയ്യും. വളർന്നുവരുന്ന നവോത്ഥാനത്തിന്റെ ഫലമായി സമുദായങ്ങൾ നിരന്തരം കുടിയൊഴിപ്പിക്കപ്പെടാൻ പോകുകയാണെങ്കിൽ, ആ സമുദായങ്ങളിലെ കുട്ടികൾ അന്തസ്സോടെ ജീവിക്കാൻ ആവശ്യമായ വിദ്യാഭ്യാസം എവിടെ, എങ്ങനെ നേടും?

സംഘർഷങ്ങൾ പലപ്പോഴും അടിച്ചമർത്തപ്പെട്ട ഉത്ക്കണ്ഠകൾക്കു പുതിയ രൂപം നൽകുന്നതായും നമുക്ക് കാണാം. ഉദാഹരണത്തിന്, ശബരിമല വിവാദം ജാതിമതഭേദമെന്യേ യാഥാസ്ഥിതിക വിഭാഗ വോട്ടുകളെ ഏകീകരിക്കുകയുംസിപിഎമ്മിന്റെ വോട്ട് വിഹിതത്തെ ബാധിക്കുകയും ചെയ്തു എന്ന് പരക്കെ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. മേൽ വിവരിച്ച രാഷ്ട്രീയ സന്ദർഭങ്ങളിലൂടെ നമുക്ക് കാണാൻ കഴിയുന്നത്, ജാതിയുടെ ഉന്മൂലനമല്ല മറിച്ചു പുതിയ ജാതി രൂപീകരങ്ങൾ സൃഷ്ടിക്കുകയും, അത് വഴി പുത്തൻ പൗരത്വരൂപങ്ങളെ നിർമ്മിക്കുകയുമാണ്. ഈ പൗരത്വ രൂപങ്ങൾ വ്യാപകമായി ഡിജിറ്റൽ/ നവ മാധ്യമ ഇടങ്ങളിൽ ആധിപത്യം നേടുന്നതും നാം കാണുന്നുണ്ട്

ഈ ഭൗതിക യാഥാർഥ്യങ്ങൾക്കിടയിലും, ജനാധിപത്യത്തെ പുനർനിർവചിക്കാനും തീരുമാനിക്കാനും ശക്തിയുള്ള ഡാറ്റയുടെ ഒരു ലോകമുണ്ട്. ജീവിത നിർണായകമായ ശക്തി കൈയാളുന്ന അൽഗോരിതങ്ങൾ. ഇന്റർനെറ്റിന്റെ അതിശക്തമായ സാന്നിധ്യം മുതൽ മൊബൈൽ ഫോൺ നമ്പരുകളിലെ ഭരണകൂട അധികാരങ്ങളെക്കുറിച്ചുള്ള രഹസ്യ പരാമർശം വരെ, ഫ്രാങ്കെൻസ്റ്റൈൻ നിർമ്മിച്ച കാതലായ സിര കൃത്രിമമാണ്, അതിനാൽ അപകടകരമാണ്.

'The survival and success of surveillance capitalism depends upon engineering collective agreement through all available means while simultaneously ignoring, evading, contesting, reshaping, or otherwise vanquishing laws that threaten free behavioral surplus." (Zuboff, pg 105)

Google, Meta അല്ലെങ്കിൽ Cambridge Analytica പോലുള്ള മറ്റ് സ്ഥാപനങ്ങൾ നടത്തുന്ന നിരീക്ഷണം വളരെ സൂക്ഷ്മതലത്തിൽ ഉള്ളതാണ്, ഇത് ഇത്തരം ഇടങ്ങളുടെ സാമൂഹികവും ജനാധിപത്യപരവുമായ ഘടനയെ ദുർബലപ്പെടുത്തുന്നു.

"Technical experts in Canada, France, and the Netherlands discovered that the payload data (personal information grabbed from unencrypted Wi-F- transmissions by Google) includes names, telephone numbers, credit information, passwords, messages, e-mails, and chat transcripts, as well as records of online dating, pornography, browsing behavior, medical information, location data, photos, and video and audio files. They concluded that such data packets could be stitched together for a detailed profile of an identifiable person." (Zuboff, pg 143)

സാമൂഹ്യ മാധ്യമങ്ങളിലെ പ്രൊഫൈലുകളെ സൂക്ഷമമായി നിരീക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന ഈ വിവര സഞ്ചയം മനുഷ്യന്റെ തന്നെ ശ്രദ്ധയെ അപഹരിക്കാനും, ഒതുക്കുവാനും ഉപയോഗപ്പെടുത്തുന്നു. ഈ behavior surplus പിടിച്ചെടുക്കുകയും അവയെ വിൽപ്പനയിലേക്ക് മാറ്റുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. പേലോഡ് ഡാറ്റ വിൽക്കാൻ മാത്രമല്ല, തിരഞ്ഞെടുപ്പ് പോലുള്ള എഞ്ചിനീയറിംഗ് ജനാധിപത്യ സംവിധാനങ്ങൾക്കും, ഒളിഞ്ഞുനോക്കാനും തടവിലാക്കാനും ഭരണകൂടം സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുമ്പോൾ ഇത് കൂടുതൽ അപകടകരമാണ്.

ഫ്രാങ്കെൻസ്റ്റീൻ നീട്ടിയ പരീക്ഷണ ചിന്താശകലത്തിന്റെ പ്രധാന ധമനിയിൽ നിന്ന് താഴേക്ക് ഒഴുകാൻ ഒരു അപ്രഖ്യാപിത അടിയന്തരാവസ്ഥ, ഭക്ഷ്യപ്രതിസന്ധി, ആഗോള മാന്ദ്യം, കേരളത്തിന്റെ വിചിത്രമായ പ്രതിസന്ധി തുടങ്ങിയ പല സന്ദിഗ്ധ സാദ്ധ്യതകൾ നിലനിൽക്കുമ്പോൾ , അതിജീവനത്തിന്റെ വഴികളെക്കുറിച്ച് ചിന്തിക്കുകയും നമുക്ക് ചുറ്റുമുള്ള പ്രേതങ്ങൾ പറയുന്നത് ശ്രദ്ധിക്കുകയും വേണം.

**സഹായകഗ്രന്ഥങ്ങൾ**

Shelly, Mary. *Frankenstein or The Modern Prometheus*. Martino Fine Books. 2016.

Zuboff, Shoshana. *The Age of Surveillance Capitalism*. Hachette Book Group. 2019.

Marx, Karl. *Das Kapital*. Edited by Friedrich Engels, Regnery Publishing, 1996.

Foucault, Michel. *History of Sexuality,* Volume 1. Vintage Books Edition. 1980.

Bourdieu, Pierre. *Forms of Capital: General Sociology,* Volume 3: Lectures at the Collège de France 1983 - 84. 1986.

പെൺപക്ഷം



അജിത കെ.

# മുസ്ലിം സ്ത്രീകളുടെ അവകാശപ്പോരാട്ടങ്ങൾ പുതിയ തലത്തിലേക്ക്




ഈ വരുന്ന ഞായറാഴ്ച രാവിലെ 10 മണിമുതൽ വൈകീട്ട് 5 മണിവരെ കോഴിക്കോട് ടൗൺ ഹാളിൽവെച്ച് ചരിത്ര പ്രധാനമായ ഒരു സമ്മേളനം നടക്കുന്നു. സ്വതന്ത്ര ഇന്ത്യയിലെ മത വ്യക്തിനിയമങ്ങൾ സൃഷ്ടിച്ചത് ബ്രിട്ടീഷുകാരാ ണല്ലോ. കാലാകാലങ്ങളിൽ ഹിന്ദു വ്യക്തിനിയമവും ക്രിസ്ത്യൻ വ്യക്തിനിയമവും അനന്തരാവകാശത്തിൽ സ്ത്രീ പുരുഷ തുല്യത ഉറപ്പുവരുത്തുന്ന പരിഷ്ക്ക രണങ്ങൾക്കു വിധേയമായെങ്കിലും, മുസ്ലിം വ്യക്തിനിയമത്തിൽ ഒരു തരത്തിലുള്ള പരിഷ്ക്കരണങ്ങളും വരുത്താൻ മത പൗരോഹിത്യം അനുവദിച്ചതേയില്ല.

ഷബാനു കേസിന്റെ കാലത്തു തലാക് ചൊല്ലപ്പെട്ട ഭാര്യക്ക് ജീവനാംശം നൽകാൻ കോടതി വിധിയായത്. അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധി ചില പരിഷ്കാരങ്ങളൊക്കെ കൊണ്ടുവന്നെങ്കിലും അപ്പോഴേക്ക് മത യാഥാസ്ഥിതിക്കാരുടെ ശക്തമായ പ്രതിഷേധവും അരങ്ങേറി. അതോടെ മുസ്ലിം വ്യക്തിനിയമങ്ങളിലെ സ്ത്രീ വിവേചനം കാരണം നരകയാതന അനുഭവിക്കുന്ന മുസ്ലിം സ്ത്രീകൾക്ക് നിയമത്തിന്റെ യാതൊരു സഹായവും കിട്ടിയില്ല.

അതെ, ബഹുഭാര്യത്വവും മുത്തലാക്കും സ്ത്രീധന സമ്പ്രദായവും എല്ലാം ചേർന്നു നടുവൊടിക്കപ്പെട്ട മുസ്ലിം സ്ത്രീകൾ ഉയർത്തെഴുന്നേൽക്കുന്നു. അവരോടൊപ്പം, ഈ പോരാട്ടത്തിന് മുൻകൈയെടുത്ത നിസ എന്ന സ്ത്രീ സംഘടനയോടും മുസ്ലിം വിമൻസ് ജൻഡർ ജസ്റ്റിസി നോടും ഞാനും അന്വേഷിയും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.






ഡോ.ജാൻസി ജോസ്



# സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ച് നമുക്കിങ്ങനെ പറഞ്ഞു കൊണ്ടിരിക്കാം


മാർച്ച് മാസം സ്ത്രീകളുടെ നേട്ടങ്ങളെ വിലയിരുത്തുന്ന മാസമാണല്ലോ? സ്ത്രീകൾ പുറത്തിറങ്ങുന്നു, വരുമാനം കൊണ്ടു വരുന്നു, വീട്ടുകാര്യങ്ങൾ നോക്കുന്നു, കുട്ടികളെ നോക്കുന്നു, വയോജനങ്ങളെ നോക്കുന്നു... ഇങ്ങനെ വീടുമായ് ബന്ധപ്പെട്ട് മുക്കാൽ ഭാഗം ജോലികളും ചെയ്യുകയും അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം ഒരു വെള്ളം പോലും കുടിക്കാതെ വീട്ടിലേക്ക് ചെലവഴിക്കുകയും ചെയ്തു വരുന്നു. എന്നിട്ടും ഒരു സിനിമ കാണാൻ പോവണമെങ്കിൽ, ഒരു സുഹൃത്തിനെ കാണാൻ പോവണമെങ്കിൽ, തന്റെ ശമ്പളം കൊണ്ട് ഒരു സാരി വാങ്ങണമെങ്കിൽ ഭർത്താവിനോടോ മകനോടോ ചോദിക്കണം ജീവിതത്തിലെ പ്രധാന കാര്യങ്ങൾ എല്ലാം മറ്റുള്ളവരുടെ അനുവാദവും അഭിരുചിയും ആവശ്യമായി വരുന്ന സ്വാതന്ത്ര്യത്തെ എങ്ങനെ സ്വാതന്ത്യം എന്നു വിളിക്കും?

പാരതന്ത്ര്യത്തിന്റെ കെട്ടഴിഞ്ഞ അവസ്ഥയിലാണ് സ്ത്രീകളിപ്പോൾ. ഇനിയെത്ര കാലം വേണ്ടി വരും ആ കെട്ട് അഴിഞ്ഞഴിഞ്ഞ് ഇല്ലാതാവാൻ ! കെട്ടുപൊട്ടിക്കാൻ നൂറ്റാണ്ടുകാലമെടുത്തിട്ടുണ്ട് എന്ന് ഓർക്കേണ്ടതുണ്ട്. സ്ത്രീകൾക്കു വേണ്ടി ഒത്തിരിയൊത്തിരി പദ്ധതികൾ ഗവണ്മന്റ് നടപ്പിലാക്കുന്നുണ്ട് നല്ല കാര്യം. സ്ത്രീകൾക്ക് ഏതു പദ്ധതി ആവശ്യമാണെന്ന് ആര് മനസിലാക്കും ? ആരു തീരുമാനിക്കും? ആരു നടപ്പാക്കും ? ആരു ചുക്കാൻ പിടിക്കും? ഈ കാര്യങ്ങളിലെങ്കിലും നമ്മുടെ സമീപനം മാറാതെ സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് വല്ലതും പറഞ്ഞിട്ട് കാര്യമുണ്ടോ ? ആവോ? കാര്യമുണ്ടെങ്കിലുമില്ലെങ്കിലും സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ച് നമുക്കിങ്ങനെ പറഞ്ഞോണ്ടിരിക്കാം.





# ഈ സീബ്രാ ക്രോസിങ്ങ് സീബ്രകൾക്കുള്ളതോയെന്ന് നമ്മൾ തമാശ പറയുമ്പോൾ



**പ്രസന്ന ആര്യൻ**
എഴുത്തുകാരി, ചിത്രകാരി. ഡൽഹി ലളിത കലാ അക്കാദമിയിലും മറ്റുപലയിടങ്ങളിലുമായി ചിത്രങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്.

ഒരു കടലോളമാഴമൊളിപ്പിച്ച്
മലയോളം പൊങ്ങിത്താണ്
ഉരുൾപൊട്ടലോളം കുത്തൊഴുക്ക് വാരിപ്പിടിച്ച്
കൊടുങ്കാറ്റത്രയും വീശിപ്പാറ്റി
കാടുപോൽ ചികപൊട്ടിനിറഞ്ഞ്
കാട്ടുതീപോലാഞ്ഞുപിടിച്ച്
കണ്ണടച്ചൊരമ്മ
ആദ്യംവലത്തോട്ടു നോക്കാതെ
പിന്നെ ഇടത്തോട്ടു നോക്കാതെ
ഓടിയിറങ്ങി .
നടുറോട്ടിൽ
തട്ടാതെ
മുട്ടാതെത്തി
പൊട്ടിച്ചിതറാതെ .....
ചിതറിയിരുന്നെങ്കിൽ
കടലെങ്ങിനെ ഒഴുക്കിക്കളയുമായിരുന്നെന്ന്
മലയെങ്ങിനെ നിരത്തിയെടുക്കുമായിരുന്നെന്ന്
പൊട്ടിയ ഉരുളെങ്ങിനെ തിരിച്ചടുക്കുമെന്ന്
കാടിനെയെങ്ങിനെ വെട്ടിക്കുറയ്ക്കുമെന്ന്
കൊടുങ്കാറ്റിനെയെങ്ങിനെ വിശറിക്കുള്ളിലൊതുക്കുമായിരുന്നെന്ന്
കാട്ടുതീയെങ്ങിനെ ഊതിക്കെടുത്തുമായിരുന്നെന്ന്
വിയർത്തുവിയർത്ത്
പുഴയായി കടലായി മേഘമായി മഴയായി.....

ചിത്രങ്ങൾ : പ്രസന്ന ആര്യൻ



കഞ്ഞി വെയ്ക്കുന്നവൾ



വെള്ളത്തെ തൊട്ടു നോക്കുന്നവൾ



ഉള്ളത്തിനൊപ്പം ഉടൽ പാതി ഓടിപ്പോയവൾ



മൂർച്ച നോക്കുന്നവൾ

**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ



# ബഹിരാകാശപ്പറക്കലിനൊരുങ്ങി റയ്യാന ബർനാവി



സൗദി അറേബ്യയിൽ നിന്നുള്ള ആദ്യ വനിതാ ബഹിരാകാശ സഞ്ചാരിയാകാനുള്ള തയ്യാറേടുപ്പുകൾ പൂർത്തിയാക്കി വാർത്തകളിൽ നിറഞ്ഞിരിക്കുകയാണ് റയ്യാന ബർനാവി. ഈ വരുന്ന ജൂണിലാണ് സൗദി അറേബ്യയുടെ രണ്ടാമത്തെ ബഹിരാകാശ ദൗത്യത്തിൽ പങ്കാളിയായി ബഹിരാകാശത്തേക്ക് കുതിച്ച് മുപ്പത്തിമൂന്നു വയസ്സുകാരിയായ ഈ വനിത ചരിത്രം കുറിക്കാനൊരുങ്ങുന്നത്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള എ എക്സ് -2 എന്ന ദൗത്യസംഘത്തിലേക്കാണ് റയ്യാന തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

യു.എ.ഇ യുടെ പാത പിന്തുടർന്നുകൊണ്ട് വിഷൻ-2030 പദ്ധതി തയ്യാറാക്കി ബഹിരാകാശരംഗത്ത് കുതിപ്പിനൊരുങ്ങുകയാണ് സൗദി അറേബ്യ. യു.എ.ഇ 2019-ൽ മനുഷ്യരെ ബഹിരാകാശത്തേക്ക് അ

യച്ചതോടെ മനുഷ്യരെ ബഹിരാകാശത്തേക്ക് അയക്കുന്ന ആദ്യ അറബ് രാജ്യം എന്ന റെക്കോഡ് യു.എ.ഇ ക്ക് സ്വന്തമായി. റയ്യാനയുടെ ബഹിരാകാശ യാത്ര ബഹിരാകാശം സ്വപ്നം കാണുന്ന വനിതകൾക്ക് അളവില്ലാത്ത പ്രചോദനമേകുമെന്നും കൂടുതൽ വനിതകൾ ഈ രംഗത്തേക്ക് കടന്നുവരുമെന്നും ഉറപ്പ്. നാലു പേർ ഉൾപ്പെടുന്ന എ എക്സ്-2 ദൗത്യത്തിൽ റയ്യാനക്കൊപ്പം സൗദിയിൽ നിന്നും തന്നെയുള്ള അലി അൽഖർണിയുമുണ്ട്. യു.എസ്സിലെ ഫ്ലോറിഡയിലുള്ള നാസയുടെ കെന്നഡി സ്പേസ് സെന്ററിൽ നിന്നാണ് ഈ ദൗത്യസംഘം ബഹിരാകാശത്തേക്ക് കുതിക്കുക.

യു.എസ്സിലെ ആക്സിയോം സ്പേസ് കമ്പനിയുമായി കൈകോർത്തുകൊണ്ടുള്ള ഈ ദൗത്യത്തിൽ സ്പേസ് എക്സിന്റെ ഡ്രാഗൺ ബഹിരാകാശ പേടകത്തിൽ ഫാൽക്കൺ -9 റോക്കറ്റിലേറിയാണ് ഇവർ ബഹിരാകാശ നിലയത്തിലേക്ക് യാത്ര തിരിക്കുക. ഇതോടെ ബഹിരാകാശ ഗവേഷണരംഗത്ത് സാന്നിധ്യമറിയിക്കാനുള്ള സൗദിയുടെ ശ്രമങ്ങൾ ലോകശ്രദ്ധ നേടിക്കഴിഞ്ഞു.  നാസയുടെ ആസ്ട്രോനോട്ട് ആയിരുന്ന പെഗ്ഗീ വിറ്റ്സൺ എന്ന വനിതയും ഈ ദൗത്യത്തിലുണ്ട്. പെഗ്ഗിയുടെ നാലാമത്തെ ബഹിരാകാശ യാത്രയാണിത്. ടെന്നീസിയിലെ ബിസിനസ്സുകാരനായ ജോൺ ഷോഫ്നറും ദൗത്യസംഘത്തിലുണ്ട്.



ബയോമെഡിക്കൽ വിദഗ്ദ്ധയായ റയ്യാന പത്തു ദിവസം നീളുന്ന ബഹിരാകാശ ദൗത്യത്തിൽ നിർണ്ണായകമായ പല പരീക്ഷണങ്ങൾക്കും നേതൃത്വം നൽകും. കാൻസർ സ്റ്റെം സെൽ ഗവേഷണത്തിൽ വർഷങ്ങളുടെ പരിചയമുണ്ട് റയ്യാനയ്ക്ക്. ന്യൂസിലന്റിൽ നിന്നാണ് ഇവർ ബയോമെഡിക്കൽ സയൻസിൽ ബിരുദം നേടിയത്. തുടർന്ന് റിയാദിലെ അൽ ഫൈസൽ സർവ്വകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി. ബഹിരാകാശം കൈയെത്തിപ്പിടിക്കുകയെന്ന സ്വപ്നം ഉള്ളിൽക്കൊണ്ടുനടന്നിരുന്ന ഈ ഗവേഷകയ്ക്ക് സ്വപ്നസാക്ഷാൽക്കാരം കൂടിയാണ് ഈ ബഹിരാകാശയാത്ര. പല രംഗത്തും സ്ത്രീകൾക്ക് കടുത്ത നിയന്ത്രണങ്ങളുണ്ടായിരുന്ന സൗദിയിൽ നിന്നും ഒരു വനിത ബഹിരാകാശത്തേക്ക് പറക്കുന്നത് ആകാശത്തിനുമപ്പുറം സ്വപ്നം കാണുന്ന വനിതകൾക്ക് പ്രതീക്ഷയുടെ പുത്തൻ ചിറകുകളാണ് നൽകുന്നത്.


പുതിയ കാലത്തെ
സ്ത്രീയെ
പുനർനിർവ്വചിക്കുന്ന
സ്ത്രീപക്ഷ മാസിക
വായിക്കാം സംഘടിതയിലൂടെ
www.sanghaditha.com